
# താമരമൊട്ടുകൾ

വാല്യം 25 | ജൂലൈ 2023 | ലക്കം 07 | Price ₹20



എന്റെ കർത്താവേ... എന്റെ ദൈവമേ...

## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## July 2023

| | | |
|---|---|---|
| 02 | 09.00 | Malaparambu |
| | 11.00 | Perinthalmanna |
| | 12.15 | Panthallur |
| 03 | | Office Day |
| | 17.30 | East Hill |
| 04 | | Ernakulam |
| 05 | 09.30 | Thamarassery |
| 07 | 06.30 | PMOC |
| 08 | 06.30 | Vettilappara |
| | 10.30 | Kodanchery |
| | 16.00 | Paroppady |
| 09 | 07.45 | Kundayithode |
| 09-14 | | Pullooorampara |
| 15 | 06.30 | Thamarassery |
| | 12.00 | Thalayad |
| 16 | 07.30 | Mailellampara |
| 17 | 10.00 | Thamarassery |
| 18 | 10.00 | Thamarassery |
| 19 | 10.00 | Bethania |
| | 16.00 | Malaparambu |
| 20 | 11.00 | Bharananganam |
| 22 | 18.00 | Marikkunnu |
| 23 | 07.30 | Kakkavayal |
| 24 | | Office Day |
| 25 | 06.30 | Thamarassery |
| 26 | | Thamarassery |
| 28 | 10.30 | Valiyakolly |
| 29 | 10.00 | Trivandrum |
| 30 | 09.00 | Bangalore |
| 31 | 10.00 | Eranakulam |

വാല്യം 25 താമരമൊട്ടുകൾ ജൂലൈ 2023 ലക്കം 07


# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.
തോമസ് പറഞ്ഞു:
എന്റെ കർത്താവേ, എന്റെ ദൈവമേ!"

(യോഹ.20:27-28)


ജൂലൈ 26-ാം തിയ്യതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാസമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 468 |
| 2. | പ്രോഗ്രാം ജൂലൈ 2023 | 471 |
| 3. | സർക്കുലർ 10/2023 | 472 |
| 4. | ഇടയലേഖനം | 474 |
| 5. | സർക്കുലർ | 479 |
| 6. | സർക്കുലർ 11/2023 | 481 |
| 7. | യുവജനദിന സർക്കുലർ | 483 |
| 8. | സർക്കുലർ 12/2023 | 487 |
| 9. | സർക്കുലർ 13/2023 | 490 |
| 10. | സർക്കുലർ 14/2023 | 493 |
| 11. | സർക്കുലർ | 496 |
| 12. | ആഗോള മാധ്യമ ദിനം | 499 |
| 13. | കച്ചേരിക്കാര്യം | 505 |
| 14. | വിശ്വാസപരിശീലനം | 510 |
| 15. | ലിറ്റർജി കമ്മീഷൻ | 515 |
| 16. | ബൈബിൾ അപ്പോസ്തോലേറ്റ് | 516 |
| 17. | ഫാമിലി അപ്പോസ്തലേറ്റ് | 517 |
| 18. | സെമിനാരി വാർത്തകൾ | 517 |
| 19. | ചെറുപുഷ്പ മിഷൻലീഗ് | 519 |
| 20. | തിരുബാലസഖ്യം | 521 |
| 21. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 523 |
| 22. | കെസിവൈഎം-എസ്എംവൈഎം | 524 |
| 23. | കത്തോലിക്കാ കോൺഗ്രസ് | 530 |
| 24. | ഇൻഫാം | 533 |
| 25. | കരിസ്മാറ്റിക് മൂവ്മെന്റ് | 534 |
| 26. | ബഥാനിയ ധ്യാനകേന്ദ്രം | 535 |
| 27. | വികസനവേദി | 537 |
| 28. | യേശുനിധി | 543 |
| 29. | അജപാലനക്കുറിപ്പുകൾ | 544 |

# BIRTH DAY Greetings

| | | | |
|---|---|---|---|
| Rev. Fathers | | | |
| | Kappil Joseph | July | 6 |
| | Ikolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 9 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Pookulam Sebastian | | 23 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## Rev. Fathers

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kadaplackal Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochuparambil Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kannampally Thomas | | 3 |
| Kudiyirickal Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Pulayamparambil Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |

# Feast Day Greetings

Rev. Fathers

| | |
|---|---|
| Chennamkulath Benedict | July 11 |
| Chemplani Kuriakose | 15 |
| Ikolambil Kuriakose | 15 |
| Pulickal Sibi Kurian | 15 |
| Puramadathil Kurian | 15 |
| Thalachirakuzhy Kurian | 15 |
| Thannickal Kurian | 15 |
| Thayyil Kurian | 15 |
| Panachickal Alex | 17 |
| Areethara Jacob | 25 |
| Cherickal James | 25 |
| Kappalumackal Jacob | 25 |
| Karakunnel Jacob | 25 |
| Kiliyananickal James | 25 |
| Kizhakeveettil Jacob | 25 |
| Kothanickal Chakko | 25 |
| Koothur Jacob | 25 |
| Koyipurath Jacob | 25 |
| Kuzhimattathil James | 25 |
| Mundackal Chacko | 25 |
| Plakkoottathil Jacob | 25 |
| Pulthakidiyil James | 25 |
| Puthenpurackal Jacob | 25 |
| Vallikunnel James | 25 |
| Vamattathil James | 25 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജൂലൈ 2023

| | | |
|---|---|---|
| 03 | തിങ്കൾ | **ദുക്റാന** - കടമുള്ള ദിവസം |
| 09 | ഞായർ | വൈദികരുടെ വാർഷിക ധ്യാനം (9-14) |
| 15 | ശനി | **കർമ്മലമാതാവ്** |
| 18 | ചൊവ്വ | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 19 | ബുധൻ | അഖണ്ഡജപമാല ആരംഭം ബഥാനിയായിൽ |
| 22 | ശനി | വി. മഗ്ദലേന മറിയം |
| 23 | ഞായർ | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019)<br>ഗ്രാന്റ് പേരന്റ്സ് ഡേ |
| 25 | ചൊവ്വ | വി. യാക്കോബ് ശ്ലീഹാ |
| 26 | ബുധൻ | **ജന്മദിനം - മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**<br>വി. യോവാക്കിമും വി. അന്നായും |
| 27 | വ്യാഴം | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| 28 | വെള്ളി | **വി. അൽഫോൻസ, രൂപതാമദ്ധ്യസ്ഥ** |
| 29 | ശനി | വി. മർത്താ |
| 30 | ഞായർ | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012),<br>മതബോധന ദിനം |
| 31 | തിങ്കൾ | **വി. ഇഗ്നേഷ്യസ് ലയോള** |

*സർക്കുലർ10/2023*

# വൈദികരുടെ വാർഷികധ്യാനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനത്തെ കുറിച്ച് നിങ്ങളെ അറിയിക്കുന്നതിനും നിങ്ങളുടെ പ്രത്യേക പ്രാർത്ഥന ആവശ്യപ്പെടുന്നതിനും വേണ്ടിയാണ് ഞാൻ നിങ്ങൾക്ക് എഴുതുന്നത്. പുരോഹിതൻ മറ്റൊരു ക്രിസ്തുവാകണം എന്നതാണല്ലോ പൗരോഹിത്യ ദൈവവിളിയുടെ കാതൽ. ക്രിസ്തുവിന്റെ ഹൃദയത്തിന് അനുരൂപമായി വളരുക എന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്ത് ശുശ്രൂഷ ചെയ്യുന്ന വൈദികർക്ക് തങ്ങളുടെ വിളിയുടെ നിരന്തര വളർച്ച ഉറപ്പാക്കുന്നതിന് സഭ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിൽ പ്രധാനപ്പെട്ട ഒന്നാണ് വാർഷികധ്യനം.

നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ നിർവ്വഹിക്കുന്ന പുരോഹിതൻ സ്വയം വിശുദ്ധീകരിക്കേണ്ടതുണ്ട്. എങ്കിലേ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് ദിശാബോധത്തോടെ സഭയെ നയിക്കുവാനും ദൈവിക രഹസ്യങ്ങളുടെ വിശ്വസ്തരായ കാര്യസ്ഥൻമാരാകുവാനും അവർ പ്രാപ്തരാകൂ. ആത്മീയ നേതാക്കളും വഴികാട്ടികളുമായി സേവനമനുഷ്ഠിക്കുന്ന അവർ സ്വന്തം ആത്മീയ ജീവിതം പരിപോഷിപ്പിക്കേണ്ടത് അനിവാര്യതയാണ്.


പുരോഹിതർക്ക് ദൈവവുമായുള്ള അവരുടെ ബന്ധം ആഴത്തിലാക്കുവാനും അവരുടെ ശുശ്രൂഷയോടുള്ള പ്രതിബദ്ധത പുതുക്കുവാനും വാർഷിക ധ്യാനം ഉപകരിക്കുന്നു. പലപ്പോഴും ഉണ്ടാകുന്ന ഏകാന്തതയ്ക്കും ഒറ്റപ്പെടലിനും പരിഹാരമായി ശുശ്രൂഷയുടെ വെല്ലുവിളികളെ സമചിത്തതയോടെ നേരിടുവാനും, പുരോഹിതരുടെ വ്യക്തിപരവും വ്യക്തിത്വപരവുമായ കുറവുകളെ കണ്ടെത്തി സ്വയം നവീകരിക്കാനുമുള്ള അവസരമാണ് വാർഷിക ധ്യാനം.

ഭൗതീകതയുടെ ആകർഷണം ഏറ്റവും ശക്തമായിട്ടുള്ള ഈ കാലഘട്ടത്തിൽ മൃദുലമായ ദൈവസ്വരം ശ്രവിക്കുന്നതിന് പ്രത്യേകമായ ശ്രദ്ധയാവശ്യമാണ്. ഒരു വൈദികന്റെ തകർച്ചയും തളർച്ചയും പിശാച് ഏറെ ആഗ്രഹിക്കുന്ന കാര്യമാണ്. അപ്പസ്തോലന്മാരെപോലും അവൻ

വെറുതെ വിടുന്നില്ല. അതുകൊണ്ടാണല്ലോ ഈശോ പത്രോസിനോട് "ശിമയോനെ ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിന ക്കുവേണ്ടി പ്രാർത്ഥിച്ചു (ലൂക്ക 22:31-32) എന്ന് പറഞ്ഞത്. ഇടവകയു ടെയും ഇതര ഉത്തരവാദിത്വങ്ങളുടെയും തിരക്കുകളിൽ നിന്നകന്ന് പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമായി മാറ്റി വയ്ക്കുന്ന ഈ ദിവസ ങ്ങളിൽ നമ്മുടെ വൈദികർക്കായി നമുക്കും പ്രാർത്ഥിക്കാം. വൈദി കർക്കായി എല്ലാ ആഴ്ചയിലും ഉപവസിച്ചു പ്രാർത്ഥിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. ആ പ്രാർത്ഥനയാണ് ഞങ്ങളുടെ കരങ്ങൾക്ക് ശക്തി പകരുന്നത്.

പതിവിൽ നിന്നും വ്യത്യസ്തമായി ഈ വർഷം വൈദികരുടെ വാർഷിക ധ്യാനം 2023 ജൂലൈ 9 മുതൽ 14 വരെ ഒരു ബാച്ചായിട്ടാണ് നടത്തുന്നത്. വാർഷിക ധ്യാനം നടക്കുന്ന ബഥാനിയ സെന്ററിനെയും, ധ്യാനഗുരുവിനെയു, ധ്യാനിക്കുന്ന വൈദികരെയും നമ്മുടെ പ്രാർത്ഥ നയിൽ പ്രത്യേകം അനുസ്മരിക്കാം. പരി. അമ്മയും, വി. അൽഫോൻസാ മ്മയും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും ദൈവസന്നിധിയിൽ ധ്യാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കട്ടെ. നിങ്ങൾക്ക് ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

*Prot. No. 0611/2023*

# ഇടയലേഖനം

ദുക്റാനതിരുനാൾ - സഭാദിനം 2023 സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷ കരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സഭാദിനമായി മുൻ വർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന മാർത്തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്ന് അദ്ദേഹം നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യംനല്കികൊണ്ടു വരിച്ച രക്തസാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരു ടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകര സന്ദേശം ഭാരതത്തിൽ എത്തിക്കാൻ മാർത്തോമാശ്ലീഹായെ നിയോ ഗിച്ച ദൈവപരിപാലനയ്ക്കു നന്ദിപറയാനും ശ്ലീഹായുടെ ജീവിതസാ ക്ഷ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുള്ള വിശ്വാസ തീക്ഷ്ണതയ്ക്കുവേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന ഏതാനും കാര്യങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72-ൽ മദ്രാസിലെ ചിന്നമലയിൽ മാർത്തോമാ ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമാ യിരുന്നു കഴിഞ്ഞ വർഷത്തെ ദുക്റാന തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധതലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. സീറോ മലബാർ ഹയരാർക്കി 1923-ൽ സ്ഥാപി തമായതിന്റെ ശതാബ്ദിവർ ഷമെന്ന പ്രത്യേകതയാണ് ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർത്തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷ ണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ചയാരംഭിക്കുകയും പേർഷ്യൻ സഭയുമായുള്ള ബന്ധത്തിലൂടെ ആരാധനക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. പതിനാറാംനൂറ്റാണ്ടിൽ ലത്തീൻഭരണസംവിധാനത്തിലായ നമ്മുടെ

സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധിവഴി കൂനൻകുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും പരിശുദ്ധ സിംഹാസനത്തോടൊപ്പം നില്ക്കാൻ നമുക്കു കഴിഞ്ഞു. 1887-ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് സുറിയാനി കത്തോലിക്കരെ ലത്തീൻസഭയിൽനിന്നു വേർതിരിച്ചുകൊണ്ടു സീറോമലബാർ വിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896-ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽനിന്നു എറണാകുളം വികാരിയാത്തു സ്ഥാപിതമാകുകയും കോട്ടയം വികാരിയാത്തു ചങ്ങനാശ്ശേരി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമിക്കുകയുംചെയ്തു. 1911-ൽ ക്നാനായക്കാർ ക്കായി കോട്ടയം വികാരിയാത്തു സ്ഥാപിതമായി. ഈ ഹയരാർക്കി ക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21-ന് പതിനൊന്നാം പിയൂസ് മാർപാപ്പ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാ ത്തുകളെ സാമന്തരൂപതകളായും നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്ക ല്ലായി മാറിയ ഈ ചരിത്രസംഭവത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മളാചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിത പ്പെടുത്തുന്ന നടപടികൾ പരി. സിംഹാസനം സ്വീകരിച്ചു. 1956-ൽ ചങ്ങനാശ്ശേരി അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനുപുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990-ൽ പ്രാബല്യത്തിൽവന്ന പൗരസ്ത്യ കാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16-ാം തീയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995-ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനു പുറത്തും പുതിയ രൂപത കൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ഒക്ടോബർ 10-ന് സീറോമലബാർസഭയുടെ അതിർത്തി ഭാരതം മുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷ വത്ക്കരണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും ചെയ് തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923-ൽ നിന്നു 2023-ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോ മല ബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപതകളും ഭാരതത്തിനു പുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാ സംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതരമേഖലകളിലും നിർണായകമായ വളർച്ചനേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്തു ആത്മീയത യിലും കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ച തിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺമാസം കൂടിയ മെത്രാൻസിനഡിൽ കൈക്കൊണ്ട തീരുമാന ങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിതമേഖലകളെ ശക്തി പ്പെടുത്തുന്നതിനും വിവിധ സഭാ ശുശ്രൂ ഷകളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്നവയാണ്. ഈ ലക്ഷ്യ ത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരി. സിംഹാസനത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കും. ദൈവ പരിപാലനയിൽ ആശ്രയമർപ്പിച്ചുകൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെ പ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തി പ്പെടുത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യ ക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായരും വിധേയത്വത്തോ ടെയും സഹകരണമനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാതലങ്ങളിലും പ്രായോഗി കമാക്കാൻ എല്ലാവരും പരിശ്രമിക്കണം. ഒന്നിച്ചു നടക്കുക എന്നതു കൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തി ക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹത്താലും സഹകരണത്താലും നമ്മുടെ സഭാകൂട്ടായ്മയെ ശക്തിപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേകകാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽനിന്നു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും ഭാരതത്തിൽനിന്നു ലോക ത്തിന്റെ വിവിധ രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്നു സ്കൂൾവിദ്യാഭ്യാസത്തിനുശേഷം ഉപരി പഠനത്തിനും ജോലിക്കുംവേണ്ടി വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിടങ്ങളിൽ സ്ഥിര താമസക്കാരായി മാറുകയും ചെയ്യുന്നു. ഈ കുടുംബങ്ങൾക്കും വ്യക്തികൾക്കും അജപാലന ശുശ്രൂഷ നല്കു ന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ്ബ്രിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ് തോലിക് വിസിറ്റേഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽ നിന്നു വിദേശരാജ്യങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടും ബങ്ങളുടെയും അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും സഭാകൂട്ടായ്മയിൽ അവരെ ചേർത്തുനിറുത്താനും മാതൃസഭ യിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളുംചേർന്നു സംയുക്ത അജപാലന പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവർ

സീറോമലബാർ സഭയിലെ അംഗങ്ങൾ എന്ന അവബോധത്തോടെ തങ്ങളുടെ പൈതൃകം കാത്തു സൂക്ഷിക്കാനും ആരാധനക്രമ സംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസപരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്ത നങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളിക ളെക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗി ക്കുവിൻ (മർക്കോ. 16:15) എന്ന ദൈവകല്പിതമായ ദൗത്യം നിർവഹി ക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സുവിശേഷ പ്രഘോഷണമില്ലെങ്കിൽ സഭയില്ല എന്ന സത്യം നമ്മൾ മനസിലാ ക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് കേവലം മാനുഷികമായ ഒരു തീരുമാനം മാത്രമല്ല ദൈവികപദ്ധതി കൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്ന തുപോലെ എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധി ക്കുകയില്ല (6:44). പീഡനങ്ങൾ ക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥ വിശ്വാസിയെ തന്റെ ബോധ്യ ത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനുവേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണ് പ്രഘോഷിക്കുന്നത്: എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാല ത്തുള്ളവയ്ക്കോ വരാനിരിക്കു ന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്നു എനിക്കു ഉറപ്പുണ്ട് (റോമ 8:38-39). ഐസിസ് തീവ്രവാദികൾ ലിബിയൻ കടൽ ത്തീരത്തുവച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പ റയാതെ മരണംവരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പൂരിലും ആക്രമി ക്കപ്പെടുകയും കൊല്ലപ്പെടുകയുംചെയ്ത ക്രൈസ്തവസഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥ വിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത

പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ട ധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും സ്നേഹത്തോടുംകൂടെ ക്രൈസ്തവ ജീവിതം നയിക്കാനും അനുദിനജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധിക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേ സമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവനമേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ് മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തന മേഖല കളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർ തോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാ കും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കി യിരിക്കുന്നു (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസ കൾ സഭാമക്കൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ട വരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

ഈ ഇടയലേഖനം 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരെ, ബഹുമാനപ്പെട്ട വൈദികരെ, ബഹു. സിസ്റ്റേഴ്സ്, പ്രിയ സഹോദരീസഹോദരന്മാരെ,

മതേതരത്വം മുഖമുദ്രയായ ജനാധിപത്യരാഷ്ട്രമാണ് നമ്മുടെ രാജ്യം. എന്നാൽ മതേതരത്വം ഉദ്ഘോഷിക്കുന്ന നമ്മുടെ ഈ രാജ്യത്ത് ക്രൈസ്തവമതം സ്വീകരിച്ചു എന്ന ഏകകാരണത്താൽ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ് പട്ടികജാ തിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ദലിത് ക്രൈസ്തവ വിഭാഗത്തിന്. ഇന്ത്യയുടെ ഭരണഘടന രൂപീ കരിച്ചപ്പോൾ, നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന് വകുപ്പ് ചേർക്കുകയുണ്ടായി. എന്നാൽ 1950 ആഗസ്റ്റ് 10-ാം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഇറക്കിയ ഉത്തരവു പ്രകാരം ഹിന്ദുമതവിശ്വാ സികൾക്ക് മാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. പിന്നീട് 1956 ൽ സിക്കുമതത്തിലെ ദലിതരെയും, 1990 ൽ ബുദ്ധമതത്തിലെ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി ക്കൊണ്ട് സർക്കാർ ആ വിഭാഗങ്ങൾക്കും സംവരണം നൽകുകയുണ്ടായി. എന്നാൽ കഴിഞ്ഞ 73 വർഷങ്ങളായി ക്രൈസ്തവരായ ദലിതരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ദലിത് ക്രൈസ്തവർ നിരന്തരമായ സമരങ്ങളും നിവേദനങ്ങളും സർക്കാരിന് നൽകിയതിന്റെ ഫലമായി പല കമ്മീഷനുകളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ടുകൾ അനുകൂലമായിരുന്നെങ്കിലും ഫലം കണ്ടില്ല.

2004 ൽ ട്രിച്ചി സ്വദേശിയായ അഡ്വ. ഫ്രാങ്ക്ളിൻ സീസർ ദലിത് ക്രൈസ്തവർക്ക് സംവരണ ആനുകൂല്യം ലഭിക്കുന്നതിന് സുപ്രീംകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു, അതിൽ 1950 ആഗസ്റ്റ് 10-ാം തീയതി ഇറക്കിയ ഉത്തരവിലെ 3-ാം ഖണ്ഡിക റദ്ദ്ചെയ്ത് ക്രൈസ്തവരായ ദലിതർക്ക് പട്ടികജാതിസംവരണം നൽകണമെന്ന് ആവശ്യപ്പെട്ടാണ് കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവച്ചു എങ്കിലും 2023 ജൂലൈ 11-ാം തീയതി സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് എടുത്തിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ ദലിത് ക്രൈസ്തവ സഹോദരങ്ങളോട്

ഐക്യദാർഢ്യം പ്രകടിപ്പിക്കാനും, അവരെ കരുതുവാനും സഭ പ്രതിജ്ഞാബദ്ധയാണ്. ഈ നിർണ്ണായക കേസ് സുപ്രീംകോടതിയിൽ വിജയിക്കുവാനും, പട്ടികജാതി സംവരണം അവർക്ക് ലഭ്യമാകു വാനും ദൈവകൃപയുടെ വലിയ നടത്തിപ്പ് ആവശ്യമാണ്. അതിനാൽ കേരള കത്തോലിക്കാസഭ മുഴുവൻ ഈ നിയോഗ ത്തിനായി 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ കെസിബിസി നിശ്ചയിച്ചിരിക്കുകയാണ്. അന്നേദിവസം വിശ്വാസികൾ ദേവാലയങ്ങളിലും, സ്ഥാപനങ്ങ ളിലും സന്യാസ ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുക ഉചിതമാണ്. കേസ് വാദിക്കുന്ന വക്കീലന്മാരെയും, വിധി കല്പിക്കുന്ന ജഡ്ജിമാരേയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥി ക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം**

ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

**ബിഷപ് ഡോ. വിൻസെന്റ് സാമുവൽ**

വൈസ്ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

വൈസ്ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

---

2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും, സന്യാസ ഭവനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേ ണ്ടതാണ്.

*സർക്കുലർ 11/2023*

# അൽഫോൻസ തീർത്ഥാടനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും (യോഹ. 12:24). എന്ന യേശുനാഥന്റെ തിരുവചനം സ്വന്തം ജീവിതത്തിൽ അന്വർത്ഥമാക്കി ഈ ലോകത്തിൽ വളരെയധികം ഫലം പുറപ്പെടുവിച്ച വി. അൽഫോൻസാമ്മയുടെ തിരുനാൾ നാം ജൂലൈ 28-ാം തീയതി ആഘോഷിക്കുകയാണല്ലോ. അനേകായിരങ്ങൾക്ക് വിശ്വാസത്തിന്റെ ഒരു പുത്തൻ ഉണർവ്വും ആവേശവും പകരുവാൻ ഈ കെടാവിളക്കിന് കഴിഞ്ഞു. ലളിതപൂർണ്ണവും സഹനപൂർണ്ണവുമായ ആ ജീവിതം തന്നെ സുവിശേഷത്തിന്റെ ഒരു അനശ്വര വ്യാഖ്യാനമാണ്.


നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം കേരളത്തിൽ നിന്നുതന്നെയുള്ള ഒരു വിശുദ്ധയെ സ്വർഗീയ മദ്ധ്യസ്ഥയായി ലഭിച്ചു എന്നത് പറഞ്ഞറിയിക്കാവുന്നതിലും വലിയ അനുഗ്രഹമാണ്. 1986 ഏപ്രിൽ 28-നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'ആദ് പെർപ്പെത്വാം ദേയി മെമ്മോറിയം'എന്ന തിരുവെഴുത്ത് വഴി തലശ്ശേരി രൂപതയുടെ ഭാഗമായിരുന്ന കോഴിക്കോട്-മലപ്പുറം ജില്ലകളിലെ സീറോ-മലബാർ പള്ളികളെ ഉൾപ്പെടുത്തിക്കൊണ്ട് താമരശ്ശേരി രൂപത സ്ഥാപിക്കുന്നത്. സാധാരണയായി വിശുദ്ധരെയാണ് രൂപതയുടെ മദ്ധ്യസ്ഥരായി തിരഞ്ഞെടുക്കാറുള്ളത് എങ്കിലും റോമിൽ നിന്നുള്ള പ്രത്യേക അനുവാദത്തോടെയാണ് അന്ന് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ രൂപതയുടെ മദ്ധ്യസ്ഥയായി ലഭിച്ചത്. ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിലുള്ള ലോകത്തിലെ ഏകരൂപത താമരശ്ശേരി രൂപതയാണ്. വി. അൽഫോൻസാമ്മയുടെ നാമധേയത്തിൽ താമരശ്ശേരി രൂപതയിൽ നിരവധി ഇടവകകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നമ്മുടെ രൂപതയിൽ നിരവധി കോൺവെന്റുകളും സ്കൂളുകളും അൽഫോൻസാമ്മയെ മദ്ധ്യസ്ഥയായി സ്വീകരിച്ചിട്ടുണ്ട്.

പിന്തിരിഞ്ഞ് നോക്കുമ്പോൾ ദൈവപരിപാലനയിൽ ഏറെ മുന്നേറാൻ കഴിഞ്ഞതിന്റെ സംതൃപ്തിയോടെയാണ് നാം ആയിരിക്കുന്നത്. പിന്നിട്ട വഴികളിൽ കണ്ണീർപൂക്കളുടെയും കഠിനാധ്വാനത്തിന്റെയും അന്നന്നത്തെ അപ്പത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളുടെയും ദിവസങ്ങളിലെല്ലാം വി. അൽഫോൻസാമ്മയുടെ വലിയ മാദ്ധ്യസ്ഥ്യം രൂപതയ്ക്കും രൂപതയിലെ ഓരോ കുടുംബത്തിനും ഉണ്ടായിരുന്നു എന്ന് എനിക്ക് പൂർണ്ണ ഉറപ്പുണ്ട്. അൽഫോൻസാമ്മയിലൂടെ ഈ കഴിഞ്ഞ 37 വർഷങ്ങളിലായി രൂപതാകുടുംബത്തിന് ലഭിച്ച നിരവധിയായ അനു

ഗ്രങ്ങൾക്ക് നന്ദി പറയുവാൻ ഉള്ള വലിയ അവസരമാണ്. ഇത് അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് താമരശ്ശേരി രൂപതാംഗങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടത്തലേക്ക് ഒരു തീർത്ഥയാത്ര പോയി കൃതജ്ഞതാബലി അർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി താമരശ്ശേരി രൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഞാനും രൂപതയിലെ ഏതാനും  വൈദികരും ഭരണങ്ങാനത്ത് തിരുനാൾ ദിനങ്ങളിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ജൂലൈ 20-ാം തീയതി രാവിലെ 11 മണിക്കുള്ള പ്രധാന ദിവ്യബലിയാണ് താമരശ്ശേരി രൂപതയ്ക്ക് നൽകിയിരിക്കുന്നത്. ഈ വർഷം എന്നോടൊപ്പം സാധിക്കുന്നവർ തീർത്ഥാടനത്തിൽ പങ്കെടുക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്വന്തമായി വാഹനത്തിൽ വരികയോ, ഒരു ഇടവകയിൽ നിന്നോ അല്ലെങ്കിൽ ഒന്നിലധികം ഇടവകകൾ ഒന്നുചേർന്നോ വാഹനങ്ങൾ ക്രമീകരിച്ച് തീർത്ഥാടനത്തിൽ പങ്കെടുക്കുകയാണെങ്കിൽ അത് കൂടുതൽ അനുഗ്രഹപ്രദമാകും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അതിന് നേതൃത്വം നല്കുമല്ലോ.

ഭരണങ്ങാനത്തെ ഭാരതത്തിന്റെ ലിസ്യുവാക്കി മാറ്റിയ വി. അൽഫോൻസ വിശുദ്ധിയിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ എന്നും വഴിവിളക്കാണ്. ജീവിതവഴിത്താരയിൽ ഇടറാതെ മുന്നോട്ട് നീങ്ങാൻ കേരളത്തിന്റെ പ്രിയ വിശുദ്ധ നമുക്ക് തുണയാകട്ടെ. നിങ്ങൾക്കേവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

*സർക്കുലർ*

# യുവജനദിനം 2023, ജൂലൈ 9, ഞായർ കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 9, ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ ആശംസകൾ!

വിശുദ്ധ ജോൺപോൾ പാപ്പാ 1986 ൽ ആരംഭിച്ച ലോകയുവജനദിനാഘോഷത്തിന്റെ 17-ാമത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. "മേരി എഴുന്നേറ്റു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു" (ലൂക്കാ 1,39) എന്ന വേദവാക്യമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ യുവജനദിനാഘോഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷക്കണക്കിന് യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ളാദപൂർവം ദൈവത്തിന് നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയെപ്പോലെ തിടുക്കവും തീക്ഷ്ണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാനായി നമുക്ക് പദ്ധതികൾ തയ്യാറാക്കാം.

### തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് 'തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി' എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാ നവീകരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിക്കേണ്ടത് യുവജനങ്ങളാണ്. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ

പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ 1,2,3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽവച്ച് 2024 വർഷം യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജനങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

## യുവാക്കൾ: ക്രിസ്തുവിന്റെ കരങ്ങൾ

ക്രിസ്തുവിന്റെ അനുകമ്പ അത്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. ക്രിസ്തുവിന്റെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച് ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്ക് നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

## ലഹരിമുക്ത യൗവ്വനം

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. യൗവ്വനം: ഒരു തലമുറ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം; അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വന

ത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

### വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം

കേരളത്തിന്റെ സാക്ഷരതയ്ക്ക് ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസമേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപ്പുസ്തക പരിഷ്ക്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങിയ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുംവിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവ ജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

### യുവാക്കൾ ക്ഷേമരാഷ്ട്രനിർമ്മിതിക്ക്

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധരാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ

തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്ന തിന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മാറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണ ത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങ ളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. ഇപ്പോൾ മണിപ്പൂരിൽ നടക്കുന്ന തുപോലുള്ള തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെ തിരെ പ്രതിഷേധിക്കാനും അതേസമയം തന്നെ ഫ്രാൻസിസ് അസ്സീസിയുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ജീവനാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസി വൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദൈ ന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനുധാ വനം ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും യുവജനദിനത്തിന്റെ ആശം സകൾ.

യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 12/2023*

# അഖണ്ഡജപമാല സമർപ്പണം

ഈശോയിൽ സ്നേഹമുള്ളവരെ,

നമ്മുടെ രൂപതയിലെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയാ ധ്യാനകേന്ദ്രത്തിൽ നടത്തുന്ന വിവിധങ്ങളായ ശുശ്രൂഷകൾ നമുക്കേവർക്കും ദൈവകൃപയും ജീവിതവിശുദ്ധീകരണവും പ്രദാനം ചെയ്യുന്നു എന്നത് എത്രയും സന്തോഷകരമായ കാര്യമാണ്. വിദ്യാർത്ഥികളും, യുവജനങ്ങളും മാത്രമല്ല, ജീവിതത്തിന്റെ നാനാതുറകളിലുള്ള ആളുകൾ അവിടെയെത്തി ദൈവാനുഭവം പ്രാപിക്കുന്നു എന്നതിനെയോർത്ത് ദൈവത്തിനു നന്ദി പറയുന്നു.

മാനവകുലത്തിന്റെ എല്ലാ ആവശ്യങ്ങളിലും ആശ്രയ സങ്കേതവും സംരക്ഷകയുമാണ് മറിയം. സഭയും മാനവരാശിയും ഏതെല്ലാം കാലഘട്ടങ്ങളിൽ അതിഭീകരമായ വിപത്തുകളെ അഭിമുഖീകരിച്ചിട്ടുണ്ടോ അപ്പോഴെല്ലാം സ്വർഗ്ഗത്തിന്റെ സഹായവുമായി എത്തിയത് പരിശുദ്ധ അമ്മയാണ്. യുദ്ധമോ, പ്രകൃതിക്ഷോഭമോ, പകർച്ചവ്യാധിയോ, അബദ്ധ സിദ്ധാന്തങ്ങളോ മതപീഡനമോ ആകട്ടെ സഭ വിളിച്ചപേക്ഷിച്ചത് പരിശുദ്ധമറിയത്തെയായിരുന്നു എന്ന് ചരിത്രം പഠിപ്പിക്കുന്നു. മറിയം മാനവരാശിയുടെ അമ്മയാണ്, സഭയ്ക്ക് സംരക്ഷകയാണ്, ക്രിസ്ത്യാനികളുടെ സഹായമാണ്, കുടുംബങ്ങൾക്ക് ആശ്രയമാണ്.

'അവർണനീയനായ ദൈവം' എന്ന അപ്പസ്തോലിക പ്രമാണരേഖയിൽ 9-ാം പീയൂസ് പാപ്പ ഇങ്ങനെ കുറിച്ചിരിക്കുന്നു: "എന്റെ എല്ലാ പ്രത്യാശയും ഏറ്റം ഭാഗ്യപ്പെട്ട കന്യകയിൽ അർപ്പിക്കുന്നു. ഏറ്റവും ക്രൂരനായ സർപ്പത്തിന്റെ വിഷമാർന്ന തല തകർക്കുകയും ലോകത്തിലേയ്ക്ക് രക്ഷകൊണ്ടുവരികയും ചെയ്ത സർവ്വാംഗ സുന്ദരിയും നിർമ്മലയുമായിരിക്കുന്നവളിൽ, പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും മഹത്വവും രക്തസാക്ഷികളുടെ ബഹുമതിയും സകലവിശുദ്ധരുടെയും കിരീടവും സന്തോഷവുമായിരിക്കുന്നവളിൽ, അപകടത്തിലായിരിക്കുന്ന സകലരുടെയും ഏറ്റവും സുരക്ഷിതമായ സങ്കേതവും ഏറ്റവും ഉറപ്പാർന്ന സഹായവും ആയിരിക്കുന്നവളിൽ, എല്ലാ പാഷണ്ഢതകളെയും തർക്കുകയും ഭീകരനാശങ്ങളിൽ നിന്ന് വിശ്വാസികളെയും രാഷ്ട്രങ്ങളെയും പിടിച്ചുകയറ്റുകയും ചെയ്തവളിൽ ഞാൻ പ്രത്യാശവയ്ക്കുന്നു".

സഭയും മാനവരാശിയും ഈ കാലഘട്ടത്തിൽ പരിശുദ്ധ കന്യകാമറിയത്തിലേയ്ക്ക് തിരിഞ്ഞ് അവളിൽ പ്രത്യാശയർപ്പിക്കുന്നത് എത്രയും അത്യന്താപേക്ഷിതമായിരിക്കുന്നു.

മരിയഭക്തനായ വിശുദ്ധ ലൂയിസ് ദ് മോൺ ഫോർട്ട് സാക്ഷിക്കുന്നു; "മറിയത്തിൽ പ്രത്യാശയർപ്പിച്ച വിശ്വസ്ത ദാസർ ശത്രുക്കളുടെ ദുഷ്ടതയ്ക്കോ അവരുടെ സൈന്യബലത്തിനോ മർദ്ദനങ്ങൾക്കോ അടിപ്പെട്ടതായി ഒരിക്കൽപ്പോലും കേട്ടിട്ടില്ല". വിശുദ്ധ പാദ്രേ പിയോ ഇങ്ങനെ ആവശ്യപ്പെടുന്നു: "ഈ സ്വർഗീയ അമ്മയുടെ അടുത്ത് എപ്പോഴും ആയിരിക്കുക, ആ അമ്മയെ സ്നേഹിക്കുക. ജപമാലചൊല്ലി പ്രാർത്ഥിക്കുക, കാരണം ഈ കാലഘട്ടത്തിലെ ലോകത്തിന്റെ എല്ലാ തിന്മൾക്കും എതിരായുള്ള ആയുധം ജപമാലയാണ്''. പോൾ ആറാമൻ മാർപാപ്പ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "അവർക്കുവീഞ്ഞില്ല എന്ന് അവൾ പറഞ്ഞപ്പോൾ ഈശോ ഏറ്റം ഉദാരതയോടെ അതുനൽകിയെങ്കിൽ, അവർക്കുസമാധാനമില്ല എന്ന് അവൾ പറഞ്ഞാൽ മിശിഹാ അതു നൽകാതിരിക്കമോ" ആകയാൽ നമ്മുടെ കുടുംബങ്ങളുടെയും സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളുമായി നമുക്ക് മറിയത്തെ സമീപിക്കാം. വിശുദ്ധ ബർണാർഡിന്റെ വാക്കുകൾ നമുക്ക് ധൈര്യമേകട്ടെ: "മറിയം താങ്ങുമ്പോൾ നീ വീഴുകയില്ല, അവൾ സംരക്ഷിക്കുമ്പോൾ നീ ഭയപ്പെടേണ്ട, അവൾ നയിക്കുമ്പോൾ നീ നിത്യസൗഭാഗ്യത്തിന്റെ തുറമുഖത്ത് എത്തും .

ആത്മീയ വിജയം മാത്രമല്ല, ഭൗതികവിജയവും ക്രൈസ്തവ ലോകം നേടിയെടുത്തത് ജപമാലയിലൂടെയാണ് എന്ന് ചരിത്രം സാക്ഷിക്കുന്നു. തുർക്കികളുടെ സൈന്യത്തെ 1571-ൽ ക്രൈസ്തവലോകം പരാജയപ്പെടുത്തിയത് അഖണ്ഡജപമാല ചൊല്ലിക്കൊണ്ടാണ്. യൂറോപ്പ് പകർച്ചവ്യാധിയിൽപ്പെട്ട് വലഞ്ഞപ്പോൾ സംരക്ഷിക്കപ്പെട്ടതും ജപമാല ചൊല്ലിക്കൊണ്ടാണ്.

പ്രിയപ്പെട്ടവരേ, ലോകമിന്ന് യുദ്ധഭീഷണി നേരിടുന്നു. ക്രൈസ്തവ ജനത ലോകം മുഴുവൻ പീഡിപ്പിക്കപ്പെടുന്നു. വർഗീയവിഷം സമൂഹത്തിൽ പടർന്നുകയറുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ നമ്മുടെ യുവജനങ്ങൾ അടിമപ്പെടുന്നു. ദൈവം ആഗ്രഹിക്കാത്ത പ്രണയക്കുരുക്കുകളിൽപ്പെട്ട് നമ്മുടെ മക്കൾ വിശ്വാസം ഉപേക്ഷിക്കുന്നു. സഭയും സമുദായവും ഒറ്റപ്പെടുന്നു. കുടുംബങ്ങളിൽ പ്രാർത്ഥനയും മൂല്യബോധവും കുറയുന്നു. വിശുദ്ധ ജോൺപോൾ പാപ്പായോട് ചേർന്ന് ഞാനും നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. "കുടുംബത്തിന്റെ ഭാവിയെപ്പറ്റി നമുക്ക് ഭയം തോന്നുന്നു. ഈ

വിഷമസന്ധിയിൽ വിനാശത്തെ ചെറുക്കാൻ ജപമാലപ്രാർത്ഥന പുനരുജ്ജീവിപ്പിക്കുക എത്രയും ആവശ്യമാണ്".

കഴഞ്ഞ 22 വർഷങ്ങളായി ബഥാനിയായുടെ അഭിമാന ശുശ്രൂഷയായ അഖണ്ഡജപമാലസമർപ്പണം ഈ വർഷവും എത്രയും ഭക്തിതീക്ഷ്ണതയോടെ സംഘടിപ്പിക്കുന്നു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. ജൂലൈ 19 ന് ആരംഭിച്ച് ഒക്ടോബർ 27 ന് സമാപിക്കുന്നവിധം 101 (2424 മണിക്കൂർ) ദിനങ്ങൾ ഇടമുറിയാതെ പകലും രാത്രിയും ദിവ്യകാരുണ്യ ആരാധനയും ജപമാലസമർപ്പണവും നടക്കുകയാണ്. ഈ വർഷത്തെ പ്രത്യേക നിയോഗമായി നാം സ്വീകരിച്ചിരിക്കുന്നത് ലോകസമാധാനവും കുടുംബവിശുദ്ധീകരണവും എന്നതാണ്. ഭാരതസഭ അഭിമുഖീകരിക്കുന്ന ആക്രമണങ്ങളെ നേരിടുവാൻ ശക്തി ലഭിക്കുന്നതിനും മണിപ്പൂരിലെ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്ക് ഉത്തരം ലഭിക്കുന്നതിനും നമുക്ക് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടാം.

ആയതിനാൽ, എത്രയും തീക്ഷ്ണതയോടെ അഖണ്ഡജപമാല സമർപ്പണത്തിൽ പങ്കുചേരാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. ഇടവകകളിൽ നിന്ന് വൈദികർ, സന്യസ്തർ, മതാദ്ധ്യാപകർ, കുടുംബകൂട്ടായ്മയുടെയും, സംഘടനകളുടെയും ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ ബഥാനിയായിലെത്തി പ്രാർത്ഥിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു. മാതാപിതാക്കൾ മക്കളോടൊപ്പമാണ് പ്രാർത്ഥനയ്ക്കായി വരേണ്ടത്. അടുത്തുള്ള ഇടവകകളിൽ നിന്നും പരിഹാരചൈതന്യത്തോടെ കാൽനടയായി ജപമാലചൊല്ലി തീർത്ഥാടനത്തിനെത്തുന്ന പതിവ് തുടരണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുനിയോഗങ്ങളോടൊപ്പം വ്യക്തിപരമായ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കുക. പരിശുദ്ധ കന്യകാമറിയം നമ്മെ ഓരോരുത്തരെയും തന്റെ പ്രാർത്ഥനയാൽ സംരക്ഷിക്കട്ടെ. അമ്മയുടെ സങ്കേതത്തിൽ നമുക്ക് അഭയം തേടാം. അമ്മ ഒരിക്കലും നമ്മെ ഉപേക്ഷിക്കുകയില്ലല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

തമാരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ജൂലൈ 16-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളും വായിക്കേണ്ടതാണ്.

*സർക്കുലർ 13/2023*

# മന്ന - പാവങ്ങളുടെ അന്നം

മിശിഹായിൽ സ്നേഹമുള്ളവരേ,

താമരശ്ശേരി രൂപതയിലെ സാമൂഹ്യസേവന വിഭാഗമായ സി. ഒ.ഡി.യുടെ ആഭിമുഖ്യത്തിൽ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന വേദനിക്കുന്ന വർക്കുവേണ്ടിയുള്ള ആശാകിരണം, ജൽ ജീവൻ പോലെയുള്ള വിവിധ പദ്ധതികളെക്കുറിച്ച് ഏവർക്കും അറിവുള്ളതാണല്ലോ. വേദനിക്കുന്നവരോടും രോഗികളോടും കരുണ കാണിക്കുകയും, വിശന്നു വലഞ്ഞവർക്ക് അനുകമ്പയോടെ അപ്പം വർദ്ധിപ്പിച്ച് നൽകുകയും ചെയ്ത മിശിഹായുടെ പ്രവർ ത്തനശൈലി മാതൃ കാപരമായി പിന്തുടരുന്ന സി.ഒ.ഡി.യുടെ എല്ലാ സന്നദ്ധ പ്രവർത്തകരെയും, അവർക്കാവശ്യകമായ സാമ്പത്തിക സഹായവും പിന്തുണയും നൽകിക്കൊണ്ടിരിക്കുന്ന നിങ്ങ ളേവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ ദാനധർമ്മത്തിന്റെ പ്രാധാന്യം വിശുദ്ധ ഗ്രന്ഥം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നുണ്ട്. തോബിത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ "ദാനധർമ്മം മരണത്തിൽ നിന്ന് രക്ഷിക്കുന്നു. അത് സകല പാപങ്ങളും തുടച്ചുനീക്കുന്നു" (തോബിത്ത് 12:9). ജലം അഗ്നിയെ ശമിപ്പിക്കുന്നത് പോലെയാണ് ദാനധർമ്മം പാപത്തെ ഇല്ലാതാക്കുന്നതെന്ന് വി. അഗസ്റ്റിൻ പഠിപ്പിക്കുന്നുണ്ട്. പാവങ്ങളെ സഹായിക്കുന്നതിന് ദേവാലയത്തിൽ ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കൾ പോലും വിൽക്കാൻ സഭാ പിതാക്കന്മാർ തയ്യാറായിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കാരണം ആദ്യ നൂറ്റാണ്ടു മുതൽ തന്നെ പാവപ്പെട്ടവരെ സഹായിക്കുന്നതും സമ്പത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും സഭയുടെ പ്രധാന ദൗത്യങ്ങളിൽ ഒന്നായി കരുതിയിരുന്നു. തങ്ങൾ ക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതിയിരുന്ന ആദിമസഭയുടെ മനോഭാവമാണ് രൂപതയിൽ നാം ഒരു കുടുംബം എന്ന ദർശനത്തിലൂടെ നാം ഇന്നും തുടർന്നുകൊണ്ടു പോകുന്നത്. നമ്മളെല്ലാം ഒരേ ദൈവപിതാവിന്റെ മക്കളാണെന്നും അതുവഴി നാമെല്ലാം സഹോദരങ്ങളാണെന്നുള്ള ബോധ്യമാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനം.

സാമ്പത്തിക സഹായം ഏറെ ആവശ്യമായിരിക്കുന്ന ഒട്ടേറെ കുടുംബങ്ങൾ

ഇനിയും നമ്മുടെയിടയിലുണ്ട് എന്ന തിരിച്ചറിവാണ് സഹായഹസ്തവുമായി കൂടുതൽ പേരിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനായി പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ നമ്മെ പ്രേരിപ്പിക്കുന്നത്. സ്വന്തമായി ഭവനമോ വരുമാനമോ ഇല്ലാത്തവർ, വിവിധ കാരണങ്ങളാൽ ജോലിചെയ്യാൻ നിവൃത്തിയില്ലാത്തവർ, സ്ഥിരമായി മരുന്ന് കഴിക്കേണ്ടവർ, അപകടങ്ങളോ രോഗങ്ങളോ മൂലം കിടപ്പിലായവർ തുടങ്ങി പല രീതിയിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കേണ്ടത് യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കുന്ന നമ്മുടെ ഉത്തരവാദിത്വമാണ്. പൗലോസ് ശ്ലീഹ നമ്മെ ഓർമിപ്പിക്കുന്നത് പോലെ നമ്മുടെ വിശ്വാസം സജീവമാകുന്നത് ഇത്തരം കാരുണ്യ പ്രവൃത്തികളിലൂടെയാണ്.

2021 ൽ നമ്മുടെ രൂപതയിൽ നടത്തിയ സർവ്വേ പ്രകാരം ബി.പി. എൽ വിഭാഗത്തിൽ 5442 കുടുംബങ്ങളും, അന്നയോജന, അന്ത്യയോജന (ദരിദ്രരിലെ ദരിദ്രരെ- ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ ഏറ്റവും ദരിദ്രരായ കുടുംബങ്ങൾ) വിഭാഗത്തിൽ 573 കുടുംബങ്ങളുമാണുള്ളത്. ഇതിൽത്തന്നെ 2100 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരോ, താൽക്കാലികമായി ഒരുക്കിയ ഭവനത്തിൽ താമസിക്കുന്നവരോ ആണ്. യേശുനിധിയിലൂ ടെയും, രൂപതയുടെ ഭവനനിർമ്മാണ പദ്ധതിയിലൂടെയും വിവിധ സംഘടനകളുടെ സഹായത്തോടെയും ഇതിനോടകം അനേകർക്ക് കിടപ്പാടങ്ങൾ നിർമ്മിച്ച് നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഇത്രയേറെ കുടുംബങ്ങൾ ഭവനരഹിതരായികഴിയുന്നുവെന്നത് വേദനാജനകമാണ്. ഇത്തരത്തിൽ ദാരിദ്ര്യമനുഭവിക്കുന്നവർക്ക് ജീവിതത്തിലുള്ള പ്രതീക്ഷ പൂർണ്ണമായും നഷ്ടപ്പെ ടുന്നതിന് മുമ്പ് അൽപമെങ്കിലും വെളിച്ചം പകരുന്നതിനുള്ള പരിശ്രമമാണ് താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ സി.ഒ.ഡി. യുടെ സഹകരണത്തോടെ 'മന്ന' എന്ന പുതിയ ഒരു സഹായ പദ്ധതി ആരംഭിക്കുകയാണ്. ഇസ്രായേൽ ജനം മരുഭൂമിയിൽ ഭക്ഷണം കിട്ടാതെ പ്രത്യാശ നഷ്ടപ്പെട്ടവരായിരുന്നപ്പോൾ ദൈവം അവർക്ക് മന്ന എന്നു വിളിക്കുന്ന അപ്പം നല്കി വിശപ്പടക്കി.

പലതരത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന, സഹായത്തിന് ഏറ്റവും അർഹരായിട്ടുള്ളവരുടെ അക്കൗണ്ടിലേക്ക് മാസംതോറും 1000 രൂപ നൽകുന്ന, പാവപ്പെട്ടവന്റെ വിശപ്പടക്കുന്ന പദ്ധതിയാണ് 'മന്ന'. മാസം 1000 രൂപ ഒരു വേദനിക്കുന്ന കുടുംബത്തിനു നൽകാൻ എനിക്ക് സാധിക്കുമോ? ഞാൻ സഹായിക്കും എന്നാണ് ഉത്തരമെങ്കിൽ ഈ പദ്ധതിയിൽ പങ്കാളിയാവുക. വളരെ പാവപ്പെട്ടവരുടെ ഹൃദയത്തുടിപ്പ് അടുത്തു പരിചയമുണ്ടോ? ഇല്ലെങ്കിൽ അടുത്തറിയുന്ന ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു, ആഘോഷത്തിനായി ചിലവഴിക്കുന്നതിന്റെ ഒരു ശതമാനം പ്രത്യാശ നഷ്ടപ്പെട്ട ഹതഭാഗ്യരുമായി പങ്കുവയ്ക്കാമോ? പാവങ്ങൾക്ക് ആയിരം രൂപയ്ക്ക് പതിനായിരം രൂപയുടെ വിലയുണ്ട്.

60,000 രൂപ ഒറ്റ തവണയായോ, 12,000 രൂപ വീതം വാർഷിക തവണയായോ, 1,000 രൂപ വീതമുള്ള മാസഗഡുക്കളായോ അടയ്ക്കുമ്പോൾ പാവപ്പെട്ട ഒരു കുടുംബത്തിന്കൈത്താങ്ങായി മാറാൻ നമുക്ക് സാധിക്കും. ഒരു കുടുംബത്തിനുള്ള സഹായം പൂർണ്ണമായും നൽകാൻ സാധിക്കാത്തവർക്ക് തങ്ങളാൽ കഴിയുന്ന വിധം ചെറിയ സംഭാവനകളായും ഈ പദ്ധതിയിലേക്ക് നൽകാവുന്നതാണ്. മന്നയുടെ ഓഫീസ് വഴിയാണ് ഈ തുക പാവങ്ങളിലേക്ക് എത്തിക്കുന്നത്. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി പാവങ്ങൾക്കുവേണ്ടിയുള്ള ഈ പ്രോജക്ട് പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് അഖണ്ഡജപമാല സമർപ്പണം ആരംഭിച്ച ജൂലൈ 19ന് ഉദ്ഘാടനം ചെയ്തു. കൂടുതൽ വിവരങ്ങൾ വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

ദുരിതപൂർണ്ണമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്ന് പോകുന്ന അനേകർക്ക് ആശ്രയമായി മാറേണ്ട ഈ കർമ്മ പദ്ധതി കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ സുമനസുകളായ നിങ്ങളുടെ അകമഴിഞ്ഞ സഹായവും, സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. കോവിഡ് മഹാമാരിക്കു ശേഷമുണ്ടായ സാമ്പത്തിക പ്രതിസന്ധി നമ്മുടെയൊക്കെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും, ദൈവകൃപയാൽ അതിനെയൊക്കെ ഏറെക്കുറെ മറികടക്കാൻ നമുക്ക് സാധിച്ചു. എന്നാൽ ഈ ദുരിതങ്ങളിൽ നിന്ന് സ്വയം കരകയറാൻ സാധിക്കാത്തവർക്ക് നേരെ ഹൃദയവിശാലതയോടെ നമുക്ക് കരങ്ങൾ നീട്ടാം. എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു.... ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു (മത്തായി 25: 35-36) എന്ന തിരുവചനം നമ്മിൽ പരസ്നേഹത്തിന്റെ അഗ്നി ജ്വലിപ്പിക്കട്ടെ. നമുക്ക് ദാനമായി ലഭിച്ചവയിൽ ഒരു ചെറിയ പങ്കെങ്കിലും വേദനിക്കുന്നവർക്കായി നൽകിക്കൊണ്ട് ക്രിസ്തുവിനോടുകൂടെ ദൈവാനുഗ്രഹത്തിന്റെ വലതുവശം ചേർന്നിരിക്കാൻ നമുക്ക് സാധിക്കട്ടെ.

കരുണാമയനായ നല്ലദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2023 ജൂലൈ 23-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

*സർക്കുലർ 14/2023*

# വൈദിക ദിനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ആഗസ്റ്റ് 4-ാം തീയതി സാർവ്വത്രികസഭ വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന ഗുരുവിന്റെ വാക്കുകളെ നെഞ്ചോട് ചേർത്ത് കണ്ണുനീരിന്റെ കുമ്പസാരക്കൂടുകളിലൂടെ നിത്യപുരോഹിതനായ ഈശോയ്ക്ക് അനേകം ആത്മാക്കളെ നേടിയ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. “ആഴ്സിലേക്കുള്ള വഴി എനിക്ക് കാണിച്ചു തരിക. എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള വഴി ഞാൻ കാണിച്ചുതരാം” എന്നു പറഞ്ഞ വിയാനി പുണ്യവാളൻ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചു കൊടുക്കുകയാണ് പുരോഹിതന്റെ കർത്തവ്യം എന്ന് എല്ലാ വൈദികരെയും അനുസ്മരിപ്പിക്കുന്നു. ദൈവിക ജ്ഞാനത്തിലൂടെ ദൈവജനത്തെ നയിച്ച വിശുദ്ധൻ എക്കാലവും വൈദികർക്ക് പ്രചോദനമാണ്.

ഫ്രഞ്ചു വിപ്ലവത്തിന്റെ ആക്രമണത്തിൽ വികൃതമാക്കപ്പെട്ട സഭയുടെ മുഖത്തെ വിയാനി അച്ചൻ ആത്മാർത്ഥമായി സ്നേഹിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളെ പ്രകീർത്തിച്ചുകൊണ്ട് സഭയെ സമൂഹത്തിന്റെ ശുത്രുവായി ചിത്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ആണ് വി. വിയാനി ജീവിച്ചത്. കാലത്തിന്റെ പുഴുകുത്തുകൾ സഭയെ എല്ലാ കോണുകളിൽ നിന്നും ആക്രമിച്ചാലും എല്ലാ പീഡകളുടെയും അവസാനം മഹത്വമാണ് എന്ന് വിശുദ്ധന് ഉറപ്പുണ്ടായിരുന്നു. ആ ഉറപ്പാണ് നമുക്കും ഈ കാലഘട്ടത്തിൽ ആവശ്യമുള്ളത്.

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം നമ്മുടെ രൂപതയിൽ നാം വൈദികദിനമായി ആചരിക്കുകയാണല്ലോ. 1986-ൽ രൂപീകൃതമായ നമ്മുടെ രൂപതയിൽ 213 വൈദികർ ആണ് ഇപ്പോൾ ഉള്ളത്. അവരിൽ 27 വൈദികർ മേരിക്കുന്നിലും ഈരൂടിലുമുള്ള വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു. അഭിവന്ദ്യ മങ്കുഴിക്കരി പിതാവും പോൾ ചിറ്റിലപ്പിള്ളി പിതാവും ഉൾപ്പെടെ 36 പേർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നമ്മുടെ രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ട് എൺപതോളം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിൽ പരിശീലനം നേടികൊണ്ടിരിക്കുന്നു. രൂപതയിൽ നിന്നും ദൈവവിളി സ്വീകരിച്ച് വിവിധ സന്യാസ സമൂഹങ്ങളിലും രൂപതകളിലുമായി നിരവധി മിഷനറിമാർ സേവനം

ചെയ്യുന്നുണ്ട്. ഇവരെ കൂടാതെ രൂപതയിൽ സേവനം ചെയ്യുന്ന സന്യാസ വൈദികരെയും പ്രാർത്ഥനയിൽ നമുക്ക് പ്രത്യേകം ഓർമ്മിക്കാം. അനേകം പൗരോഹിത്യ ദൈവവിളികൾ നൽകി നമ്മുടെ രൂപതയെ അനുഗ്രഹിക്കുന്നതിനെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം.

നാടിന്റെ വികസനത്തിനും, ദൈവജനത്തിന്റെ സമഗ്രമായ വളർച്ചക്കും, ആത്മീയ ഉത്കർഷത്തിനും നമ്മുടെ പ്രിയപ്പെട്ട വൈദികർ നൽകിയിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്. മലബാർ കുടിയേറ്റത്തിന്റെ നാളുകളിലും, പ്രത്യേകിച്ച് താമരശ്ശേരി രൂപത സ്ഥാപനത്തിന് ശേഷവും നമ്മുടെ അച്ചന്മാർ എത്രയോ വലിയ സേവനമാണ് നമ്മുടെ ഇടവകകളിൽ നിർവ്വഹിച്ചിട്ടുള്ളത്. സ്വന്തം വീടിനേയും കുടുംബാംഗങ്ങളേയും വിട്ട് മലബാറിൽ താമസമാക്കി, അവിടുത്തെ ജനത്തിന്റെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന് അവരിലൊരാളായി, ഇവിടെ റോഡും പാലവും സ്കൂളുകളും ഇലക്ട്രിസിറ്റിയും കൊണ്ടുവരുവാനായി രാപകൽ അധ്വാനിച്ചു. നമ്മുടെ ഇടവകകളിൾ സജീവശുശ്രൂഷ ചെയ്തതിനുശേഷം വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും ഒരു കുറവും വരുത്തരുതെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഇടവകളിലും, സ്ഥാപനങ്ങളിലും സേവനം ചെയ്തവരെയും നമുക്ക് പരിചയമുള്ള എല്ലാ വൈദികരെയും വൈദികദിനത്തിന്റെ ആശംസകൾ അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം. എല്ലാ ദിവസവും കുടുംബപ്രാർത്ഥനയ്ക്ക് ശേഷം നിത്യപുരോഹിതനായ ഈശോയോട് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും പരി. അമ്മയുടെ വിമലഹൃദയത്തിനും വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും നമ്മുടെ വൈദികരെ സമർപ്പിക്കണം എന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. പൗരോഹിത്യ ദൈവവിളിയിൽ നിലനിൽക്കുവാനും തീക്ഷണതയോടെ ശുശ്രൂഷ ചെയ്യുവാനും നിങ്ങളുടെ പ്രാർത്ഥനയും സ്നേഹവും പിന്തുണയും നമ്മുടെ വൈദികരെ സഹായിക്കും.

നമ്മുടെ വൈദികരോടുള്ള എല്ലാ കടപ്പാടിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും നേർസാക്ഷ്യമാണ് വൈദിക ക്ഷേമനിധി. മുൻവർഷങ്ങളിലേതുപോലെ വൈദിക ക്ഷേമനിധിയിലേക്കുള്ള നിങ്ങളുടെ സംഭാവന ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി നൽകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്ന കവറിലാണ് സംഭാവന നൽകേണ്ടത്. കഴിഞ്ഞ വർഷത്തിൽ 41,63,905/- രൂപയാണ് മെഡിക്കൽ ഇനത്തിൽ നമ്മുടെ വൈദികർക്കായി ചിലവായിരിക്കുന്നത്. വിശ്രമകേന്ദ്രത്തിലുള്ള വൈദികരുടെ ദൈനംദിന ചിലവുകൾ കൂടാതെയാണ് ഈ തുക. 42 ലക്ഷം രൂപയോളമാണ് വൈദിക ക്ഷേമനിധിയിലേക്ക് സംഭാവനായി നിങ്ങൾ നൽകിയത്. വൈദികരുടെ ചികിത്സയ്ക്കും സംരക്ഷണ

ത്തിനുമായി നിങ്ങളോരോരുത്തരും സന്തോഷത്തോടെ സമർപ്പിക്കുന്ന കാഴ്ചകൾ നൂറുമടങ്ങായി ദൈവം തിരികെ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയ സഹോദരങ്ങളെ നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാരെ നിങ്ങൾ സ്നേഹിക്കുന്നതിനും, സംരക്ഷിക്കുന്നതിനും കുടുംബത്തിലെ ഒരംഗത്തെപ്പോലെ സ്വീകരിക്കുന്നതിനും പ്രത്യേകം നന്ദി. വൈദികരുടെ രാജ്ഞിയായ പരി. കന്യകാമറിയത്തിന്റെയും വി. ജോൺ മരിയ വിയാനിയുടെയും മാദ്ധ്യസ്ഥ്യവും സംരക്ഷണവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ,


മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ജൂലൈ 30-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.



# മണിപ്പൂരിൽ രൂക്ഷമായി തുടരുന്ന കലാപാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിദ്ധീകരിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ കഴിഞ്ഞ മെയ് മൂന്നിന് ആരംഭിച്ച് ഇപ്പോഴും തുടരുന്ന ആഭ്യന്തര കലാപം ഇതിനോടകം നൂറിലധികം മനുഷ്യജീവനുകൾ അപഹരിച്ചി രിക്കുന്നു. അതോടൊപ്പം പതിനായിരക്കണക്കിന് പേർ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബ്ബന്ധിതരാവുകയും, നിരവധി സ്ഥാപനങ്ങളും ദേവാലയ ങ്ങളും അഗ് നിക്കിരയാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് വലിയ ആശങ്കയും ഭീതിയുമാണ് രാജ്യമൊട്ടാകെ ഉളവാക്കിയിട്ടുള്ളത്. മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തെ തുടച്ചുനീക്കുക എന്ന നിഗൂഢ ലക്ഷ്യത്തോടെ മതമൗലികവാദ പ്രസ്ഥാനങ്ങളുമായി ബന്ധമുള്ള സായുധ സംഘങ്ങൾ ആസൂത്രിത മായാണ് മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കലാപത്തിന്റെ മറവിൽ ആക്രമണങ്ങൾ അഴിച്ചുവിട്ടു കൊണ്ടിരിക്കുന്നത് എന്നത് ഈ ദിവസങ്ങളിൽ കൂടുതൽ വ്യക്തമാണ്.

രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും തടസ്സമാകുന്ന ഇത്തരം നീക്കങ്ങളും കലാപങ്ങളും നിയമപരമായും നിഷ്പക്ഷമായും കൈകാര്യം ചെയ്തുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒഴിഞ്ഞു മാറാനാകില്ല. അങ്ങനെയിരിക്കെ, ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളെ പിന്തുണയ്ക്കുന്ന സായുധ സംഘങ്ങളെ സംസ്ഥാന സർക്കാർ സഹായിക്കുന്നതായും അവർ നടത്തുന്ന അക്രമ പ്രവർത്തനങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്നതായുമുള്ള വാർത്തകൾ ആശങ്കാജനകമാണ്. അതോടൊപ്പം തന്നെ കേന്ദ്രസർക്കാർ സാഹചര്യ ങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നില്ല എന്നത് ആശങ്കകൾ വർദ്ധിപ്പി ക്കുകയും ചെയ്യുന്നു.

ക്രൈസ്തവ സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലും, മതേതരത്വത്തെ മാനിക്കുന്നവർ എന്ന നിലയിലും രാജ്യത്ത് ഉണ്ടാകുന്ന ഇത്തരം അസ്വസ്ഥതകളെയും അരക്ഷിതാവസ്ഥകളെയും കണ്ടില്ല എന്ന് നടിക്കാനോ പ്രതികരിക്കാതിരിക്കാനോ നമുക്ക് കഴിയുകയില്ല. ഏതു സമൂഹത്തിനും അവർ ആയിരിക്കുന്ന ഇടങ്ങളിൽ സുരക്ഷിതമായി, ഭയലേശമില്ലാതെ ജീവിക്കാൻ

സാധിക്കുന്നവിധം രാജ്യത്തിലെ പൗരന്മാരെ ഒന്നായിക്കണ്ട് അവർക്ക് സുരക്ഷിതത്വം ഉറപ്പുനൽകേണ്ട ഉത്തരവാദിത്തം ഭരണനേതൃത്വങ്ങൾക്ക് ഉണ്ട്. ഏതൊരു രാഷ്ട്രീയ പാർട്ടിയും ഭരണ ത്തിലേക്ക് വരുന്നത് രാജ്യത്തിലെ പൗരന്മാർ പ്രതീക്ഷയോടെ അർപ്പിക്കുന്ന വോട്ടുകളുടെ ബലത്തിലും, പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും അതീത മായ അവരുടെ സഹകരണത്തോടെയുമാണ്. അക്കാരണത്താൽ ത്തന്നെ മണിപ്പൂരിൽ നടമാടുന്ന അക്രമ പ്രവർത്തനങ്ങളോടും കലാപങ്ങ ളോടും നിഷ്പക്ഷമായി പ്രതികരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരു കൾ ഇനിയും വൈകരുത്.

ക്രൈസ്തവരെന്ന നിലയിൽ രാജ്യത്തിന്റെ സുരക്ഷിതത്വ ത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന തിനും, രാജ്യത്തോടുള്ള കൂറും വിശ്വസ്തതയും ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കുന്നതിനും ഈ അവസരത്തിൽ നാം ഉണർന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. മണിപ്പൂരിൽ കൊല്ലപ്പെട്ട സഹോദ രരെ ഓർമ്മിച്ചുകൊണ്ടും, എല്ലാം നഷ്ടപ്പെട്ട് സ്വഭവനങ്ങളിൽനിന്നും സംസ്ഥാനത്തുനിന്നുതന്നെയും ഓടിപ്പോകേണ്ടിവരുന്നരും, മരണഭീതി യിൽ കഴിയുന്നവരും, പീഡിപ്പിക്കപ്പെടുന്നവരുമായ മണിപ്പൂരിലെ ആയിരക്കണക്കിന് സഹോദരീ സഹോദന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും അവരെ ശക്തിപ്പെടുത്തികൊണ്ടും 2023 ജൂലൈ 2-ാംതീയതി ഒരു പ്രാർത്ഥനാ ദിനമായി ആചരിക്കണമെന്ന് ഭാരത കത്തോ ലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആഹ്വാനത്തെ സർവാത്മനാ സ്വീകരി ച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ജൂലൈ 2 പ്രാർത്ഥനാദിനമായി ആചരിക്കുകയും, മണിപ്പൂരിനെയും, ഇന്ത്യയെ മുഴുവനെയും ദൈവ തിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കൊല്ലപ്പെട്ടവരുടെ ആത്മാക്കൾക്ക് നിത്യശാന്തി ലഭിക്കുന്ന തിനും, മുറിവേറ്റും പീഡിപ്പിക്കപ്പെട്ടും മാരകമായ അവസ്ഥയിലൂടെ കടന്നുപോകു ന്നവർക്ക് ആശ്വാസം ലഭിക്കുന്നതിനും, എല്ലാം നഷ്ടപ്പെട്ട് പലായനം ചെയ്യപ്പെട്ട വ്യക്തികൾക്ക് സ്വദേശത്ത് തിരികെ എത്തി സമാധാനത്തിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനും വേണ്ടിയുള്ള നമ്മുടെ യാചനകൾ ദൈവതിരുമുമ്പിൽ സമർപ്പിക്കാൻ ഈ പ്രാർത്ഥനാ ദിനം സഹായിക്കട്ടെ. ഈ പ്രാർത്ഥനാ ദിനാചരണത്തോടു ചേർന്നുതന്നെ നമ്മുടെ പ്രതിഷേധങ്ങളും ആശങ്കകളും പൊതു സമൂഹത്തിൽ അവതരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇടവകതലത്തിലും സംഘടനാ തലങ്ങളിലും ക്രമീകരിക്കാനായും ഈ അവസരം പ്രയോജനപ്പെടുത്തു മല്ലോ. അതീവ ഗൗരവ മുള്ള ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ആകർഷി ക്കത്തക്കവിധം, ഇടവക - ഫൊറോന -

രൂപത തലങ്ങളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വിശ്വാസ സമൂഹത്തിന്റെ പ്രതി ഷേധ പരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമാണ്.

ഈ കലാപത്തിൽ സകലതും നഷ്ടപ്പെട്ട ആളുകളെ വേർതിരിവുകൾക്കതീതമായി സഹോദരീ സഹോദരന്മാരായി കണ്ടുകൊണ്ട് സഹായിക്കുക സൻമനസ്സുള്ള ഏവരുടെയും കടമയാണ്. ജൂലൈ 9-ാംതീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മണിപ്പൂരിനുവേണ്ടി പ്രത്യേകമായി സമാഹരിക്കേണ്ടതാണ്. അതിനുള്ള അറിയിപ്പ് പ്രാർത്ഥനാദിനമായി ആചരിക്കുന്ന ജൂലൈ രണ്ടിന് ദിവ്യബലിമധ്യേ നൽകുമല്ലോ. മണിപ്പൂരിൽ പുനരധിവാസ - ദുരിതാശ്വാസ പ്രവർ ത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന, ഭാരത കത്തോ ലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തന, സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യയ്ക്കാണ് ആ പണം എത്തിച്ചു നൽകേണ്ടത്. കാരിത്താസ് ഇന്ത്യയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**Account name: Caritas India; Account Number: 0153053000007238;**
**Name and address of the Bank: The South Indian Bank, 22,**
**Regal Building Connaught Place, New Delhi -110 001;**
**Bank's IFSC Code: SIBL0000153**

ഇടവകകളിൽനിന്ന് സ്തോത്രക്കാഴ്ചയിലൂടെ സമാഹരിക്കുന്ന പണം മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നും ഒരുക്കണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തരകലാപത്തിന്റെ തുടർച്ചയായ കടുത്ത ദുരിതത്തിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളും വൃദ്ധരും രോഗികളും ഉൾപ്പെടുന്ന പതിനായിരക്കണക്കിന് ജനങ്ങളോടുള്ള ഐക്യദാർഢ്യം വാക്കുകൾ കൊണ്ട് മാത്രമല്ല, പ്രായോഗിക തലത്തിലും നമുക്ക് പ്രകടിപ്പിക്കാം. രാജ്യത്തിലെ ഉത്തമ പൗരന്മാരെന്ന നിലയിൽ നമ്മുടെ സഹപൗരന്മാ രുടെ വേദനയിൽ പങ്കുപറ്റിക്കൊണ്ട് ജാതി മത രാഷ്ട്രീയ ഭേദമന്യേ ഏവരുടെയും കണ്ണുതുറപ്പിക്കാനും, സമയോചിതമായ ഇടപെടലിലൂടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി ഭരണ കർത്താക്കൾ പ്രവർത്തനനിരതരാ കാനും നമ്മുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും വഴിയൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

**കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്
**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ** – കെസിബിസി വൈസ് പ്രസിഡന്റ് **ബിഷപ്പ് ഡോ. അലക്സ് വടക്കുംതല** – കെസിബിസി സെക്രട്ടറി ജനറൽ

# 57-ാം ആഗോള മാധ്യമ ദിനം

## ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം "ഹൃദയപൂർവം സംസാരിക്കാം"

പ്രിയ സഹോദരീസഹോദരന്മാരേ,

57 -ാമത് ലോക സാമൂഹിക ആശയവിനിമയ ദിനത്തിനായുള്ള ഈ സന്ദേശത്തിലൂടെ, നല്ല ആശയവിനിമയത്തിനുള്ള വ്യവസ്ഥകളായി 'പോയി കാണുക' 'ശ്രവിക്കുക' എന്നീ ശുശ്രൂഷകളിലൂടെ കടന്നു പോകാൻ, കഴിഞ്ഞ വർഷങ്ങളിൽ നാം ശ്രമിച്ചു. എന്നാൽ ഇന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നത് 'ഹൃദയപൂർവമായി സംസാരിക്കുന്നതിൽ' ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. പലപ്പോഴും പലയിടത്തേക്കും പോകാനും പലരെയും കാണാനും കേൾക്കാനും നമ്മെ പ്രേരിപ്പിക്കുന്നത് നമ്മുടെ ഹൃദയമാണ്. സ്വാഗതാർഹമായ രീതിയിൽ തുറന്ന ഹൃദയത്തോടെ മറ്റുള്ളവരെ കേൾക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നതും നമ്മുടെ ഹൃദയമാണ്. മറ്റൊരുവനെ ശ്രദ്ധയോടെ കേൾക്കാൻ നാം ഉൾക്കൊള്ളുന്ന കാത്തിരിപ്പും ക്ഷമയും നല്ലൊരു പരിശീലനമായി സ്വീകരിച്ചു കഴിഞ്ഞാൽ, നമ്മുടെ മനസ്സിൽ തോന്നുന്ന ആശയങ്ങളെ മുൻനിർത്തിക്കൊണ്ട്, സംഭാഷണത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചലനാത്മകതയിലേക്ക് നമ്മളെത്തന്നെ ഉൾചേർക്കാൻ കഴിയും, ഈ പരിശീലനത്തെയാണ് കൃത്യമായി ആശയവിനിമയം നടത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നന്മയുള്ള ഹൃദയത്തോടെ അപരനെ ശ്രവിച്ച ശേഷം, സ്നേഹത്തിൽ സത്യത്തെ പിന്തുടർന്ന് നമുക്ക് സംസാരിക്കാനും കഴിയും (cf. എഫേ 4:15). സത്യം പ്രഘോഷിക്കുന്നതിൽ നാം ഭയപ്പെടേണ്ടതില്ല, അത് ചിലപ്പോൾ അസ്വസ്ഥതയുണ്ടാക്കുമെങ്കിൽപ്പോലും; കാരണം 'The Christian's Programme' എന്ന ലേഖനത്തിൽ - ബെനഡിക്റ്റ് പതിനാറാമൻ എഴുതിയതുപോലെ - 'പലരെയും കാണുവാനുള്ള ഒരു ഹൃദയം' ആണ് നമുക്ക് വേണ്ടത്.

**1.** അതായത് നമ്മുടെ അസ്തിത്വത്തിന്റെ സത്യം അതിന്റെ ചലനാത്മകതയിലൂടെ വെളിപ്പെടുത്തുന്ന ഒരു ഹൃദയം നാം സ്വന്തമാക്കണം. ഒരേ തരംഗദൈർഘ്യത്തിലേക്ക് സ്വയം പൊരുത്തപ്പെടാൻ ശ്രദ്ധിക്കുന്നവരെ ഈ ഹൃദയനിഷ്ഠ നയിക്കുന്നു, അങ്ങനെ പരിശീലിച്ചാൽ അപരന്റെ ഹൃദയമിടിപ്പും സ്വന്തം ഹൃദയത്തിനുള്ളിൽ കേൾക്കാൻ കഴിയും. അപ്പോൾ കണ്ടുമുട്ടൽ എന്ന അത്ഭുതം സംഭവിക്കാം, ആ കണ്ടുമുട്ടൽ പരസ്പരം അനുകമ്പയോടെ നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു, നമ്മുടെ പരസ്പര ദൗർബല്യങ്ങളെ ബഹുമാനത്തോടെ സ്വാഗതം ചെയ്യുന്നു, കേട്ടുകേൾവിയിലൂടെ വിലയിരുത്തി അഭിപ്രായവ്യത്യാസവും വ്യത്യസ്ത ചിന്തകളും നമ്മിൽ രൂപപ്പെടുന്നു

എല്ലാ വൃക്ഷങ്ങളും അതിന്റെ ഫലത്തിൽ നിന്നാണ് അറിയപ്പെടുന്നത് എന്ന് യേശു മുന്നറിയിപ്പ് നൽകുന്നുണ്ട് (cf. Lk 6:44): "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നന്മ പുറപ്പെടുവിക്കുന്നു, ദുഷ്ടൻ തന്റെ ദുഷ്ട നിക്ഷേപത്തിൽ നിന്ന് തിന്മ പുറപ്പെടുവിക്കുന്നു; എന്തെന്നാൽ, ഹൃദയത്തിന്റെ നിറവിൽ നിന്നാണ് അധരം സംസാരിക്കുന്നത്". അതുകൊണ്ടാണ്, സത്യമുൾക്കൊള്ളുന്ന ദാനധർമ്മ പ്രവൃത്തികളെ മനസിലാക്കുന്നതിന് ഒരാളുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടത് ആവശ്യമാണ് എന്ന് പറയുന്നത്. ശുദ്ധമായ ഹൃദയത്തോടെ ശ്രവിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് ശരിയായതിനെ കാണാനും വിവരസാങ്കേതികതയിൽ നാം ജീവിക്കുന്ന സങ്കീർണ്ണമായ ലോകത്ത് വിവേചിച്ചറിയാൻ സഹായിക്കാത്ത അവ്യക്തമായ ശബ്ദങ്ങൾ മറികടക്കാനും കഴിയൂ. ഹൃദയം കൊണ്ട് സംസാരിക്കാനുള്ള ആഹ്വാനം, നിസ്സംഗതയിലേക്കും രോഷത്തിലേക്കും ചായ്‌വുള്ള നാം ജീവിക്കുന്ന കാലഘട്ടത്തെ നന്നായി വെല്ലുവിളിക്കുന്നു, ചിലപ്പോൾ സത്യത്തെ വ്യാജമാക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലും നാം പരീക്ഷിക്കപ്പെടുന്നുണ്ട്.

## ഹൃദ്യമായി ആശയവിനിമയം നടത്തുന്നു

സൗഹാർദ്ദപരമായ രീതിയിൽ ആശയവിനിമയം നടത്തുക എന്നതിനർത്ഥം, നമ്മുടെ കൂടെയുള്ള സ്ത്രീ-പുരുഷന്മാരുടെ സന്തോഷങ്ങളിലും വേദനകളിലും, ഭയപ്പാടുകളിലും പ്രതീക്ഷകളിലും കഷ്ടപ്പാടുകളിലും ഒപ്പമായിരിക്കാൻ നമുക്ക് കഴിയണം. അങ്ങനെ നാം മറ്റുള്ളവരെ ഉൾക്കൊള്ളുന്നു എങ്കിൽ അപരനെ നാം സ്നേ ഹിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ പരിപാലിക്കുകയും അത് ലംഘിക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നു എന്നാണ് അർത്ഥം. ഗോൽഗോഥായിൽ നടന്ന കുരിശു മരണത്തിന് ശേഷം എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യന്മാരുമായി സംഭാഷണം നടത്തുന്ന നിഗൂഢമായ വഴിയാത്രക്കാരനിൽ ഈ ശൈലി നമുക്ക് കാണാൻ കഴിയും. ഉത്ഥിതനായ യേശു ഹൃദയം കൊണ്ട് അവരോട് സംസാരിക്കുന്നു, അവരുടെ കഷ്ടപ്പാടുകളുടെ യാത്രയെ സ്നേഹബഹുമാനത്തോടെ അനുഗമിച്ചു, സ്വയം നിർദ്ദേശിച്ചു, തന്റെ ഇഷ്ടപ്രകാരം അടിച്ചേൽപ്പിക്കാതെ, കടന്നു പോയ സംഭവത്തിന്റെ ആഴത്തിലുള്ള അർത്ഥം മനസ്സിലാക്കാൻ സ്നേഹപൂർവ്വം അവരുടെ മനസ്സ് തുറക്കുന്നു. തീർച്ചയായും, അവൻ വഴിയിൽ അവരോട് സംസാരിക്കുകയും അവർക്ക് തിരുവെഴുത്തുകൾ വിശദീകരിക്കുകയും ചെയ്യുമ്പോൾ അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ കത്തുന്നതായി അവർക്ക് സന്തോഷത്തോടെ ഉദ്ഘോഷിക്കാൻ കഴിഞ്ഞു (cf. Lk 24:32) എന്ന് വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.

ധ്രുവീകരണങ്ങളും വൈരുദ്ധ്യങ്ങളും അടയാളപ്പെടുത്തിയ ഒരു ചരിത്ര കാലഘട്ടത്തിൽ - നിർഭാഗ്യവശാൽ സഭാ സമൂഹം പോലും പ്രതിരോധിക്കാത്തതാ

ണ് എന്ന് നാം മനസിലാക്കുന്നു – 'തുറന്ന ഹൃദയത്തോടെയും തുറന്ന കൈകളോടെയും' ആശയവിനിമയം നടത്താനുള്ള പ്രതിബദ്ധത ആശയവിനിമയ മേഖലയിലുള്ളവർക്ക് മാത്രം ബാധകമായതല്ല; അത് എല്ലാവരുടെയും ഉത്തരവാദിത്തമാണ്. സത്യം അന്വേഷിക്കാനും സംസാരിക്കാനും ദാനധർമ്മം ചെയ്യാനും നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ക്രിസ്ത്യാനികളായ നാം നമ്മുടെ നാവിനെ തിന്മയിൽ നിന്ന് സൂക്ഷിക്കാൻ നിരന്തരം ആവശ്യപ്പെടുന്നു (cf. സങ്കീ. 34:13), കാരണം തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നതുപോലെ, അതേ നാവിൽ നമുക്ക് കർത്താവിനെ വാഴ്ത്താനും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുരുഷന്മാരെയും സ്ത്രീകളെയും ശപിക്കാനും കഴിയും. (cf. യാക്കോബ് 3:9). ഒരു ദുഷിച്ച വാക്കും നമ്മുടെ വായിൽ നിന്ന് വരരുത്, പകരം 'കേൾക്കുന്നവർക്ക് കൃപ നൽകുന്നതിന് അവസരത്തിന് യോജിച്ച രീതിയിൽ ആത്മികവർദ്ധനയ്ക്ക് യോജിച്ച രീതിയിൽ ജീവിതം നയിക്കുന്നതാണ് നല്ലത്' (എഫേ. 4:29).

ചിലപ്പോൾ സൗഹൃദ സംഭാഷണങ്ങൾ ഏറ്റവും കഠിനമായ ഹൃദയങ്ങളിൽ പോലും ഒരു മാറ്റം നൽകിയേക്കാം. സാഹിത്യത്തിലും നമുക്ക് ഇതിന് തെളിവുകളുണ്ട്. ലൂസിയ ഇന്നോമിനാറ്റോയോട് ഹൃദയം കൊണ്ട് സംസാരിക്കുന്ന, ആരോഗ്യകരമായ ആന്തരിക പ്രതിസന്ധിയാൽ നിരായുധനാകുകയും, സ്നേഹത്തിന്റെ സൗമ്യമായ ശക്തിക്ക് വഴങ്ങുകയും ചെയ്യുന്നതുവരെ, 'വിവാഹ നിശ്ചയത്തിന്റെ' (The Bethrothed) XXI അധ്യായത്തിലെ അവിസ്മരണീയമായ ആ പേജിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്. നിർഭാഗ്യവശാൽ ഹൃദയങ്ങളെയും ബന്ധങ്ങളെയും വിഷലിപ്തമാക്കുകയും ചെയ്യുന്ന ക്രൂരതയ്ക്കുള്ള യഥാർത്ഥ മറുമരുന്നാണ് ദയ എന്നത് 'മര്യാദ'യുടെ ഒരു ചോദ്യം മാത്രമല്ല, സമൂഹത്തിൽ ഞങ്ങൾ ഇത് പലരുടെയും അനുഭവത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നു. മാധ്യമരംഗത്ത് ഞങ്ങൾക്ക് ഇത്തരം ആയുധങ്ങൾ ആവശ്യമാണ്, അതിനാൽ തന്നെ മുന്നിൽ ആയിരിക്കുന്നവരെ ഈ ആശയവിനിമയ രീതി പ്രകോപിപ്പിക്കുകയും രോഷം സൃഷ്ടിക്കുകയും സംഘർഷത്തിലേക്ക് നയിക്കുകയും ചെയ്യുന്ന അമർഷം ഉളവാക്കുന്നില്ല, മറിച്ച് അവർ ജീവിക്കുന്ന യാഥാർത്ഥ്യത്തെ, വിമർശനാത്മകവും എന്നാൽ എല്ലായ്പ്പോഴും ആദരവുമുള്ള മനോഭാവത്തോടെ സമാധാനപരമായി പ്രതിഫലിപ്പിക്കാനും വ്യാഖ്യാനിക്കാനും ആളുകളെ സഹായിക്കുന്നു.

### ഹൃദയം ഹൃദയത്തോട് സംവദിക്കുന്നു

പ്രശസ്തമായ പ്രസ്താവനകളിലൊന്നായ 'ഹൃദയം ഹൃദയത്തോട് സംസാരിക്കുന്നു' എന്ന ചിന്ത, സ്നേഹത്തിൽ വിശ്വസ്തരായ തലമുറകളെ പ്രചോദിപ്പിക്കുന്നുണ്ട്, അവരിൽ വിശുദ്ധ ജോൺ ഹെന്റി ന്യൂമാൻ, അത് തന്റെ മുദ്രാവാക്യമായി തിരഞ്ഞെടുത്തു, 'നന്നായി സംസാരിക്കാൻ, നന്നായി സ്നേഹിച്ചാൽ

മതി' എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ബോധ്യം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആശയവിനിമയം ഒരിക്കലും കൃത്രിമമായ ഒന്നിലേക്കും വിപണന തന്ത്രത്തിലേക്കും ചുരുങ്ങരുതെന്ന് അദ്ദേഹം കാണിച്ചുതരുന്നു. വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസിനെ സംബന്ധിച്ചിടത്തോളം, "ഹൃദയത്തിലും ഹൃദയത്തിലൂടെയും, സൂക്ഷ്മവും തീവ്രവും ഏകീകൃതവുമായ ഒരു പ്രക്രിയ നടക്കുന്നു, അതിൽ നാം ദൈവത്തെ അറിയുന്നു".

**2.** 'നന്നായി സ്നേഹിക്കുന്നതിലൂടെ', ബധിരനും മൂകനുമായ മാർട്ടിനുമായി ആശയവിനിമയം നടത്തുന്നതിൽ വിശുദ്ധ ഫ്രാൻസിസ് വിജയിച്ചു, അവന്റെ സുഹൃത്തായി. അതുകൊണ്ടാണ് ആശയവിനിമയത്തിൽ വൈകല്യമുള്ള ആളുകളുടെ സംരക്ഷകൻ എന്നും അദ്ദേഹം അറിയപ്പെടുന്നത്.

ഈ 'സ്നേഹത്തിന്റെ മാനദണ്ഡത്തിൽ' നിന്നാണ്, ജനീവയിലെ വിശുദ്ധ ബിഷപ്പ് തന്റെ രചനകളിലൂടെയും ജീവിത സാക്ഷ്യത്തിലൂടെയും ആശയവിനിമയം നടത്തുന്നത്' എത്ര ഉചിതം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇത് ഇന്നത്തെ കാലഘട്ടത്തിന്റെ ചിന്തകൾക്ക് എതിരാണ് - പ്രത്യേകിച്ച് സോഷ്യൽ മീഡിയയിൽ നമ്മൾ അനുഭവിക്കുന്നതുപോലെ - ആശയവിനിമയം പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നു, അതിനാൽ ലോകം നമ്മളെപ്പോലെയല്ല, നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാണണം എന്ന് നിർബന്ധമില്ല. വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസ് തന്റെ രചനകളുടെ നിരവധി പകർപ്പുകൾ ജനീവ സമൂഹത്തിനിടയിൽ പ്രചരിപ്പിച്ചു. ഈ 'പത്രപ്രവർത്തന' അവബോധം അദ്ദേഹത്തിന് ഒരു പ്രശസ്തി നേടിക്കൊടുത്തു, അത് അദ്ദേഹത്തിന്റെ രൂപതയുടെ പരിധിക്കപ്പുറത്തേക്ക് പോയി, ഇന്നും നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ രചനകൾ, 'വളരെ ആസ്വാദ്യകരവും പ്രബോധനപരവും ചലനാത്മകവുമായ' ചിന്തകൾ നൽകുന്നു. ഇന്ന് നമ്മൾ ആശയവിനിമയ മേഖലയിലേക്ക് നോക്കുകയാണെങ്കിൽ, ഒരു ലേഖനം, ഒരു റിപ്പോർട്ട്, ഒരു ടെലിവിഷൻ അല്ലെങ്കിൽ റേഡിയോ പരിപാടി അല്ലെങ്കിൽ ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ ഉൾപ്പെടേണ്ട സവിശേഷതകൾ പലതാണ്. ആശയവിനിമയ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ മാധ്യമങ്ങളെ വല്ലാതെ സ്വാധീനിച്ച ഈ വിശുദ്ധനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും കൂടി സത്യം അന്വേഷിക്കുകയും പറയുകയും ചെയ്യണം.

## സിനഡൽ പാതയിൽ ഹൃദയപൂർവ്വം സംസാരിക്കാം

നാം ഒരാളെ ശ്രവിക്കുന്നതു മൂലം മറ്റൊരാളുടെ സാമീപ്യം, അനുകമ്പ, ആർദ്രത എന്നിവയാൽ പരിപോഷിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സാമൂഹിക അവബോധമുൾക്കൊണ്ട് സമൂഹത്തോട് സംസാരിക്കുന്നതിന് കാരണമാകണം. ഹൃദയങ്ങളെ ജ്വലിപ്പിക്കുന്ന, മുറിവുകളിൽ സുഗന്ധം പരത്തുന്ന, നമ്മുടെ സഹോദരീസഹോദരന്മാരുടെ യാത്രയിൽ വെളിച്ചം വീശുന്ന ആശയവിനിമയം സഭ

യിൽ നമുക്ക് അനിവാര്യമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ അറിയുന്ന, സൗമ്യവും അതേ സമയം പ്രവചനികവുമായ ഒരു വ്യക്തിയെ, അല്ലെങ്കിൽ ഒരുകൂട്ടം കേൾവിക്കാരെ മൂന്നാം സഹസ്രാബ്ദത്തിൽ അവതരിപ്പിക്കാൻ വിളിക്കപ്പെടുന്ന അത്ഭുതകരമായ പ്രഖ്യാപനത്തിന് പുതിയ വഴികളും മാർഗങ്ങളും എങ്ങനെ കണ്ടെത്താമെന്ന് സഭ ചിന്തിക്കുന്നു. അങ്ങനെ ഒരു ആശയവിനിമയ രീതി ഞാൻ സ്വപ്നം കാണുന്നു. ദൈവവുമായും അയൽക്കാരനുമായും, പ്രത്യേകിച്ച് ഏറ്റവും ആവശ്യമുള്ളവരുമായുള്ള ബന്ധത്തെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന ഒരു ആശയവിനിമയം, സ്വയം റഫറൻഷ്യൽ ഐഡന്റിറ്റി സംരക്ഷിക്കുന്നതിനുപകരം വിശ്വാസത്തിന്റെ തീ ആളിക്കത്തുന്നത് എങ്ങനെയെന്ന് അറിയുന്ന ഒരു കൂട്ടായ്മ സഭക്ക് അനിവാര്യമാണ്. ശ്രവിക്കുന്നതിലെ വിനയവും സംസാരിക്കുന്നതിലെ സൗമ്യതയും അടിസ്ഥാനമാക്കിയുള്ള ആശയവിനിമയത്തിന്റെ ഒരു രൂപം, അത് ഒരിക്കലും ദാനധർമ്മത്തിൽ നിന്ന് സത്യത്തെ വേർതിരിക്കുന്നില്ല.

## സമാധാനത്തിന്റെ ഭാഷ പ്രചരിപ്പിച്ചുകൊണ്ട് ആത്മാക്കളെ നിരായുധരാക്കുന്നു

'മൃദുവായ നാവ് അസ്ഥിയെ തകർക്കും' എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. എന്നത്തേക്കാളും ഇന്ന്, യുദ്ധം നടക്കുന്ന സ്ഥലങ്ങളിൽ സമാധാന സംസ്കാരം വളർത്തിയെടുക്കാൻ ഹൃദയം ഹൃദയംകൊണ്ട് സംസാരിക്കേണ്ടത് അത്യാവശ്യമാണ്; വെറുപ്പും വിദ്വേഷവും രോഷം നമ്മെ അടിമപ്പെടുത്തുന്ന ഇടങ്ങളിൽ സംവാദത്തിനും അനുരഞ്ജനത്തിനും വഴിയൊരുക്കുന്ന വഴികൾ തുറക്കുക. നാം അനുഭവിക്കുന്ന ആഗോള സംഘർഷത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ, ശത്രുതയില്ലാത്ത ഒരു ആശയവിനിമയ രീതി നിലനിർത്തേണ്ടത് അടിയന്തിരമാണ്. 'മാന്യമായ സംഭാഷണം നടത്തുന്നതിന് പകരം തുടക്കത്തിൽ തന്നെ എതിരാളികളെ അപകീർത്തിപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുക' എന്ന പ്രവണതയെ മറികടക്കേണ്ടത് ആവശ്യമാണ്. വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ എൻസൈക്ലിക്കൽ 'പാച്ചെം ഇൻ തേറിസിൽ' പ്രവചനാത്മകമായി ഉദ്ബോധിപ്പിച്ചതുപോലെ, സമഗ്രമായ നിരായുധീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന, നമ്മുടെ ഹൃദയങ്ങളിൽ കൂടുകൂട്ടുന്ന യുദ്ധസമാനമായ മനോവിഭ്രാന്തിയെ ഇല്ലാതാക്കാൻ പ്രതിജ്ഞാബദ്ധരായ, സംഭാഷണത്തിനും തുറന്ന ആശയവിനിമയക്കാരെ നമുക്ക് ആവശ്യമുണ്ട്: 'യഥാർത്ഥ സമാധാനം കെട്ടിപ്പടുക്കാൻ പരസ്പര വിശ്വാസത്തിനു മാത്രമേ കഴിയൂ. അറുപത് വർഷങ്ങൾക്ക് മുമ്പുള്ളതുപോലെ, ആശയവിനിമയത്തിന്റെ തലത്തിലും എത്രയും വേഗം അവസാനിപ്പിക്കേണ്ട യുദ്ധത്തിന്റെ വർദ്ധനവിനെ മനുഷ്യൻ ഭയപ്പെടുന്ന ഒരു ഇരുണ്ട സമയത്താണ് നാമും ഇപ്പോൾ ജീവിക്കുന്നത്. ആളുകളെയും പ്രദേശങ്ങളെയും നശിപ്പിക്കാൻ ആഹ്വാനം ചെയ്യുന്ന വാക്കുകൾ എത്ര എളുപ്പത്തിൽ സംസാരിക്കുന്നുവെന്ന് കേൾക്കുന്നത് വല്ലാതെ ഭയപ്പെടുത്തുന്നതാണ്. വാക്കുകൾ, അത് പലപ്പോഴും ഹീനമായ അക്രമത്തിന്റെ യുദ്ധസമാനമായ പ്രവർത്തനങ്ങളായി മാറുന്നു. അതുകൊണ്ടാണ് എല്ലാ യുദ്ധസമാന

മായ വാക്കുതർക്കങ്ങളും, അതുപോലെ തന്നെ സത്യത്തെ കൃത്രിമമാക്കുകയും പ്രത്യയശാസ്ത്രപരമായ ലക്ഷ്യങ്ങൾക്കായി അതിനെ രൂപഭേദം വരുത്തുകയും ചെയ്യുന്ന എല്ലാ തരത്തിലുള്ള പ്രചരണങ്ങളും തള്ളിക്കളയേണ്ടത് അനിവാര്യമാണ്. പകരം, ജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്ന ആശയവിനിമയത്തിന്റെ ഒരു രൂപമാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

ക്രിസ്ത്യാനികൾ എന്ന നിലയിൽ, സമാധാനത്തിന്റെ വിധി നിർണ്ണയിക്കുന്നത് ഹൃദയങ്ങളുടെ പരിവർത്തനത്തിലൂടെയാണെന്ന് നമുക്കറിയാം, കാരണം യുദ്ധത്തിന്റെ വൈറസ് മനുഷ്യന്റെ ഹൃദയത്തിനുള്ളിൽ നിന്നാണ് വരുന്നത്. അടഞ്ഞതും വിഭജിക്കപ്പെട്ടതുമായ ഒരു ലോകത്തിന്റെ നിഴലുകൾ അകറ്റാനും നമുക്ക് ലഭിച്ചതിനേക്കാൾ മികച്ച ഒരു നാഗരികത കെട്ടിപ്പടുക്കാനുമുള്ള ശരിയായ വാക്കുകൾ ഹൃദയത്തിൽ നിന്ന് വരുന്നു. ഈ ശ്രമത്തിൽ ഏർപ്പെടാൻ നമ്മൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്, എന്നാൽ ആശയവിനിമയ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്തബോധത്തെ കൂടുതൽ ആകർഷിക്കുന്ന ഒന്നാണ്, അതിലൂടെ അവർക്ക് അവരുടെ തൊഴിൽ ഒരു ദൗത്യമായി നിർവഹിക്കാൻ കഴിയും എന്ന വസ്തുത.

കർത്താവായ യേശു, പിതാവിന്റെ ഹൃദയത്തിൽ നിന്ന് പകർന്ന ശുദ്ധമായ വചനം, നമ്മുടെ ആശയവിനിമയം വ്യക്തവും തുറന്നതും ഹൃദയംഗമവുമാക്കാൻ നമ്മെ സഹായിക്കട്ടെ.

ഹൃദയമിടിപ്പിന് ചെവികൊടുക്കാനും സഹോദരീസഹോദരന്മാരായി നമ്മെത്തന്നെ വീണ്ടും കണ്ടെത്താനും ഭിന്നിപ്പിക്കുന്ന ശത്രുതയെ നിരായുധരാക്കാനും വചനം മാംസമായ കർത്താവായ യേശു നമ്മെ സഹായിക്കട്ടെ.

സത്യത്തിന്റെയും സ്നേഹത്തിന്റെയും വചനമായ കർത്താവായ യേശു ദാനധർമ്മത്തിൽ സത്യം സംസാരിക്കാൻ നമ്മെ സഹായിക്കട്ടെ, അങ്ങനെ നമുക്ക് പരസ്പരം സംരക്ഷകരായി മുന്നേറാം.

**ഫ്രാൻസിസ് പാപ്പ**

# കച്ചേരിക്കാര്യം

## 1. New appointments

*Internal Auditors*

Rev. Fr. Abraham Kocheelath
Rev. Fr. Joseph Chundayil

| | |
|---|---|
| Rev. Fr. Varghese Mangalath OFM Cap. | Asst. Vicar, Perambra |
| Rev. Fr. Kurian Perumpallikunnel CMI | Asst. Vicar, Devagiri |
| Rev. Fr. John Kanjirathinkal OFM Cap. | Relieved |

*KCYM Mekhala Directors*

| | |
|---|---|
| Rev. Fr. Kuriakose Puthenveettil | Vilangad |
| Rev. Fr. Joseph Panthaladickal | Thiruvambdy |
| Rev. Fr. Joseph Kalathil | Malappuram |

*CML Mekhala Directors*

| | |
|---|---|
| Rev. Fr. Joseph Kiliyanparambil | Paropady |
| Rev. Fr. Mathew Thekkekaramattathil | Vilangad |
| Rev. Fr. Paul Poovathinkal | Perinthalmanna |
| Rev. Fr. George Karintholil | Thiruvambady |
| Rev. Fr. Sebastian Cheeramattam | Karuvarakundu |
| Rev. Fr. Abraham Mazhuvanchery | Maruthomkara |

*SMART Mekhala Directors*

| | |
|---|---|
| Rev. Fr. Joseph Kiliyanparambil | Paropady |
| Rev. Fr. Mathew Thekkekaramattathil | Vilangad |
| Rev. Fr. George Nariveli | Thiruvambady |
| Rev. Fr. Sebastian Cheeramattam | Karuvarakundu |
| Rev. Fr. Thomas Pulayamparambil | Thamarassery |

*Kudumbakoottayma Mekhala Directors*

| | |
|---|---|
| Rev. Fr. Mathew Kottackal | Karuvarakundu |
| Rev. Fr. George Puthusseriputhenpura | Kodanchery |
| Rev. Fr. Thomas Thevadiyil | Koorachundu |

| | |
|---|---|
| Rev. Fr. Joseph Kuzhikkattumyalil | Malappuram |
| Rev. Fr. Varghese Panackal | Maruthomkara |
| Rev. Fr. Jacob Kazhukanolickal CMI | Paroppady |
| Rev. Fr. James Vamattathil | Perinthalmanna |
| Rev. Fr. Mathew Mulangassery | Thamarassery |
| Rev. Fr. Simon Kizhakkekunnel | Thiruvambady |
| Rev. Fr. Thomas Kudiyirickal | Thottumukkam |
| Rev. Fr. Kuriakose Puthenveettil | Vilangad |

**2. ജൂലൈ 3 – സഭാദിനം, സഭാദിന പിരിവ്**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സീറോ മലബാർ സഭാദിന പിരിവ് (ആൾ ഒന്നിന് 2 രൂപ പ്രകാരം) രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**3. വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം 2023 ജൂലൈ 9 മുതൽ 14 വരെ പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ വച്ചാണ് നടക്കുന്നത്. ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സന്യാസസമൂഹാംഗം ആന്റണി പറങ്കിമാലിൽ വി.സി. അച്ചനാണ്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാ കാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തുകയും ആ വിവരം രൂപതാ കാര്യാലയത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമ്മിക്കുമല്ലോ.

**3. യുവജന ഞായർ – ജൂലൈ 9**

ജൂലൈ 9-ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

**5. പ്രസ്ബിറ്ററൽ കൗൺസിൽ – ജൂലൈ 18**

12-ാമത് വൈദികസിമിതിയുടെ മൂന്നാമത് സമ്മേളനം 2023 ജൂലൈ 18 ന്

ചൊവ്വാഴ്ച രാവിലെ10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**6. വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ – ജൂലൈ 25**

"ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ആപ്ത വാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ ദിവസമായ ജൂലൈ 25 ആഗോളസഭ ഗ്രാന്റ് പേരൻസ് ഡേ ആയി ആചരിക്കുന്നു. നമ്മുടെ ഇടവകകളിലെ വല്യപ്പന്മാരെയും വല്യമ്മമാരെയും ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്.

**7. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം – ജൂലൈ 26**

ജൂലൈ 26-ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവ ജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**8. വി. അൽഫോൻസാമ്മയുടെ തിരുനാൾ –ജൂലൈ 28**

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാ ളാണ് ജൂലൈ 28. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കു വേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

**9. ഇന്റേണൽ ഓഡിറ്റേഴ്സ്**

നമ്മുടെ രൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റ് ചെയ്യുന്നതിന് ബഹു. അബ്രാഹം കൊച്ചീ ലാത്ത് അച്ചനെയും ബഹു. ജോസഫ് ചുണ്ടയിലച്ചനെയും നിയമിച്ചിട്ടുണ്ട്. അവർ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട് എന്ന കാര്യം അറിയിക്കുന്നു.

**10. വൈദിക ദിനം, വൈദിക ക്ഷേമനിധി**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരു നാളായ ആഗസ്റ്റ് 4-ാം തീയതി നമ്മുടെ പതിവനുസരിച്ച് വൈദികദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസക ളർപ്പിക്കുവാനും പരിശ്രമിക്കുമല്ലോ.

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ സംഭാവനകൾ സ്വീക രിക്കുന്നതിന് വിതരണം ചെയ്യുവാനുള്ള കവറുകൾ വാർഷികധ്യാനത്തോടനു ബന്ധിച്ച് ബഥാനിയ ധ്യാനകേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ബഹുമാനപ്പെട്ട അച്ചന്മാർ ഓരോ ഇടവകയിലേക്കും ആവശ്യമായ കവറുകൾ കൊണ്ടുപോകാൻ ശ്രദ്ധിക്കുമല്ലോ. ആഗസ്റ്റ് 6-ാം തീയതി സ്തോത്രക്കാഴ്ച സമർപ്പിക്കുവാനുള്ള കവറുകൾ നേരത്തെതന്നെ ഭവനങ്ങളിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധി

ക്കുമല്ലോ. ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ യഥാസമയം രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

### 11. പുതിയ അഡ്രസ്സ്

1 Fr. Dr. Sabu Madathikunnel
Kapellenweg 14
51570 Windeck, Germany.
Mobile: +4915734651003
Landline: +4922923948671
Whatsapp: +32477446975
Email: pastorsabu17@gmail.com

2 Fr. Jerilne Kadaplackal
St. Mother Teresa Catholic Forane Parish,
Edmonton, 9120-146 St. NW,
Edmonton, AB T5R 0W2, CANADA

### 12. സ്മരണാഞ്ജലി

15.07.1999 – റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
16.07.1981 – റവ. ഫാ. അബ്രാഹം മൂക്കനോലിൽ
**18.07.2010 – റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ**
**23.07.2019 – റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ**
26.07.2003 – റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
**27.07.2008 – റവ. ഫാ. മാത്യു പൊയ്യക്കര**
28.07.1970 – റവ. ഫാ. ജേക്കബ്ബ് വെള്ളക്കട
**30.07.2012 – റവ. ഫാ. ജോസ് മണിമലത്തറപ്പിൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ
18.07.2010



റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ
23.07.2019



റവ. ഫാ. മാത്യു പൊയ്യക്കര
27.07.2008



റവ. ഫാ. ജോസ് മണിമലത്തറപ്പിൽ
30.07.2012

# വിശ്വാസപരിശീലനം

## വിശ്വാസപരിശീലനം

'ദൈവമേ, എന്നെ കാത്തുകൊള്ളണമേ! ഞാൻ അങ്ങയിൽ ശര ണം വച്ചിരിക്കുന്നു. അവിടുന്നാണ് എന്റെ കർത്താവ്; അങ്ങയിൽ നിന്നല്ലാതെ എനിക്ക് നൻമയില്ല എന്നു ഞാൻ കർത്താവിനോടുപറയും.' (സങ്കീർത്തനങ്ങൾ 16:12)

## ACC 14 അധ്യാപക സംഗമം

2023-2024 വിശ്വാസ പരിശീലന വർഷത്തിലെ ACC 14 ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം ജൂൺ 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം 9 മുതൽ 10 വരെ ഗൂഗിൾ മീറ്റിലൂടെ നടത്തി. 60 അധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.

## എമ്മാവൂസ് മീറ്റ് (മതാധ്യാപക സംഗമം)

2023-2024 വിശ്വാസ പരിശീലന വർഷത്തിലെ മതാധ്യാപക സംഗമം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് ജൂൺ 17 ശനിയാഴ്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ 'വിശ്വാസ പരിശീലനം ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി അധ്യാപകർക്ക് ക്ലാസ്സ് നൽകി. മഞ്ഞക്കുന്ന് ഇടവക അൽഫോൻസ കൊയറിന്റെ മനോഹരമായ മ്യൂസിക്ക് സെഷൻ ദിവസത്തെ അനുഗ്രഹപ്രദമാക്കി. ദൈവാനുഗ്രഹത്തിന്റെ നിമിഷങ്ങൾ തീർത്ത് ബഥാനിയ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. ബിനു പുളിക്കൽ അച്ചന്റെ നേതൃത്വത്തിൽ ബഥാനിയ ടീം ദിവ്യകാരുണ്യ ആരാധന നടത്തി.

ഉച്ചകഴിഞ്ഞുള്ള പൊതുസമ്മേളനത്തിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ എല്ലാവരെയും സ്വാഗതം ചെയ്തു. താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമീജീയോസ് ഇഞ്ചനാ നിയിൽ അധ്യക്ഷ പ്രസംഗം നടത്തി. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. 2021-22, 2022-23 വിശ്വാസ പരിശീലന വർഷങ്ങളിൽ 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിച്ചു. അബ്രഹാം ജയ്സൺ കുന്നുകുഴി വയലിൻ സോളോ പെർഫോമൻസ് നടത്തി. വിവിധ മേഖലകളിൽ പ്രതിഭകളായവരെ അനുമോദിച്ചു. ബഥാനിയ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആശംസ കൾ അറിയിച്ചു. ജൂബിലേറിയൻസിനെ പ്രതിനിധീകരിച്ച് ശ്രീ. അബ്രഹാം മണലോടി മറുപടി പ്രസംഗം നടത്തി. വിവിധ ക്ലാസു കളിൽ സമ്മാനാർഹരായ കുട്ടികളെ അനുമോദിച്ചു. രൂപത മതബോ ധന പ്രസിഡന്റ് ശ്രീ. ഷിബു മാത്യു എടാട്ട്

സമ്മേളനത്തിൽ പങ്കെ ടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. മാർ റെമീജീയോസ് ഇഞ്ചനാനി യിൽ പിതാവ് എല്ലാ മതാധ്യാപകരെയും ആശിർവദിച്ച് പ്രാർത്ഥിച്ചു. തുടർന്ന് സീറോ മലബാർ ആന്തത്തോടെ സമ്മേളനം അവസാനിച്ചു.

## Faith at Parish

ചെമ്പനോട, പുഷ്പഗിരി എന്നീ ഇടവകകളിൽ രൂപത മതബോ ധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തി. വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നൽകുകയും, മതാധ്യാപകരെ കണ്ട് വിശ്വാസ പരിശീലനം വിലയിരു ത്തുകയും ചെയ്തു.

## ACC 13, 14 ക്ലാസ്സുകൾ

ACC 13-2023 Batchന്റെ ഫൈനൽ പരീക്ഷ സ്കോർ ഷീറ്റ് ജൂൺ 5 ന് പബ്ലിഷ് ചെയ്തു.

2023-24 വിശ്വാസ പരിശീലന വർഷത്തെ ACC 13 ന്റെ 2 ക്ലാസ്സുകൾ, ACC 14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ACC 13ൽ 'ബൈബിൾ ദൈവനിവേശിത ഗ്രന്ഥം' എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, 'തോമാശ്ലീഹാ ഭാരതത്തിലെത്തിയ തിന് തെളിവുകൾ' എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സുൾ എടുത്തു. ACC 14ൽ 'ബൈ ബിൾ എന്തിന് വായിക്കണം' 'ഏകദൈവ വിശ്വാസം: ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം' എന്നീ വിഷയങ്ങളുമാണ് ചർച്ച ചെയ്തത്.

## ലൂമിന

2023-2024 വിശ്വാസ പരിശീലന വർഷത്തെ 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ലൂമിന പ്രോഗ്രാം ജൂലൈ 8 ശനിയാഴ്ച്ച കോടഞ്ചേരി മേഖലയിൽ (കോടഞ്ചേരി ഫൊറോന ദൈവാലയം) രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്നതാണ്. ജൂലൈ 9 ഞായറാഴ്ച തോട്ടു മുക്കം മേഖലയിൽ (തോട്ടുമുക്കം ഫൊറോന ദൈവാലയം), ജൂലൈ 23 ഞായറാഴ്ച താമരശ്ശേരി മേഖലയിൽ (താമരശ്ശേരി ഫൊറോന ദൈവാലയം), ജൂലൈ 28 വെള്ളിയാഴ്ച്ച കൂരാച്ചുണ്ട് മേഖലയിലെ HCC I കുട്ടികളുടെ ലൂമിന കൂരാച്ചുണ്ട് വച്ചു നടക്കുന്നതാണ്.

## ലൂമിന - ഓഗസ്റ്റ് മാസത്തിൽ

ഓഗസ്റ്റ് 6 (ഞായർ) - മരുതോങ്കര മേഖല @ മരുതോങ്കര
ഓഗസ്റ്റ് 12 (ശനി) - പാറോപ്പടി മേഖല @ ചേവായൂർ

ഓഗസ്റ്റ് 13 (ഞായർ) - കരുവാരകുണ്ട് മേഖല @ കരുവാരകുണ്ട്
ഓഗസ്റ്റ് 20 (ഞായർ) - കൂരാച്ചുണ്ട് മേഖല (HCC II) @ ചക്കിട്ടപ്പാറ

### ആമുഖസെമിനാർ

2023-2024 വിശ്വാസ പരിശീലന വർഷത്തെ നവാഗതരായ അധ്യാപകർക്കുവേണ്ടിയുള്ള ആമുഖസെമിനാർ ജൂൺ 30 ജൂലൈ 01, 02 തീയതികളിൽ (വെള്ളി, ശനി, ഞായർ) മേരിക്കുന്ന് പി.എം.ഒ.സി യിൽ വച്ച് നടത്തപ്പെട്ടു. ജൂൺ 30-ന് വൈകിട്ട് 5.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച സെമിനാർ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

### Power Cell (മതാധ്യാപക സംഗമം)

ജൂൺ 27 കോടഞ്ചേരിയിൽ വച്ച് ആദ്യത്തെ പവർസെൽ പ്രോഗ്രാം നടത്തപ്പെട്ടു. അഭിവന്ദ്യ റെമീജിയോസ് പിതാവ് സമ്മേളനത്തിൽ വി. കുർബാനയെക്കുറിച്ച് ക്ലാസ്സെടുത്തു. കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട് എന്നീ ഇടവകകളിലെ അധ്യാപകർ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 12 ബുധനാഴ്ച്ച മലപ്പുറം സെന്ററിൽ വച്ച് നടത്തുന്ന പ്രോഗ്രാമിൽ പങ്കെടുക്കേണ്ട ഇടവകകൾ: കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ.

ജൂലൈ 19 ബുധനാഴ്ച്ച മലാപ്പറമ്പ് സെന്ററിൽ വച്ച് നടത്തുന്ന പ്രോഗ്രാമിൽ പങ്കെടുക്കേണ്ട ഇടവകകൾ: മലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട. എല്ലാ മതാധ്യാപകരും നിർബന്ധമായും ഈ പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്.

### മതബോധന ഗാനം റീലോഞ്ചിങ്

ഫാ. ജോയ് ചേഞ്ചേരിയിൽ എം.സി.ബി.എസ്. രചന നിർവഹിച്ച്, ജോയി തോട്ടാൻ സംഗീതം പകർന്ന താമരശ്ശേരി രൂപത മതബോധന ഗാനം കാറ്റകിസം യൂട്യൂബ് ചാനലിലൂടെ ഒരിക്കൽ കൂടി റീ ലോഞ്ചിംഗ് ചെയ്തു. മലയാള ചലച്ചിത്ര പിന്നണി ഗായിക നിയാ ചാർലി പുല്ലൂരാംപാറ പാടി, അഖിൽ ഇളപ്പുങ്കൽ കൂടരഞ്ഞി പശ്ചാത്തല സംഗീതം നിർവഹിച്ച ഈ ഗാനത്തിന്റെ വീഡിയോ റിലീസിംഗ് എമ്മാവൂസ് മീറ്റ് മതാധ്യാപക സമ്മേളനത്തിൽ വച്ച് അഭിവന്ദ്യമാർ റെമീജീയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു.

### മീഡിയ കാറ്റക്കേസിസ്

2022-23 വിശ്വാസ പരിശീലന വർഷത്തിലെ ACC 13 ൽ ഒന്നും മൂന്നും സ്ഥാനം നേടിയ കുട്ടികളുടെ ഇന്റർവ്യു 'ACC 13 STARS' കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംരക്ഷണം ചെയ്തു.

എമ്മാവൂസ് മീറ്റ് (Highlights) കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംരക്ഷണം ചെയ്തു.

**സീറോ മലബാർ കാറ്റെകെറ്റിക്കൽ കമ്മീഷൻ വിശ്വാസ പരിശീല കർക്കായി ഒരുക്കുന്ന 3 പ്രോഗ്രാമുകൾ**

1. സീറോ മലബാർ സഭയിലെ മുഴുവൻ വിശ്വാസ പരിശീലകർക്കും വേണ്ടിയുള്ള ഓൺലൈൻ Enrichment ക്ലാസ്

തിയതി : ജൂൺ 23 വെള്ളി മുതൽ ജൂലൈ 1 ശനി വരെ എല്ലാ ദിവസവും

സമയം : 8:30 PM 9:30 PM (ZOOM CONFERENCE)

വിഷയം : Sacraments and Sacramentals of the syro- malabar church.

**2. സീറോ മലബാർ സഭയിലെ മുഴുവൻ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്മാരുടെ ഓൺലൈൻ കോൺഫറൻസ്.**

തിയതി : ജൂലൈ 4 ചൊവ്വ

സമയം : 6 PM, (ZOOM CONFERENCE)

എല്ലാ HM മാരും ഈ കോൺഫറൻസിൽ പങ്കെടുക്കണം.

**3. റിസോഴ്സ് ടീം ക്യാമ്പ്**

സീറോ മലബാർ സഭയിലെ ഓരോ രൂപതയിൽ നിന്നും 3 തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ പങ്കെടുക്കണം.

ദിവസം : ജൂലൈ 7,8,9 (വെള്ളി, ശനി, ഞായർ )

സമയം : വെള്ളി 8 pmന് ആരംഭിച്ച് ഞായർ 1 pm ന് അവസാനിക്കുന്നു.

സ്ഥലം : തൃശൂർ

എല്ലാ ക്ലാസുകളിലും പങ്കെടുത്ത് ഓരോ വിഷയങ്ങളുടെയും പ്രധാനപ്പെട്ട ആശയങ്ങൾ ഒരുമിച്ച് 15 പേജ് ഉള്ള ഒരു Assignment ഓഗസ്റ്റ് 15ന് മുൻപ് രൂപത മതബോധന ഓഫീസിൽ Submit ചെയ്യുക. മുഴുവൻ ആമുഖ സെമിനാറുകാർക്ക് സീറോമലബാർ സഭാതല ത്തിലും, ബാക്കി അധ്യാപകർക്ക് രൂപതാ തലത്തിലും സർട്ടിഫിക്ക റ്റുകൾ നൽകുന്നതാണ്.

**സീറോമലബാർ സഭ പ്രതിഭാസംഗമം**

കാക്കനാട് സീറോമലബാർ സഭാകാര്യാലയത്തിൽ വച്ചുനടന്ന 7-ാം ക്ലാസ്സ് കുട്ടികളുടെ സഭാതല പ്രതിഭാസംഗമത്തിൽ Ine Treesa Chakkummoottil Puloorampara പ്രതിഭയായി തെരെഞ്ഞെടുക്കപ്പെട്ടു.

## ജൂലൈ മാസത്തെ പ്രോഗ്രാമുകൾ

01 -07-23 ശനി  പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, വാർഷിക റിപ്പോർട്ട് (2022-2023) എന്നിവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി
**ആമുഖസെമിനാർ** (പി.എം.ഒ.സി)

02-07-23 ഞായർ  ശ്ലീഹാക്കാലം 6-ാം ഞായർ
**ആമുഖസെമിനാർ** (പി.എം.ഒ.സി)
ACC 13, 14 Online Class

03-07-23 തിങ്കൾ  മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം)

08-07-23 ശനി  **ലൂമിന:** കോടഞ്ചേരി മേഖല @ കോടഞ്ചേരി

09-07-23 ഞായർ  ശ്ലീഹാക്കാലം 7-ാം ഞായർ
**ലൂമിന:** തോട്ടുമുക്കം @ തോട്ടുമുക്കം

12-07-23 ബുധൻ  **Power Cell:** മലപ്പുറം സെന്റർ (കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ)

15-07-23 ശനി  **ACC 13 അധ്യാപകസംഗമം**
MMPC ഓഡിറ്റോറിയം, താമരശ്ശേരി (9.30 am - 1 pm)

16-07-23 ഞായർ  കൈത്താക്കാലം1-ാം ഞായർ
കർമല മാതാവ്
ACC 13, 14 Online Class

17-07-23 തിങ്കൾ  HCC, ACC ക്ലാസുകളിലെ ആപ്ലിക്കേഷൻ ഫോമുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി

19-07-23 ബുധൻ  **Power Cell:** മാലാപറമ്പ് സെന്റർ (മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട)

22-07-23 ശനി  വി. മഗ്ദലേന മറിയം

23-07-23 ഞായർ  കൈത്താക്കാലം 2-ാം ഞായർ
**ലൂമിന:** താമരശ്ശേരി മേഖല @ താമരശ്ശേരി

25-07-23 ചൊവ്വ  വി. യാക്കോബ് ശ്ലീഹാ

26-07-23 ബുധൻ  വി. യൊവാക്കിമും വി. അന്നയും (വയോധിക ദിനം)

28-07-23 വെള്ളി  വി. അൽഫോൻസാമ്മ (രൂപതാ മധ്യസ്ഥ)
**ലൂമിന:** കൂരാച്ചുണ്ട് മേഖല - HCC I @ കൂരാച്ചുണ്ട്

29-07-23 ശനി  വി. ഇഗ്നേഷ്യസ് ലയോള

30-07-23 ഞായർ  കൈത്താക്കാലം 3-ാം ഞായർ
മതബോധനദിനം (ഇടവകയിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാം നടത്തുക)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ക്ലാസ് രണ്ടാം ഭാഗം

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

മെയ് 13 ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടന്ന ക്ലാസിന് താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗവും പ്രസിദ്ധ വാഗ്മിയുമായ ശ്രീ. ജോൺസൺ പൂവത്തിങ്കൽ നേതൃത്വം നൽകി. 'ഐക്കണുകൾ ആരാധനക്രമത്തിൽ : പ്രാധാന്യവും പ്രസക്തിയും' എന്ന ക്ലാസിന്റെ രണ്ടാം ഭാഗം അന്നും മെയ് 27 ശനിയാഴ്ച ക്ലാസിന്റെ മൂന്നാം ഭാഗവും നടത്തി. അമ്പതോളം വ്യക്തികൾ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചന് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ബഹു. അച്ചന്മാർ ഈ ക്ലാസുകളിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

## ഫീദെസ് ഫാമിലി ക്വിസ്

ഫീദെസ് ഫാമിലി ക്വിസിന്റെ ഫൈനൽ മത്സരം 2023 ജൂലൈ മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് (2023 ജൂലൈ 8) നടത്തുന്നത്. ആദ്യഘട്ട മത്സരത്തിൽ നിന്നും 34 കുടുംബങ്ങളാണ് രണ്ടാംഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

താമരശ്ശേരി രൂപത കലണ്ടർ (20%), വിശുദ്ധകുർബാന പുസ്തകം റാസക്രമം (20%), 'സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം' 1,2,4 അദ്ധ്യായങ്ങൾ സീറോ മലബാർ സിനഡ് പ്രസിദ്ധീകരണം (50%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്ന രീതിയിൽ ആണ് ഫൈനൽ മത്സരത്തിലെ ചോദ്യ ഘടന.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ബൈബിൾ അപ്പോസ്തോലേറ്റ്

## ലോഗോസ് ക്വിസ് 2023

സ്നേഹമുള്ളവരേ, ലോഗോസ് ക്വിസ് 2023 പരീക്ഷയിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

### 1. പ്രായവിഭാഗങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം 1-1-2012നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം 1-1-2007നും 31-12-2011നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം 1-1-1992നും 31-12-2006നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം 1-1-1972നും 31-12-1991നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം 1-1-1959നും 31-12-1971നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം 31-12-1958നും അതിനു മുമ്പും ജനിച്ചവർ

### 2. പഠനഭാഗങ്ങൾ

**ജോഷ്വ 13-24, പ്രഭാഷകൻ 27-33, ലൂക്കാ 1-8, 2 കോറിന്തോസ് 1-6**

### 3. രജിസ്ട്രേഷൻ

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷൻ 2023 ജൂൺ 1 മുതൽ ആരംഭിച്ചിട്ടുണ്ട്, 2023 ജൂലൈ 31 ന് രജിസ്ട്രേഷൻ സമയം അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

### 4. പരീക്ഷ തീയതികൾ

രൂപതതലത്തിലുള്ള പൊതുപരീക്ഷ 2023 സെപ്റ്റംബർ 24 ഞായറാഴ്ച നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2023 നവംബർ 5 നും, മെഗാഫൈനൽ പരീക്ഷ പി.ഒ.സി.യിൽ വച്ച് 2023 നവംബർ 18,19 തീയതികളിലും നടത്തപ്പെടുന്നു. ബൈബിൾ പഠിക്കാനുള്ള ഈ അവസരം ഏവരും ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തോലേറ്റ്

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2023**

ജൂലൈ 6-8

ഓഗസ്റ്റ് 10-12

സെപ്റ്റംബർ 7-9

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8714031056

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# സെമിനാരി വാർത്തകൾ

### റീ ഓപ്പണിംഗ് & ബെഞ്ചമിൻസ്

പുത്തൻ പ്രതീക്ഷകളുമായി താമരശ്ശേരി രൂപതാ മൈനർ സെമിനാരി അതിന്റെ ജൈത്രയാത്ര പുനരാരംഭിച്ചു. ഈ വർഷം 15 പേരാണ് മൈനർ സെമിനാരിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. വൈദീക പരിശീലനത്തിന്റെ ആദ്യ പടവുകൾ ചവിട്ടിത്തുടങ്ങിയിരിക്കുന്ന സഹോദരങ്ങൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. ഒന്നാം വർഷ വൈദീക പരിശീലനം ആരംഭിച്ചിരിക്കുന്ന വൈദീക വിദ്യാർത്ഥികളുടെ പേരും ഇടവകയും.

| | | |
|---|---|---|
| 1. Alavelil Martin | (Martin) | Nellipoyil |
| 2. Chakkummoottil Dale | (Dale) | Koorottupara |
| 3. Edathil John Cristo | (John Cristo) | Koorachundu |
| 4. Kiliyambrayil Noble | (Noble) | Chappenthottam |
| 5. Kollamkunnel Augustine | (Alan) | Peruvannamoozhy |
| 6. Kumblamthadathil Paul | (Paul) | Koorachundu |
| 7. Kummayathottiyil Joseph | (Alfred ) | Chembukadavu |
| 8. Maniyambrayil Mathew | (Alento) | Konoorkandy |
| 9. Mullankuzhiyil Mathew | (Ashin) | Valook |
| 10. Mundathanath Joseph | (Alan) | Koorottupara |
| 11. Plathottathil Joseph | (Albin) | Koorachundu |
| 12. Plathottathil George | (Einsteen) | Koorachundu |

| | | |
|---|---|---|
| 13. Pottananickal Scaria | (Albin) | Nooramthode |
| 14. Pulluparambil Joseph | (Adhil ) | Kallanode |
| 15. Puthanpurackal James | (Jaise ) | Thiruvambady |

### മൈനർ സെമിനാരി വെഞ്ചിരിപ്പും തിരുഹൃദയ പ്രതിഷ്ഠയും

ഈ അധ്യയനവർഷം പ്രാർത്ഥനയോടെ ആരംഭിക്കുന്നതിന്റെ ഭാഗമായി സെമിനാരിയുടെ വെഞ്ചിരിപ്പും തിരുഹൃദയ പ്രതിഷ്ഠയും താമരശ്ശേരി രൂപതാ മെത്രാൻ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ജൂൺ 17ന് നടത്തപ്പെട്ടു.

### അധ്യയനവർഷ ഉദ്ഘാടനം

2022-23 അധ്യയന വർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജൂൺ 17-ാം തിയ്യതി മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. സെമിനാരി റെക്ടർ വെരി. റവ. ഫാ. ജേക്കബ് അരീത്തറ സ്വാഗതം ആശംസിച്ച പ്രസ്തുത മീറ്റിംഗിൽ താമരശ്ശേരി രൂപതാ മെത്രാൻ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അനുഗ്രഹ പ്രഭാഷണവും അധ്യയന വർഷ ഉദ്ഘാടനവും നടത്തി. അതോടൊപ്പം അൽഫോൻസാ മൈനർ സെമിനാരി വൈസ് റെക്ടർ റവ.ഫാ. കുര്യാക്കോസ് പാലക്കിൽ Desiderio desideravi എന്ന അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി സ്കോളാബ്രേവിസ് നടത്തി. സെമിനാരി ജനറൽ പ്രീഫെക്ട് സിറിൽ എല്ലാവർക്കും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ വച്ച് സെമിനാരിയുടെ ഈ വർഷത്തെ Hand Book and calender അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

### വായന ദിനാചരണം

സെമിനാരിയിൽ വായന ദിനാചരണത്തോടനുബന്ധിച്ച് ഈ വർഷത്തെ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. അതോടൊപ്പം വായന ദിനാഘോഷത്തിന്റെ ഭാഗമായി സെമിനാരിയിൽ വെച്ച് വായനാമത്സരം നടത്തി. അതിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും ആശംസകൾ നേരുന്നു.

**ഫാ. ജേക്കബ് അരീത്തറ**

റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

## പരിസ്ഥിതി ദിനാഘോഷം

'കുടുംബത്തോടൊപ്പം ഒരു മരത്തൈ നടൂ പ്രകൃതിയുടെ പ്രേക്ഷിതരാകൂ' എന്ന പ്രോഗ്രാം പരിസ്ഥിതിദിനത്തിൽ നടത്തി. 96 കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു

1. ജിപ്സ സജി പുരിയോട്ട് (ചീരട്ടാമല)
2. ജോമി തോമസ് കുറ്റിക്കാട്ട് മണ്ണിൽ (തിരുവമ്പാടി)
3. അസിൻ മരിയ പടിഞ്ഞാറേതൊട്ടിയിൽ (കോട്ടക്കൽ)

## മണിപ്പൂർ പ്രാർത്ഥനാദിനം

പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായ ജൂൺ എട്ടാം തീയതി ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് മണിപ്പൂരിൽ വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു. എല്ലാ ദിവസവും അവർക്ക് വേണ്ടി കുടുംബ പ്രാർത്ഥനയുടെ സമയത്ത് ഒരു വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കാൻ നിർദ്ദേശം നൽകി.

## മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണ ദിനമായി ആചരിച്ച ജൂൺ 10ന് ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ മേരി മാതാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന വിശുദ്ധകുർബാനയിൽ പങ്കെടുക്കുകയും കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു

## മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസമത്സരവും മേഖലാ തെരഞ്ഞെടുപ്പും

മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം 25/6/2023 ഞായറാഴ്ച ഉച്ചയ്ക്കുശേഷം മേഖലാ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. അന്നു തന്നെ അടുത്ത പ്രവർത്തന വർഷത്തേക്കുള്ള മേഖലാ ജൂനിയർ, സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി.

## പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും

2023 24 പ്രവർത്തന വർഷ മാർഗ്ഗരേഖ പ്രകാശനം 27/ 5/ 2023 ശനിയാഴ്ച രൂപതാ ഭവനിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് വെള്ളാരംകാലായിൽ, രൂപത വൈസ് ഡയറക്ടർ റവ. സി. പ്രിൻസി മരിയ, രൂപത ജൂനിയർ പ്രസിഡന്റ് ജേക്കബ് ജോസ് ജോയിൻ സെക്രട്ടറി നോറ അന്ന എന്നിവരുടെ സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ശ്രീ. ബാബു ചെട്ടിപറമ്പിലിന് ഈ വർഷത്തെ മാർഗ്ഗരേഖ കൈമാറി പ്രകാശനകർമം നടത്തി.

2023 ജൂൺ 4 ഞായറാഴ്ച രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് വെള്ളാരം കാലായിൽ കത്തീഡ്രൽ വികാരി റവ. ഫാ. മാത്യു പുളിമൂട്ടിൽ, രൂപത പ്രസിഡന്റ് ശ്രീ. ബാബു ചെട്ടിപറമ്പിൽ, മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് പുലയൻ പറമ്പിൽ, രൂപതാ വൈസ് ഡയറക്ടർ റവ. സി. പ്രിൻസി മരിയ, ശാഖാ വൈസ് ഡയറക്ടർ, ശാഖാ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ സാന്നിധ്യത്തിൽ രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം രൂപതയിലെ വിവിധ ശാഖകളിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി.

## ശാഖാ സന്ദർശനം

ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ മുക്കം, താഴെക്കോട്, മാവൂർ ശാഖകളിൽ സന്ദർശനം നടത്തി.

## ജൂലൈ മാസ പ്രോഗ്രാം

03 തിങ്കൾ - **മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ** (കടമുള്ള ദിവസം) **അംഗത്വ സ്വീകരണം,** അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം

05 ബുധൻ - യുവജനദിനം - എല്ലാ യുവജനങ്ങൾക്കു ആശംസ- ശാഖാ തലത്തിൽ

12 ബുധൻ - വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ

16 ഞായർ - കർമ്മല മാതാവ്

22 ശനി - വി. മഗ്ദലേന മറിയം

23 ഞായർ - എക്സിക്യൂട്ടീവ് മീറ്റിംഗ്

25 ചൊവ്വ - വി. യാക്കോബ് ശ്ലീഹാ

26 ബുധൻ - മിഷൻലീഗ് ഉദ്ഘാടകൻ മാർ തോമസ് തറയിൽ 48-ാം ചരമ വാർഷികം, **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനം,** വി. യോവാക്കിമും വി. അന്നയും

28 വെള്ളി **വി. അൽഫോൻസാമ്മയുടെ തിരുനാൾ,** അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, വൈസ് ഡയറക്ടേഴ്സ് ദിനം/ ആശംസ, **തിരിനാളം (Skit മത്സരം).**

30 ഞായർ വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ, **മേഖലസാഹിത്യ മത്സരം** (മികച്ച രണ്ട് രചനകൾ ആഗസ്റ്റ് 27 ന് മുമ്പ് രൂപത കേന്ദ്രത്തിൽ ഏൽപിക്കുന്നു. രൂപതയുടെ ഫലപ്രഖ്യാപനത്തിനു ശേഷമേ മേഖല സാഹിത്യമത്സരത്തിന്റെ ഫലം പ്രഖ്യാപിക്കാവൂ.)

### *പ്രവർത്തനങ്ങൾ*

* ഏയ്ഞ്ചൽസ് മീറ്റ് മേഖലാ തലങ്ങളിൽ ആരംഭിക്കുന്നു.
* മിഷൻ ഗ്രാമങ്ങളിലെ ആവശ്യങ്ങൾ അറിയുന്നു, സഹായിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.
* എല്ലാ തലങ്ങളിലും വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുന്നു.
* മാതൃകാപരമായ പ്രവർത്തനങ്ങൾ ചെയ്യുന്ന സിസ്റ്റേഴ്സിന്റെ അഭിമുഖം/ അനുഭവം പങ്കുവയ്ക്കൽ.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# തിരുബാലസഖ്യം

## പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും

തിരുബാലസഖ്യം സംഘടനയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും 27-5-2023 ശനിയാഴ്ച രൂപതാഭവനിൽ വെച്ച് നടത്തി. രൂപതാ ഡയറക്ടർ റവ. ഫാദർ ജോർജ് വെള്ളാരംകാലയിൽ രൂപത വൈസ് ഡയറക്ടർ സി. ജിസ്മരിയ എസ്.എ.ബി.എസ്. കുഞ്ഞുങ്ങളുടെ പ്രതിനിധികൾ ഐവിൻ എഴുത്തുപുരയ്ക്കൽ ഇവാൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് ഐവിന് ഈ വർഷത്തെ മാർഗ്ഗരേഖ കൈമാറി പ്രകാശന കർമ്മം നടത്തി.

## ഹോളി സ്പിരിറ്റ് ബൈബിൾ വേർഡ്സ് ചലഞ്ച്

തിരുബാലസഖ്യം സംഘടനയിലെ കുഞ്ഞുങ്ങൾക്കായ് പന്തക്കുസ്താ തിരുന്നാളിന്നൊരുക്കമായി പരിശുദ്ധാത്മാവിനെ പരാമർശിക്കുന്ന ബൈബിൾ വചനങ്ങൾ കണ്ടെത്തി മനഃപാഠമാക്കുന്ന മത്സരം നടത്തുകയും വിവിധ ഇടവകകളിൽ നിന്നും 85 കുട്ടികൾ അതിൽ സംബന്ധിക്കുകയും യഥാക്രമം സാറ സ്റ്റാൻലി കാഞ്ഞിരത്തിങ്കൽ (കൂടത്തായ്) ടെസ ജോബി പാറയ്ക്കൽ (കൂടരഞ്ഞി) ആൻമരിയ കുഴികാട്ടുകുന്നേൽ (കണ്ണോത്ത്) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. മണിപ്പൂർ പ്രാർത്ഥനാദിനം പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ ദിനമായ ജൂൺ 8-ാം തീയതി തിരുബാലസഖ്യം സംഘടനയിലെ കുഞ്ഞുങ്ങൾ വി.കുർബ്ബാനയിൽ പങ്കെടുത്ത് മണിപ്പൂരിൽ വേദനയനുഭവിക്കുന്ന

പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിച്ചു. അതോടൊപ്പം എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയിൽ ഈ നിയോഗാർത്ഥം ഒരു വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ജൂലൈ മാസപ്രോഗ്രാം**

പരിചയപ്പെടുന്ന വിശുദ്ധർ- വി. മരിയാഗൊരേത്തി, വി. അൽഫോൻസാമ്മ

| | |
|---|---|
| പ്രാർത്ഥനാ നിയോഗം | വിദ്യാർത്ഥിനി /വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതജപം | എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം | മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. വി. മത്തായി 3:8 |
| 03 തിങ്കൾ | **മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ** (കടമുള്ള ദിവസം) |
| 05 ബുധൻ | യുവജനദിനം - എല്ലാ യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു |
| 06 വ്യാഴം | **വി. മരിയാഗൊരോത്തി** |
| 12 ബുധൻ | വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം |
| 22 ശനി | വി. മഗ്ദലേന മറിയം |
| 25 തിങ്കൾ | വി. യാക്കോബ് ശ്ലീഹാ |
| 26 ബുധൻ | **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** പിതാവിന്റെ ജന്മദിനം, വി. യോവാക്കിം, വി. അന്ന തിരുനാൾ |
| 28 വെള്ളി | **വി. അൽഫോൻസാമ്മയുടെ തിരുനാൾ** |
| 29 ശനി | വി. ഇഗ്നേഷ്യസ് ലയോള തിരുനാൾ |
| 30 ഞായർ | **മതബോധന ദിനം** |
| പ്രവൃത്തി | വി. അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുക |
| ഗീതം | കുടമാളൂരിൽ തളിർത്ത വല്ലരിയേ... |

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ക്ലാസ്സുകളും ഓഫ്‌ലൈനായും ഓൺലൈനായും നടത്തുന്നു.

കൗൺസിലിംഗ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കു ന്നതിനായി, രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കൊളാബൊറേറ്റ് ചെയ്ത്, കൗൺസിലിംഗ് സൈക്കോളജിയിൽ എം.എസ്.സി. ഓഫ് ലൈൻ & ഓൺലൈൻ കോഴ്സ്കൾ നടക്കുന്നു.

- പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ കീഴിൽ പരിശീലനം നേടുന്ന എം.എസ്. സി. (ഓൺലൈൻ) വിദ്യാർത്ഥികൾക്കായി ജോൺ പോൾ ഇൻസ്റ്റി റ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ട രണ്ടാഴ്ചത്തെ ഇന്റർനാഷണൽ കൗൺ സിലേഴ്സ് ട്രെനിംഗ് പ്രോഗ്രാം താമരശ്ശേരി ബിഷപ്പ് മാർ റെമീജി യോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യക്ക് അകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾ പഠിതാക്കളായ എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജിയിലെ നൂറിൽപരം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.

- 2023- 25 എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി (ഓഫ്) അഞ്ചാമത്തെ ബാച്ചിലേക്കും ഓൺലൈൻ ബാച്ചിലേക്കുമുള്ള പ്രവേശനം തുടരുന്നു. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദധാരികളായിട്ടുള്ളവർക്ക് ഈ കോഴ്സിലേക്ക് അപേക്ഷി ക്കാവുന്നതാണ്.

- ക്ലാസ്സുകൾ ജൂലൈ 2 ന് ആരംഭിക്കുന്നു.
- എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (1st year)
- എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (IInd year) കോഴ്സു കളുടെ യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നുകൊണ്ടിരിക്കുന്നു.

**കൗൺസിലിംഗ്ആവശ്യമുള്ളവരും കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും JPI ഓഫീസുമായി ബന്ധപ്പെടുക.**
**Contact No: 9496575018/ 9037379180**

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# കെ.സി.വൈ.എം. എസ്.എം.വൈ.എം

### പന്തക്കുസ്ത ദിനാഘോഷം - Hallowed Fire പന്തക്കുസ്ത ദിനാഘോഷം

കെ.സി.വൈ.എം - എസ്.എം.വൈ.എം താമരശേരി രൂപത സ്പിരിചൽ വിങ്ങിന്റെ നേതൃത്വത്തിൽ ഒരു ലക്ഷം വിശ്വാസപ്രമാണവും, അൻപതിനായിരം പരിശുദ്ധാത്മജപവും ചൊല്ലി തയ്യാറെടുത്ത പന്തക്കുസ്താ ദിനാഘോഷം Hallowed Fire ഫയർ എന്ന പേരിൽ പന്തക്കുസ്താ ദിനാചരണം ഓൺലൈനായി സംഘടിപ്പിച്ചു.

തലശ്ശേരി രൂപത വൈദികനായ ഫാ. ഡോ. ടോം ഓലിക്കരോട് വചന സന്ദേശം നൽകി. ആരാധന, പരിശുദ്ധാത്മ ജപമാല എന്നിവയും നന്ദിപ്രകാശനവും നടന്നു. നൂറോളം പേർ പങ്കെടുത്തു.

### സംസ്ഥാന സമിതി പരിസ്ഥിതി ദിനാഘോഷം - തണലിടം

കെസിവൈഎം സംസ്ഥാന സമിതി സംഘടിപ്പിക്കുന്ന പരിസ്ഥിതി ദിനാഘോഷം തണലിടം കെ.സി.വൈ.എം - എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ തോട്ടുമുക്കം മേഖലയിലെ കക്കാടംപൊയിൽ യൂണിറ്റിൽ വെച്ച് ജൂൺ 4 ഞായറാഴ്ച്ച നടത്തപ്പെട്ടു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി യോഗത്തിനു അധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക് സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് സെമിത്തേരിയിലേക്ക് എന്ന ആശയത്തെ മുൻനിർത്തി പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പരിസ്ഥിതി ആഘാതത്തെ ചെറുത്തുനിൽക്കുവാൻ സാധിക്കുമെന്ന് തിരുവമ്പാടി സെന്റ് അൽഫോൻസാ കോളേജ് പ്രൊഫസർ ഡോ. ചാക്കോ കാളാംപറമ്പിൽ തണലിടം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി ജോജി ടെന്നിസൺ സ്വാഗതവും സംസ്ഥാന ഡയറക്ടർ റവ.ഫാ സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണവും നടത്തി. കെ.സി.വൈ.എം താമരശ്ശേരി രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വെള്ളക്കാകുടിയിൽ, പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ, ആനിമേറ്റർ സി. റോസീൻ SABS, കെസി.വൈ.എം സംസ്ഥാന സെക്രട്ടറി കുമാരി അനു ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. തുടർച്ചയായി ഉണ്ടാകുന്ന വന്യമൃഗശല്യത്തിൽ പ്രതിഷേധിച്ചു പുല്ലൂരാംപാറ യൂണിറ്റ് അംഗങ്ങൾ തെരുവുനാടകം അവതരിപ്പിച്ചു.

തലമുറകൾക്ക് തണൽ നൽകാൻ കക്കാടംപൊയിൽ സെന്റ് മേരീസ് സ്കൂൾ അങ്കണത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് കൃ

ഷിയോടുള്ള ആഭിമുഖ്യം വളർത്തുവാൻ വേണ്ട തൈകൾ, ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ ക്യാമ്പയിനിന്റെ ഭാഗമായി വിത്തുകൾ ഉൾക്കൊള്ളുന്ന പേപ്പർ പേനകൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മണ്ണിലിറങ്ങാം മാലിന്യം നീക്കാം പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ശേഖരിച്ച മാലിന്യങ്ങൾ ഹരിത കർമ്മ സേനയെ ഏൽപ്പിച്ചു കൊണ്ട് സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി നിർവഹിച്ചു. കക്കാടംപൊയിൽ ഇടവക വികാരി റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട്, തോട്ടുമുക്കം മേഖല ആനിമേറ്റർ സി. അലൻ മരിയ, കെ.സി.വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കുമാരി. ഗ്രാലിയ അന്ന അലക്സ്, ശ്രീ. ലിബിൻ മുരിങ്ങലത്ത്, സെക്രട്ടറിമാരായ കുമാരി. മറിയം ടി. തോമസ്, ശ്രീ. ഷിബിൻ ഷാജി, ട്രഷറർ ശ്രീ. ഫ്രാൻസിസ് എസ്., താമരശ്ശേരി രൂപത സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അലീന മാത്യു, റിച്ചാർഡ് ജോൺ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജസ്റ്റിൻ സൈമൺ, തോട്ടുമുക്കം മേഖല പ്രസിഡന്റ് അലൻ, കക്കാടംപൊയിൽ യൂണിറ്റ് പ്രസിഡന്റ് ജിസ്ന, താമരശ്ശേരി രൂപതാ സമിതി അംഗങ്ങൾ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### അമൽജ്യോതി കോളജിന് ഐക്യദാർഢ്യ സദസ്സ് സംഘടിപ്പിച്ചു

സഭയുടെ സ്ഥാപനങ്ങൾക്കെതിരെയുള്ള സംഘടിത ഭീകരതയ്ക്കെതിരെ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിന്റെയും യുവജന സംഘടനയായ കെസിവൈഎം ന്റെയും നേതൃത്വത്തിൽ ജൂൺ 9 ന് തിരുവമ്പാടി അങ്ങാടിയിൽ ഐക്യദാർഢ്യ സദസ്സ് സംഘടിപ്പിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. റിച്ചാൾഡ് ജോൺ എന്നിവർ പ്രസംഗിച്ചു. 250 ഓളം പേർ പങ്കെടുത്തു.

### ഹോളി കാരവാൻ  തിരുശേഷിപ്പ് പ്രയാണം

ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം ഫൊറോനകളിലെ 28 ഓളം ഇടവകകൾ  പൂർത്തിയാക്കി. എല്ലാ ക്രമീകരണങ്ങളും ചെയ്ത ഫൊറോന വികാരിയച്ചൻമാർക്കും  വികാരിയച്ചൻമാർക്കും മേഖല ഡയറക്ടറച്ചന്മാർക്കും അനിമേറ്റർമാർക്കും മേഖലാ ഭാരവാഹികൾക്കും സഹായിച്ച യുവജനങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

### മംഗളങ്ങൾ

വിവാഹമെന്ന കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന എക്സിക്യൂട്ടീവ് അംഗം അലന്റ അബ്രഹാമിനും എബി അഗസ്റ്റിക്കും പ്രാർത്ഥനാശംസകൾ അറിയിച്ചു.

### ഹൃദയപൂർവ്വം നന്ദി, സ്വാഗതം

നാളിതുവരെ മലപ്പുറം മേഖലയിൽ ശക്തമായി നേതൃത്വം നൽകിയ

ഫാ.അഗസ്റ്റിൻ മച്ചുക്കുഴിയിലച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. മലപ്പുറം മേഖലയുടെ പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. ജോസഫ് കളത്തിലച്ചന് സ്വാഗതം.

**1. പ്രതിഷേധം രേഖപ്പെടുത്തി**

ജൂൺ 7 ന് കാഞ്ഞിരപ്പള്ളി എൻജിനീയറിങ് കോളേജിനെതിരെ തക്കംപാർത്തിരുന്ന് അക്രമം അഴിച്ചു വിടുന്നവർക്കെതിരെ സമഗ്ര അന്വേഷണം നടത്തണം എന്ന ആവശ്യം ഉന്നയിച്ചു കെ.സി.വൈ.എംഎസ്.എം.വൈ.എം താമരശ്ശേരി രൂപത പ്രതിഷേധം അറിയിച്ചു.

**2. ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് മീറ്റ്**

ജൂൺ 18 ന് ഡയറക്ടർമാരുടെയും അനിമേറ്റർമാരുടെയും ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു.

3. കരുവാരക്കുണ്ട് ഫൊറോന സമിതി മീറ്റിംഗ് കരുവാരക്കുണ്ട് പാരിഷ് ഹാളിൽ വെച്ച് നടന്നു.

4. പുല്ലൂരാംപാറ കെസിവൈഎം യൂണിറ്റിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി ലൈബ്രറി ഉദ്ഘാടനം ചെയ്തു. വായനാദിനാ ഘോഷം സംഘടിപ്പിച്ചു . ഫാദേഴ്സ് ഡേ ആഘോഷം നടത്തി.

## അറിയിപ്പുകൾ

**യുവജന ഞായർ – ജൂലൈ 9**

എല്ലാ വർഷവും ദുക്റാന തിരുനാളിന് ശേഷം വരുന്ന ഞായറാഴ്ച കേരള കത്തോലിക്ക സഭയിൽ യുവജന ഞായറായി പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് 2023 ജൂലൈ 9 ഞായറാഴ്ച യുവജന ഞായറായി ആഘോഷിക്കുകയാണ്. നമ്മുടെ ഇടവകകളിലെ യുവജനങ്ങളെ ഒരുമിച്ച് കൂട്ടാനും ദേവാലയത്തോടും സംഘടനയോടും ചേർത്തുനിർത്താനും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. യുവജനദിനം കാര്യക്ഷമമാക്കാനും ഇടവകയിൽ പ്രാവർത്തികമാക്കാനും സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ നൽകുന്നു.

**1. യുവജന ഞായർ ആഘോഷം –** ജൂലൈ 9 ന് ക്രമീകരിക്കുവാൻ ശ്രമിക്കുമല്ലോ. യുവജനങ്ങൾക്കായി ദിവ്യബലി, യൂണിറ്റ്തല യുവജന സംഗമം. ഇടവകയിലെ യുവജനങ്ങളെ അന്നേ ദിവസം ഏതെങ്കിലും വി. കുർബാനയ്ക്ക് ഒരുമിച്ചു കൂട്ടുകയും ഇടവകാതല യുവജന കൂട്ടായ്മ സംഘടിപ്പിക്കുകയും ചെയ്യുമല്ലോ.

യുവജനങ്ങൾക്കായി വി. ബലിയർപ്പണം, കാഴ്ചവെപ്പ്, പതാക ഉയർത്തൽ, പൊതുമീറ്റിങ്, അംഗത്വ സ്വീകരണം, ടാഗ് വിതരണം, അംഗത്വ നവീകരണം,

ടാഗ് വിതരണം, യുവജനങ്ങൾക്കുവേണ്ടി പ്രത്യക സെമിനാറുകൾ - ക്ലാസുകൾ, ചർച്ചകൾ, പ്രാർത്ഥന സെഷനുകൾ, ആരാധന, വി. തോമസ് മൂർ അനുസ്മരണം, എസ് എസ് എൽ സി - പ്ലസ് ടു വിജയികളെ അനുമോദിക്കൽ എന്നിവ സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്തെങ്കിലും സാങ്കേതികമായ സഹായങ്ങൾ ആവശ്യമാണെങ്കിൽ രൂപതയിൽ നിന്നും നൽകുന്നതായിരിക്കും.

### അംഗത്വ സ്വീകരണം, അംഗത്വ നവീകരണം

ഈ വർഷം പ്ലസ് വൺ ക്ലാസിലേക്ക് കടന്നു വരുന്ന കുട്ടികളെ കെ സി വൈ എം - എസ് എം വൈ എം ലേക്ക് ഔദ്യോഗികമായി അംഗത്വം നൽകി സ്വീകരിക്കേണ്ടതാണ്. അംഗത്വ സ്വീകരണ ക്രമം പി ഡി എഫ് ഫോമിൽ നൽകിയിട്ടുൺണ്ട്

യൂണിറ്റുകളിലും മേഖലകളിലും ശക്തമായി പ്രവർത്തിച്ച് പുതിയ ഭാരവാഹികൾക്ക് സ്ഥാനം നൽകി പിൻവാങ്ങി നിൽക്കുന്ന ശക്തരായ യുവജനങ്ങൾ ഇടവകകളിലുണ്ട്. ഔദ്യോഗിക ചുമതലകളില്ലെങ്കിലും സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നതിന് വേദിയൊരുക്കുന്നതിനായി അംഗത്വനവീകരണം നടത്തി- അവർക്ക് സജീവാഗത്വം നൽകി സംഘടനയുടെ ഭാഗമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു ഇടവകയിൽ നിന്ന് 35 വയസിന് താഴെയുള്ള 10 പേരെയെങ്കിലും ഇത്തരത്തിൽ ചേർക്കേണ്ടതാണ്.

### അഗത്വ സ്വീകരണ ടാഗ്

സംഘടനയിലേക്ക് പുതിയതായി കടന്നുവരുന്ന പ്ലസ് വൺ വിദ്യാർത്ഥികൾക്ക് കഴിഞ്ഞവർഷം നൽകിയതുപോലെ ഇത്തവണയും ടാഗുകൾ നൽകുന്നതായിരിക്കും. ഒരോ ഇടവകയിലും എത്ര എണ്ണം ആവകൃമാണെന്ന് മേഖല നേതൃത്വം വഴിയോ നേരിട്ടോ അറിയിക്കുമല്ലോ. ഒരു ടാഗിന് 10 രൂപ എന്ന കണക്കിൽ നൽകുമല്ലോ.

### സജീവാംഗങ്ങൾക്കുള്ള ടാഗ്

ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്ന യുവജനങ്ങൾക്കുള്ള ഔഗ്യോഗിക ടാഗുകളും വിതരണം ചെയ്യുന്നു. ഒരു ടാഗിന് 20 രൂപ എന്ന നിരക്കിൽ നൽകുമല്ലോ.

### യുവജന വാരാചരണം - യുവജന മാസാചരണം

യുവജന ഞായറിനോട് അനുബന്ധിച്ച് യുവജന വാരാചരണം ജൂലൈ 2 മുതൽ 9 വരെ ഇടവകയിൽ ആഘോഷിക്കാവുന്നതാണ്. യുവജന മാസാചരണം - ജൂലൈ 1 മുതൽ 31 വരെ ഇടവകയിൽ ക്രമീകരിക്കാവുന്നതാണ്.

യുവജനങ്ങളെ കൂടുതൽ കാര്യക്ഷമാമായി പ്രവർത്തന നിരതരാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ഇടവകയിൽ നടപ്പിലാക്കാവുന്നതാണ്.

**1. ഫണ്ട് സ്വരൂപണ പദ്ധതികൾ**

ജൂലൈ 3 നോട് അനുബന്ധിച്ച് ഇടവകയിലെ ആഘോഷപരിപാടിയിൽ ചെറിയ മത്സരങ്ങൾ, ഗെയിമുകൾ എന്നിവ സംഘടിപ്പിക്കാൻ അവസരം നൽകുകയാണെങ്കിൽ പ്രവർത്തന ഫണ്ട് സ്വരൂപണത്തിന് വേദിയൊരുക്കാവുന്നതാണ്.

ഫുഡ് ചലഞ്ച്, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വിൽപന, യൂത്ത് സൺഡേ ലക്കി ഡ്രോ– കൂപ്പൺ എന്നിവ വഴി ഫണ്ട് സ്വരൂപണം നടത്താവുന്നതാണ്.

ന്യൂസ് പേപ്പർ കളക്ഷൻ – ഇടവകയിലെ വീടുകളിൽനിന്നും ന്യൂസ് പേപ്പറുകൾ ശേഖരിക്കാൻ അവസരം ഒരുക്കുക.

ജൂലൈ 9 ന് യൂത്ത് സൺഡേ – യുവജന കാഴ്ചവെപ്പ് നടത്തി ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

2. രോഗീസന്ദർശനം – കാരുണ്യ പ്രവർത്തികൾ സംഘടിപ്പിക്കാവുന്നതാണ്.

3. മഴക്കാല ശുചീകരണങ്ങൾ നടത്താവുന്നതാണ്.

**യുവജന ഞായർ – സർക്കുലർ**

യുവജന ഞായറിനോട് അനുബന്ധിച്ച് കെ സി ബി സി തലത്തിൽ പുറപ്പെടുവിക്കുന്ന സർക്കുലർ അന്നേ ദിവസം കുർബനയിൽ വായിക്കുകയോ വിശദീകരിക്കുകയോ ചെയ്യുമല്ലോ. യുവജനങ്ങളോടുള്ള സഭയുടെ താത്പര്യം ദൈവജനത്തിന് അറിയിച്ചുകൊടുക്കാനും പ്രവർത്തനങ്ങൾക്ക് കൂടുതൽ പിന്തുണ ലഭിക്കാനും ഇതിലൂടെ സാധിക്കുന്നു.

**യുവദർശനം – മുഖപത്രവിതരണം**

കെ സി വൈ എം – എസ് എം വൈ എം താമരശ്ശേരി രൂപതയുടെ ഔദ്യോഗിക മുഖപത്രം യുവദർശനം ഇടവകയിലെ എല്ലാ വീടുകളിലേക്കും യൂണിറ്റ് ഭാരവാഹികൾ മുഖേനയോ യുവജനങ്ങൾ മുഖേനയോ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഘടനയുടെ പ്രവർത്തനങ്ങൾ ദൈവജനത്തിലേക്ക് എത്തിക്കുന്നതിനും പിന്തുണ ലഭിക്കുന്നതിനും ഈ പത്രം സഹായകരമായിരിക്കും. പരമാവധി യുവജനങ്ങൾ മുഖേന തന്നെ പത്രം വിതരണം ചെയ്യുന്നതും നന്നായിരിക്കും.

**യൂത്ത് സൺഡേ വിഹിതം**

ഇടവകകളിൽ നിന്നുള്ള യുവജന ഞായർ സ്തോത്ര കാഴ്ച വിഹിതം വി. കുർബാന മധ്യേ പറഞ്ഞ് സ്വരുപിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഹിതം അന്നേ ദിവസം ആരംഭിക്കുന്ന വാർഷിക ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരാൻ ശ്രമിക്കുമല്ലോ. കെ സി വൈ എം സംഘടനയുടെ സുഗമമായ പ്രവർത്തനത്തിന് ഈ തുക വലിയ സഹായമായിരിക്കും.

**2. മേഖല അർദ്ധവാർഷിക സെനറ്റ് സമ്മേളനങ്ങൾ**

2023 പ്രവർത്തന വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനങ്ങൾ ഇങ്ങനെ ക്രമീകരിച്ചിരിക്കുന്നു.

ജൂൺ 25 ഞായർ : വിലങ്ങാട് - 2 മണി

ജൂലൈ 2 ഞായർ : മരുതോങ്കര - 2 മണി, കൂരാച്ചുണ്ട് - 4 മണി

ജൂലൈ 16 ഞായർ : തോട്ടുമുക്കം - 2 മണി, തിരുവമ്പാടി 4 മണി

ജൂലൈ 23 ഞായർ : പാറോപ്പടി - 2 മണി, താമരശ്ശേരി 2 മണി, കോടഞ്ചേരി - 4 മണി

ജൂലൈ 30 ഞായർ : കരുവാരക്കുണ്ട് - 2 മണി, മലപ്പുറം- 2 മണി, പെരിന്തൽമണ്ണ 4 മണി

**3. രൂപത അർദ്ധവാർഷിക സമ്മേളനം**

2023 വർഷത്തെ രൂപത അർദ്ധവാർഷിക സമ്മേളനം 2023 ആഗസ്റ്റ് 6 ഞായറാഴ്ച മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ ക്രമീകരിക്കുന്നു. എല്ലാ മേഖല ഡയറക്ടർ അച്ചൻമാരും അനിമേറ്റർമാരും മേഖല പ്രതിനിധികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാന അർദ്ധ വാർഷിക സമ്മേളനം ആഗസ്റ്റ് 11,12,13 തിയ്യതികളിൽ തലശ്ശേരിയിൽ വെച്ച് നടക്കുന്നതായിരിക്കും.

**4. തിരുശേഷിപ്പ് പ്രയാണം സമാപനം, രൂപതാതല യുവജന ദിനാഘോഷം**

120 ഇടവകകളിലൂടെ സഞ്ചരിച്ച് തിരുശേഷിപ്പ് പ്രയാണം ജൂലൈ 8 ന് പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ സമാപിക്കുന്നതായിരിക്കും. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വി. ബലിക്കും ശുശ്രൂഷകൾക്കും കാർമ്മികത്വം വഹിക്കും.

രൂപതാതല യുവജന ദിനാഘോഷം അന്നേദിവസം ഉച്ചക്ക് 2 മണി മുതൽ പാറോപ്പടി പാരിഷ് ഹാളിൽ സംഘടിപ്പിക്കുന്നു. യുവജന സമ്മേളനം, ആദരം, പൊതുസമ്മേളനം തുടങ്ങി വിവിധ പരിപാടികളോടുകൂടെ സംഘടിപ്പിക്കുന്ന പരിപാടിയിലേക്ക് യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും മേഖല ഭാരവാഹികൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
കെസിവൈഎം - എസ്എംവൈഎം

ഡയറക്ടർ, കെ.സി.വൈ.എം

# കത്തോലിക്കാ കോൺഗ്രസ്

## സമുദായ ശാക്തീകരണ ശില്പശാല chosen റിവ്യൂ മീറ്റിംഗ്

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത കോഴിക്കോട് സ്റ്റാർട്ടിൽ വെച്ച് സംഘടിപ്പിച്ച നേതൃത്വ പരിശീലന ക്യാമ്പ് chosen വിജയകരമായി പൂർത്തിയാക്കി. അതിൽ സംബന്ധിച്ച നേതാക്കളുടെ യോഗം ഓൺലൈൻ ആയി സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ കത്തോലിക്കാ സ്ഥാപനങ്ങൾക്ക് എതിരെയുള്ള അക്രമങ്ങളെയും കടന്നുകയറ്റത്തെയും അപലപിക്കുകയും, ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ഏവർക്കും ബോധവൽകരണം നൽകുവാനും തീരുമാനിക്കുകയും ചെയ്തു.

## കത്തോലിക്കാ കോൺഗ്രസ് നൂറ്റി ആറാം ജന്മവാർഷിക ആഘോഷം

ഏപ്രിൽ 22ന് മാനന്തവാടിയിൽ വച്ച് കത്തോലിക്ക കോൺഗ്രസ് ജന്മ വാർഷികം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയോട് അനുബന്ധിച്ചുള്ള ദീപശിഖ പ്രയാണത്തിന് താമരശ്ശേരിയിൽ വച്ച് രൂപത സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ഏപ്രിൽ 23 ന് മാനന്തവാടി ദ്വാരകയിൽ വച്ച് നടന്ന ജന്മദിന സമ്മേളനത്തിൽ താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി നൂറോളം അംഗങ്ങൾ പങ്കെടുത്തു.

## ഏപ്രിൽ 28 രൂപത ദിനം

കത്തോലിക്ക കോൺഗ്രസ് അംഗങ്ങളുടെ സജീവമായ സാന്നിധ്യത്തിൽ കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ബാങ്ക് വായ്പ ഇളവുകൾക്ക് അപേക്ഷ സമർപ്പിക്കാൻ സഹായിക്കുന്ന ഹെൽപ്പ് ഡെസ്കിലൂടെ അനേകർക്ക് സഹായം നൽകാൻ സാധിച്ചു.

## കക്കുകളിക്കെതിരെ  പ്രതിഷേധ അഗ്നി

ക്രൈസ്തവ സന്യസ്തരെ അപകീർത്തിപ്പെടുന്ന കക്കുകളി നാടകം അവതരിപ്പിക്കാൻ ഉള്ള വിമൽ സാംസ്കാരിക വേദിയുടെ നിലപാടിന് എതിരെ വടകര എടച്ചേരിയിലെ നാടക വേദിയിൽ നടന്ന പ്രതിഷേധം കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, ഫാ. സബിൻ തൂമുള്ളിൽ, ജോമോൻ മതിലകം തുടങ്ങിയവർ നേതൃത്വം നൽകി

## എക്സിക്യൂട്ടീവ് യോഗങ്ങൾ

ഏപ്രിൽ 16, 18, 26 തീയതികളിൽ ആയി എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു

## മാറുന്ന കേരളം - സമുദായ ബോധവൽക്കരണ സെമിനാർ

2023 മെയ് 7ന് കോടഞ്ചേരിയിൽ വച്ച് 'മാറുന്ന കേരളം 'സമുദായ ബോധ വൽകരണ സെമിനാറും, ചർച്ചയും നടന്നു. 250 ആളുകൾ പങ്കെടുത്തു. സെമി നാറിൽ ഫാ. സബിൻ തൂമുള്ളിൽ, ഫാ. ജോർജ് വെള്ളക്കകുടിയിൽ, ഡോ. ചാ ക്കോ കള്ളാംപറമ്പിൽ, ഫാ. ടോം ഒലിക്കരോട്ട്, പ്രൊ. കെ.എം. ഫ്രാൻസിസ്, എം.എം ജെറാൾഡ്, ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ, ഫാ. ആന്റണി തറേക്ക ടവിൽ, ഫാ. ജോസ് ബേസിൽ വി.സി, ഡെന്നിസ് മത്തായി, എന്നിവർ വിഷയ ങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

## തൊഴിലാളി ദിനം

മെയ് 1 തൊഴിലാളി ദിനത്തോടനുബന്ധിച്ച് മെയ് 7 ന് തിരുവമ്പാടിയിൽ വ ച്ച് അതിഥി തൊഴിലാളി സംഗമം നടത്തപ്പെട്ടു. തിരുവമ്പാടി ഫൊറോന വികാ രി ഫാ. തോമസ് നാഗാപറമ്പിൽ ഉദ്ഘാടനം ചെയ്തു. 60 ഓളം ക്രൈസ്തവ അ തിഥി തൊഴിലാളികൾ പരിപാടിയിൽ പങ്കെടുത്തു. വി.കുർബാനയും പൊതു സമ്മേളനവും സ്നേഹവിരുന്നും നടത്തി.

## കർഷക കടാശ്വാസ സഹായം

സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്തവർക്ക് കടാശ്വാസം ലഭിക്കു ന്നതിനത്തിനായി കാർഷിക കടാശ്വാസകമ്മീഷന് അപേക്ഷ സമർപ്പിക്കുന്നതി ന് കത്തോലിക്കാ കോൺഗ്രസ് വിദഗ്ധസമിതി രൂപീകരിക്കുകയും കത്തോലി ക്കാ കോൺഗ്രസിന്റെ താമരശ്ശേരി രൂപത ഓഫീസിൽ വെച്ച് 56 ഓളം അപേക്ഷ കർക്ക് എല്ലാവിധ സഹായങ്ങളും ചെയ്തു നൽകുകയും ചെയ്തു.

## കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മറ്റി യോഗം 2023 മെയ് 26ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കർദ്ദിനാൾ മാർ ജോർജ്ജ് ആല ഞ്ചേരി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡൻറ് ബിജു പറയനിലം അധ്യ ക്ഷനായിരുന്നു. ബിഷപ്പ് ലഗേറ്റ് മാർ റെമീജിയോസ് ഇഞ്ചിനാനിയിൽ മുഖ്യ പ്ര ഭാഷണം നടത്തി. താമരശ്ശേരി രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, പ്ര സിഡൻറ് ഡോ. ചാക്കോ കാളാംപറമ്പിൽ, സെക്രട്ടറി അനീഷ് വടക്കേൽ, ട്രഷ റർ ജോയ് നെല്ലിക്കുന്നേൽ ഗ്ലോബൽ സെക്രട്ടറി ട്രീസ സെബാസ്റ്റ്യൻ, യൂത്ത് കോഡിനേറ്റർ ജോമോൻ മതിലകം എന്നിവർ പങ്കെടുത്തു.

## ഗ്ലോബൽ യൂത്ത് കൗൺസിലിന് പുതിയ നേതൃത്വം

യൂത്ത് കൗൺസിൽ ഗ്ലോബൽ കൺവീനറായി ട്രീസ സെബാസ്റ്റ്യൻ, ഗ്ലോ ബൽ കോർഡിനേറ്റർ ആയി ജോമോൻ മതിലകത്ത് എന്നീ താമരശ്ശേരി രൂപത ക്കാർ തിരഞ്ഞെടുക്കപ്പെട്ടു.

### മീഡിയ കൗൺസിൽ

കത്തോലിക്ക കോൺഗ്രസ് മീഡിയ സമിതിയിലേക്ക് ഗ്ലോബൽ കോഡിനേറ്റർ ആയി താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് അംഗം ജോസഫ് മൂത്തേടത്ത് തെരഞ്ഞെടുക്കപ്പെട്ടു

### അമൽ ജ്യോതി എൻജിനീയറിങ് കോളേജിന് ഐക്യദാർഢ്യം

2023 ജൂൺ 9 ന് തിരുവമ്പാടിയിൽ വെച്ച് നടന്ന ഐക്യദാർ സദസ്സിൽ 250 പേർ പങ്കെടുത്തു. ക്രൈസ്തവ സ്ഥാപനങ്ങൾക്ക് എതിരെ ഉണ്ടാകുന്ന അക്രമങ്ങളെ പ്രതിരോധിക്കും എന്ന് സദസ്സ് അറിയിച്ചു. രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ജന. സെക്രട്ടറി അനീഷ് വടക്കേൽ, ഷാജി കണ്ടത്തിൽ ജോസഫ് പുല്ലാകുടിയിൽ, ബെന്നി കിഴക്കേ വീട്ടിൽ തുടങ്ങിവർ നേതൃത്വം നൽകി

### മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാ ദിനം

ജൂൺ 18 ന് മണിപ്പൂരിൽ ദുരന്തം അനുഭവിക്കുന്ന ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യൂണിറ്റുകളിൽ പ്രാർത്ഥനാ ദിനം ആചരിച്ചു.

### രൂപത എക്സിക്യൂട്ടീവ് ഓൺലൈൻ മീറ്റിംഗ്

ജൂൺ 15 ന് രൂപത എക്സിക്യൂട്ടിവ് യോഗം ഓൺലൈൻ ആയി ചേർന്നു.

### രൂപത വർക്കിംഗ് കമ്മിറ്റി യോഗം

ജൂൺ 19ന് രൂപത വർക്കിംഗ് കമ്മിറ്റി യോഗം ചേർന്നു.

### കാർഷിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഭീമ ഹർജി സമർപ്പണം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം വിവിധ കാർഷിക പ്രശ്നങ്ങളും രാജ്യത്ത് നടക്കുന്ന ക്രൈസ്തവ പീഡനവും ഉന്നയിച്ച് 5 ലക്ഷം പേർ ഒപ്പിടുന്ന ഭീമഹർജി പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും സമർപ്പിക്കാൻ തീരുമാനിച്ചു. ഇതിന്റെ ഒപ്പുശേഖരണം എല്ലാ ഇടവകകളിലും ജൂലൈ 2,3, 9 തീയതികളിൽ നടത്തുന്നു.

### ഫൊറോനാ സംഗമം

കത്തോലിക്ക കോൺഗ്രസ്സിന്റെ ഫൊറോന സംഗമം താഴെ കൊടുത്തിരിക്കുന്ന മേഖലകളിൽ അതാതു തീയതികളിൽ നടത്താൻ തീരുമാനിച്ചു.

*സംഗമങ്ങൾ നടക്കുന്ന ദിവസങ്ങൾ*

25/06/23 ഞായർ : പെരിന്തൽമണ്ണ & മലപ്പുറം

02/07/23 ഞായർ : തോട്ടുമുക്കം & തിരുവമ്പാടി

09/07/23 ഞായർ : താമരശ്ശേരി & പാറോപ്പടി

16/07/23 ഞായർ : കൂരാച്ചുണ്ട്

23/07/23 ഞായർ : വിലങ്ങാട് & കോടഞ്ചേരി

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# ഇൻഫാം

## ഇൻഫാം കാർഷിക കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഇൻഫാം താമരശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ താമരശേരി അഗ്രികൾച്ചറൽ സോഷ്യൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ നമ്പർ ഡി/3378 പ്രവർത്തനം ആരംഭിച്ചു. ജാതിഭേദമെന്യേ എല്ലാവരുടെയും സമഗ്രമായ വളർച്ചയും കർഷകരുടെ ക്ഷേമവും ലക്ഷ്യമിട്ടാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. ഇൻഫാം കാർഷിക ജില്ല ആസ്ഥാനമായ താമരശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ ഹാളിൽ ചേർന്ന പ്രഥമ പൊതുയോഗത്തിൽ സൊസൈറ്റിയുടെ പ്രമോട്ടറും ഇൻഫാം ഡയറക്ടറുമായി ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. താമരശേരി രൂപത ചാൻസിലർ ഫാ. ചെറിയാൻ പൊങ്ങൻപാറ മുഖ്യാതിഥിയായിരുന്നു.പൊതുയോഗത്തിൽ അംഗീകാര പത്രവും കാറ്റഗറിക്കൽ സർട്ടിഫിക്കറ്റും സഹകരണ വകുപ്പ് അംഗീകരിച്ച നിയമാവലിയും കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ മിനി ചെറിയാൻ സൊസൈറ്റി ചീഫ് പ്രമോട്ടർ പി.പി.അഗസ്റ്റിന് കൈമാറി. ചീഫ് പ്രമോട്ടർ സൊസൈറ്റിയുടെ വിശദമായ റിപ്പോർട്ടുകളും വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. പ്രമോട്ടർ ജോർജ് ബ്രൗൺ സൊസൈറ്റിയുടെ നിയമാവലി വായിച്ചു. മിനി റോസ് 2023-24 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. ടി.ഡി. മാർട്ടിൻ ഭാവി പ്രവർത്തനങ്ങൾ വിശദമാക്കി. പ്രമോട്ടർമാരായ ജോൺ കുന്നത്തേട്ട്, സിസിലി തോമസ്, ടി.ജെ. ജേക്കബ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് താൽക്കാലിക ഭരണസമിതിയിലേക്ക് ഫാ. ജോസ് ജോർജ്, പി.പി. അഗസ്റ്റിൻ, സി.യു. ജോൺ, ജോർജ് ബ്രൗൺ, സിസിലി തോമസ്, ടി.ഡി. മാർട്ടിൻ, ബിജുമോൻ ജോർജ്, ഷെല്ലിജോർജ്, റീന ജോയ്, മേഴ്സി ജോൺ, ടി. ജെ. സണ്ണി എന്നിവരടങ്ങുന്ന പതിനൊന്നംഗ സമിതിയെ തിരഞ്ഞെടുത്തു. തുടർന്ന് നടന്ന സൊസൈറ്റിയുടെ പ്രഥമ ഡയറക്ടർ ബോർഡ് യോഗത്തിൽ പി.പി. അഗസ്റ്റിൻ (പ്രസിഡന്റ്), സി.യു. ജോൺ ( ഹോണററി സെക്രട്ടറി), ജോർജ് ബ്രൗൺ (വൈസ് പ്രസിഡന്റ്) എന്നിവരെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കരിസ്മാറ്റിക് മൂവ്മെന്റ്

## പന്തക്കുസ്ത ഒരുക്ക കൺവെൻഷൻ

2023 മെയ് 20-ാം തിയ്യതി തിരുവമ്പാടി സേക്രട്ട് ഹാർട്ട് ദേവാലയത്തിൽ വെച്ച് തിരുവമ്പാടി സബ്സോണിന്റെ നേതൃത്വത്തിൽ പന്തക്കുസ്താ ഒരുക്ക കൺവെൻഷൻ നടന്നു. റവ. ഫാ. ബിജു കൂനൻ വി.സി. വചന സന്ദേശം നൽകി. ധാരാളം പേർ കൂട്ടായ്മയിൽ പങ്കെടുത്തു. സബ്സോൺ സർവ്വീസ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ ഫാ. സാനു താണ്ടാപ്പറമ്പിൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകി. സബ്സോൺ കോർഡിനേറ്റർ മത്തായി അറക്കപ്പറമ്പിലിന്റെ നന്ദി പ്രകാശനത്തോടെ 4 മണിക്ക് കൂട്ടായ്മ അവസാനിച്ചു.

27-5-2023 ന് കൂരാച്ചുണ്ട് സബ്സോൺ കോർഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കലിന്റെയും സർവ്വീസ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ പന്തക്കുസ്താ ഒരുക്ക കൂട്ടായ്മ ചേവായൂർ നിത്യസഹായ മാതാപള്ളിയിൽ സബ്സോൺ കോർഡിനേറ്റർ ജോസ് വടക്കേലിന്റെ നേതൃത്വത്തിൽ നടന്നു. 45 പേർ കൂട്ടായ്മയിൽ പങ്കെടുത്തു. സോണൽ ആനിമേറ്റർ സായി പാറൻകുളങ്ങര വചന സന്ദേശം നൽകി. തുടർന്ന് ആരാധനക്കും അഭിഷേക പ്രാർത്ഥനയ്ക്കും ശേഷം ജേക്കബ് തോമസ് നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ കൂട്ടായ്മ അവസാനിച്ചു.

ജൂൺ 8ന് PMOC യിൽ സോണൽ സർവ്വീസ് അംഗങ്ങളുടെയും, സബ്സോൺ കോ-ഓർഡിനേറ്റർമാരുടെയും മിനിസ്ട്രി കോർഡിനേറ്റർമാരുടെയും സംയുക്ത മീറ്റിംഗ് നടന്നു. ആനിമേറ്റർ അച്ചൻ വചനം പങ്കുവെക്കുകയും അംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വരും നാളുകളിൽ നടക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. ഇടവകകളിൽ കരിസ്മാറ്റിക് സായാഹ്ന കൺവൻഷനുകൾ നടത്താൻ തീരുമാനിച്ചു. കുടുംബമായി പങ്കെടുക്കാനും യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേകം ശുശ്രൂഷകൾ ഒരുക്കാനും തീരുമാനമെടുത്തു. അതിനായി ഹോം മിഷൻ നടത്തി ആൾക്കാരെ ക്ഷണിക്കാനും ഇതിന്റെയെല്ലാം വിജയത്തിനായി വെള്ളിയാഴ്ചകളിൽ ഉപവാസമെടുത്ത് പ്രാർത്ഥന നടത്താനും തീരുമാനമായി.

2026ൽ നടക്കുന്ന കരിസ്മാറ്റിക് നവീകരണത്തിന്റെ ഗോൾഡൻ ജൂബിലിക്കായുള്ള 'സഹസ്രദിന ഒരുക്കം' ഉദ്ഘാടനം KCSC യുടെ നേതൃത്വത്തിൽ തൃശ്ശൂർ ജറുസലേം ധ്യാനകേന്ദ്രത്തിൽ ജൂൺ 10ന് നടന്നു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ചടങ്ങ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. കേരളത്തിലെ 24 സോണുകളിൽ നിന്നായി 1700 പേർ പ്രോഗ്രാമിൽ പങ്കെടുത്തു. കോഴിക്കോട് സോണിലെ 9 സബ്സോണുകളിൽ നിന്നും 46 പേർ പങ്കെടുത്തു.

ജൂബിലി ഒരുക്കമായി നടത്താൻ തീരുമാനിച്ച ആയിരം ദിവസ ഉപവാസ പ്രാർത്ഥന ജൂലൈ മുതൽ എല്ലാ 20-ാം തിയ്യതികളിൽ കോഴിക്കോട് സോണിലും നടത്താൻ തീരുമാനിച്ചു.

**ഫാ. തോമസ് പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1പത്രോ. 2:24).

സ്കൂൾ തുറന്നതിന്റെ സന്തോഷത്തോടെയും പുതിയ ക്ലാസ്സുകളിലേക്കും കോഴ്സുകളിലേക്കും പ്രവേശിക്കുന്നതിന്റെ സന്തോഷത്തോടെയും കുഞ്ഞുങ്ങൾ ദൈവസന്നിധിയിലേക്ക് കടന്നു വരുന്ന സമയമാണ് ജൂൺമാസം. ഓരോ പ്രഭാതത്തിലും ബഥാനിയായിൽ വന്ന് പ്രാർത്ഥിച്ച് സ്കൂളിലേക്ക് പോകുന്ന കുഞ്ഞുങ്ങൾ ആത്മ വിശ്വാസത്തിന്റെ പ്രതീകങ്ങളാണ്. വിശ്വാസത്തിന്റെ കൈത്തിരി കെടാതെ സൂക്ഷിക്കുവാൻ പുതിയ തലമുറയുണ്ട് എന്നത് ആശ്വാസകരമാണ്.

### ധ്യാനങ്ങൾ

ജൂൺമാസത്തിൽ രണ്ട് ധ്യാനങ്ങൾ ബഥാനിയായിൽ ഉണ്ടായിരുന്നു. 9 മുതൽ 12 വരേയും 23 മുതൽ 26 വരേയുമായിരുന്നു ഈ ധ്യാനങ്ങൾ. ധ്യാനത്തിൽ പങ്കെടുത്തവരിൽ പകുതിയലധികവും യുവജനങ്ങളാണ് എന്നത് ഒരു പ്രത്യേകതയാണ്. വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി തിങ്കളാഴ്ച ഉച്ചയ്ക്ക് തീരുന്നു. ബഥാനിയ ഡയറക്ടർ ബഹു.സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ് ധ്യാനങ്ങൾ നയിച്ചത്.

### ഏകദിന കൺവെൻഷൻ

ഈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. പ്രത്യേക നിയോഗങ്ങളോടെ ആദ്യ വെള്ളിയാഴ്ച ശുശ്രൂഷയിൽ പങ്കെടുക്കുവാൻ ദൂരെ ദിക്കുകളിൽ നിന്നും വരുന്ന അനേകരുണ്ട്. ഈ മാസം രണ്ടാം തിയ്യതി ആവേ മരിയ ഹാളിൽ നടന്ന ആദ്യവെള്ളിയാഴ്ച ശുശ്രൂഷയിൽ ആയിരങ്ങൾ പങ്കെടുത്തു.

രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ഏകദിന കൺവെൻഷനിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബ്ബാന, വചനസന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിംഗ് തുടങ്ങിയവ ഉണ്ടായിരുന്നു.

### സ്പിരിച്ച്വൽ ഷെയറിംഗ്

വെള്ളിയാഴ്ചകളിൽ നടക്കുന്ന സ്പിരിച്ച്വൽ ഷെയറിംഗിൽ തങ്ങൾ അനുഭവിക്കുന്ന മനോവിഷമങ്ങൾ പങ്കുവെയ്ക്കുവാനും ദൈവം നൽകുന്ന ആശ്വാസം സ്വീകരിക്കുവാനുമായി അനേകർ കടന്നുവരുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഈ ശുശ്രൂഷ നയിക്കുന്നത് പ്രത്യേക പരിശീലനം നേടിയ ബഹു. സിസ്റ്റേഴ്സും ആത്മയരുമാണ്.

### മദ്ധ്യസ്ഥ പ്രാർത്ഥന

ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടന്നു. ബഥാനിയായ്ക്കുവേണ്ടിയും കടന്നുവരുന്നവർക്കുവേണ്ടിയും സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കു വേണ്ടിയും ലോകം മുഴുവനു വേണ്ടിയും നടക്കുന്ന ഈ പ്രാർത്ഥനകൾ നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുത്ത ശുശ്രൂഷകരാണ്.

### രൂപതാ മതാദ്ധ്യാപക സംഗമം

ജൂൺമാസം 17-ാം തിയ്യതി ശനിയാഴ്ച താമരശ്ശേരി രൂപതയിലെ മതാദ്ധ്യാപകരുടെ സംഗമം ബഥാനിയൽ വെച്ച് നടന്നു. രൂപതയിലെ 1500 ഓളം മതാദ്ധ്യാപകർ പങ്കെടുത്തു. മുഖ്യപ്രഭാഷകനായ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ മതാദ്ധ്യാപകൻ ഈ കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുകയും കുട്ടികളെ വിശ്വാസ പാതയിലൂടെ നയിക്കേണ്ടത് എന്തിനെന്നും എങ്ങിനെയെന്നും വിശദീകരിക്കുകയുണ്ടായി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ബഥാനിയാ ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ദിവ്യകാരുണ്യ ആരാധന നയിച്ചു. രൂപതാ മതബോധന കേന്ദ്രം ഡയറക്ടർ ബഹു. ഫാ. രാജേഷ് പള്ളിക്കാവയലിൽ സംഗമത്തിന് നേതൃത്വം നൽകി.

### അഖണ്ഡജപമാല 2023

ജൂലൈ 19-ാം തിയ്യതി ആരംഭിക്കുന്ന ദിവ്യകാരുണ്യ ആരാധനയുടെയും അഖണ്ഡജപമാല സമർപ്പണത്തിന്റെയും ഒരുക്കങ്ങൾ പ്രാർത്ഥനയിലൂടെയും ബഥാനിയായിൽ ആരംഭിച്ചു. 101 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ഇടമുറിയാത്ത ആരാധനയുടെയും ജപമാല പ്രാർത്ഥനയുടെയും ദിനങ്ങളാണ് വരാൻ പോകുന്നത്. ലോകസമാധാനത്തിനുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയുമാണ് ഈ വർഷത്തെ അഖണ്ഡജപമാലയിൽ പ്രത്യേകമായി നിയോഗം വെച്ച് പ്രാർത്ഥിക്കുന്നത്.

അനേകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ശുശ്രൂഷയിൽ 24 മണിക്കൂറും ആരാധന, ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകീട്ട് 7 മണിക്കും ദിവ്യബലി. 12 മണിയ്ക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും, എല്ലാ ദിവസവും കുമ്പസാരത്തിനുള്ള സൗകര്യം, പകൽ സമയത്ത് സ്പിരിച്ച്വൽ ഷെയറിംഗിന് സൗകര്യം, എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയിലും നേർച്ച ഭക്ഷണം, എല്ലാ ദിവസവും പകൽ 3 മണിയ്ക്ക് കുരിശിന്റെ വഴി തുടങ്ങിയവ ക്രമീകരിച്ചിരിക്കുന്നു.

### ജൂലൈ മാസത്തിലെ ശുശ്രൂഷകൾ

03 തിങ്കൾ : ദുക്റാന തിരുനാൾ
07 ആദ്യവെള്ളി : ഏകദിന കൺവെൻഷൻ

09 ഞായർ : താമരശ്ശേരി രൂപതാ വൈദികരുടെ ധ്യാനം (9-14)

14 വെള്ളി : ഏകദിന കൺവെൻഷൻ

15 ശനി : ബഥാനിയ ശുശ്രൂഷകർക്ക് ഏകദിന ധ്യാനം

19 ബുധൻ : അഖണ്ഡജപമാല സമർപ്പണം ആരംഭം (ജൂലൈ 19 മുതൽ ഒക്ടോബർ 27 വരെ)

21 വെള്ളി : ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (21:24)

28 വെള്ളി : ഏകദിന കൺവെൻഷൻ, (അഖണ്ഡ ജപമാലസമർപ്പണം 10-ാം ദിവസം)

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ

'സജീവം' പദ്ധതിയുടെ ഭാഗമായി വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 15/ 05/2023 ഗ്രാമവികസന സമിതിയുടെ ഓഫീസിൽ വച്ച് ലഹരിയെക്കുറിച്ചു ബോധവൽകരണ സെമിനാർ നടത്തി. ലഹരിയുടെ വിപണനവും ഉപയോഗവും ദിനം തോറും വർദ്ധിച്ചു വരുന്നതായും, യുവജനങ്ങളും കുട്ടികളും വരെ ഇതിനു അടിമകളാകുന്നതുമായ കാര്യങ്ങൾ ചർച്ച ചെയ്തു. ഡ്രീം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിയോണ സിസ് വിൽസൺ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. COD സജീവം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ്. നാഥ്, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. എന്നിവർ സംസാരിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി പരിപാടികൾക്ക് നേതൃത്വം കൊടുത്തു. വിവിധ സ്വാശ്രയ സംഘങ്ങളിൽ നിന്നായി 68 പേർ പരിപാടിയിൽ പങ്കെടുത്തു.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ 17/05/2023 ന് പുതുപ്പാടി ഗവ. ഹയർ സെക്കൻണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ നടത്തി. പരിപാടിയുടെ ഉദ്ഘാടനം സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. ഡ്രീം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ അതുൽ എൻ ജോൺ, സിയോണ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.ഒ .ഡി സജീവം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ്. നാഥ്, ഏരിയ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ പരിപാ

ടിക്ക് നേതൃത്വം നല്കി. വിവിധ സംഘങ്ങളിൽ നിന്നായി 240 അംഗങ്ങൾ പങ്കെടുത്തു.

കോടഞ്ചേരി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ 26/05/2023 ന് കോടഞ്ചേരി പാരിഷ് ഹാളിൽ വച്ച് ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ നടത്തി. പരിപാടിയുടെ ഉദ്ഘാടനം കോടഞ്ചേരി ഫൊറോനാ പള്ളി വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ നിർവഹിച്ചു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ മുഖ്യ പ്രഭാഷണം നടത്തി. സി .ഒ .ഡി സജീവം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ്. നാഥ്, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. എന്നിർ സംസാരിച്ചു. ഡ്രീം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ അതുൽ ലഹരിയുടെ ഉപയോഗവും ദോഷഫലങ്ങളും എന്ന വിഷയത്തിൽ ക്ലാസ് നൽകി. ഏരിയ കോ-ഓർഡിനേറ്റർ സോളി ബെന്നി, ഗ്രാമവികസന സമിതി ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. വിവിധ സംഘങ്ങളിൽ നിന്നായി 118 അംഗങ്ങൾ പങ്കെടുത്തു.

തിരുവമ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ആനക്കാംപൊയിലിൽ വച്ച് 29/05/2023ന് ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ നടത്തി. ആനക്കാംപൊയിൽ സ്കൂളിൽ വച്ച് നടത്തിയ സെമിനാറിൽ സി.ഒ.ഡി സജീവം പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ്. നാഥ് ലഹരിയുടെ ദോഷഫലങ്ങളെക്കുറിച്ചും, ലഹരി ഉപയോഗം സമൂഹത്തിലും കുടുബത്തിലും വരുത്തുന്ന മഹാ വിപത്തുകളെക്കുറിച്ചും ക്ലാസ് എടുത്തു. COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ റെനി സാബു എന്നിവർ നേതൃ ത്വം നല്കി. 64 അംഗങ്ങൾ പങ്കെടുത്തു.

കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ കരിയാത്തുംപാറയിൽ വച്ച് 29/05/2023ന് സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവൽകരണ സെമിനാർ നടത്തി. കൂരാച്ചുണ്ട് സ്കൂളിൽ വച്ച് നടത്തിയ പരിപാടിയിൽ കൂരാച്ചുണ്ട് പഞ്ചായത്തു പ്രസിഡന്റ് ശ്രീ. പോളി കാരക്കട ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ജെസ്സി ജോൺ അധ്യക്ഷത വഹിച്ചു. കൂരാച്ചുണ്ട് CHCയിലെ JHI ജയേഷ്, ജോൺസൺ എന്നിവർ ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും ക്ലാസ് നല്കി. പരിപാടികൾക്ക് സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി.

### കോഴിയും കൂടും വിതരണം

പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ സി.ഒ.ഡി. താമരശ്ശേരിയുടെ നേതൃത്വത്തിൽ പട്ടിക ജാതി/പട്ടികവർഗ്ഗ വനിതകൾക്ക് സൗജന്യമായി നല്കുന്ന 2000 കോഴിയും 200 കൂടും പദ്ധതിയുടെ ഉദ്ഘാടനം 25/05/2023 ന് മൈലള്ളാം പാറയിൽ വച്ച് പുതുപ്പാടി പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി ബീന തങ്ക

ച്ചൻ നിർവഹിച്ചു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, മൈലള്ളാം പാറ പള്ളി വികാരി ഫാ. റോയി വള്ളിയാംതടം, സി.ഒ.ഡി സ്റ്റാഫ് അംഗങ്ങൾ ജോയ്. കെ. സി, സിദ്ധാർഥ് ത്രേസിയാമ്മ തോമസ് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

### കുടുംബ ദിനാചരണം നടത്തി

കായണ്ണ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കാറ്റുള്ള മലയിൽ വച്ച് 14/05/2023ന് കുടുംബദിനം ആചരിച്ചു. സി.ഒ.ഡി. ഏരിയ കോ- ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി. സംഘം ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി. പ്രായം ചെന്ന അംഗങ്ങളെ ആദരിച്ചു. കാറ്റുള്ളമല ദർശന മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ മാതൃദിനം ആചരിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർ ഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടിക്ക് നേതൃത്വം നല്കി. മുതിർന്ന അംഗ ങ്ങളെ ആദരിച്ചു.

### സ്കിൽ ട്രെയിനിംഗ്

ചക്കിട്ടപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ 5 വനിതകൾക്കായികുട നിർമ്മാണ പരിശീലനം നൽകി. മുതുകാട് വച്ച് നടത്തിയ പരിപാടിക്ക് റോയി വെള്ളാപ്പള്ളി നേതൃത്വം കൊടുത്തു. ഭിന്ന ശേഷിക്കാരനായ റോയിയുടെ ഭവനത്തിൽ വെച്ചായിരുന്നു പരിശീലനം നല്കിയത്. പരിശീലനത്തിൽ പങ്കെടുത്തവർ സ്വന്തമായി കുട നിർമ്മിക്കാൻ പരിശീലനം നേടി. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷീന റോബിൻ പരിപാടിക്ക് നേതൃത്വം നൽകി.

### തേങ്ങ വെന്ത വെളിച്ചെണ്ണ (വെർജിൻ കോക്കനട്ട് ഓയിൽ)

ചീരട്ടാമല ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ വെന്തവെളിച്ചെണ്ണ നിർമ്മാണ പരിശീലനം നടത്തി. പരമ്പരാഗതമായി ഉണ്ടാക്കി ഉപയോഗിച്ചു വന്നിരുന്ന വെന്ത വെളിച്ചെണ്ണ എന്ന രീതി വീണ്ടും ആരംഭിച്ചു. തേങ്ങാപ്പാലിൽ നിന്നും ശുദ്ധമായ വെളിച്ചെണ്ണ നിർമ്മിക്കുന്ന ഈ രീതി അംഗങ്ങൾ താല്പര്യപൂർവം പഠിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നല്കി.

### വിനോദയാത്ര നടത്തി

തോട്ടുമുക്കം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 14 അംഗങ്ങളെ പങ്കെടുപ്പിച്ചു വിനോദയാത്ര നടത്തി. കോഴിക്കോട് ബീച്ച്, ഫോക്കസ് മാൾ, ഗോകുലം മാൾ, മിഠായി തെരുവ് എന്നിവിടങ്ങളിലായിരുന്നു. വിനോദയാത്ര എല്ലാ അംഗങ്ങൾക്കും നല്ലൊരു സന്തോഷമായിരുന്നു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി പരിപാടിക്ക് നേതൃത്വം നല്കി.

### ജനറൽ ബോഡിയും, സ്കൂൾ കിറ്റ് വിതരണവും

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ വാർഷിക ജനറൽ ബോഡി യോഗം

നടത്തി. സി.ഒ.ഡി ഡയറക്ടർ ഫാ:ജോർജ് ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ച യോഗം പുതുപ്പാടി പഞ്ചായത്തു പ്രസിഡന്റ് ബീന തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി മുൻ കോ-ഓർഡിനേറ്റർ ശ്രീ. ജയ്മോൻ ആശംസ അർപ്പിച്ചു സംസാരിച്ചു. വാർഷിക പൊതുയോഗത്തിൽ വച്ച് വിവിധ പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ചവരെ ആദരിച്ചു . പച്ചക്കറി കൃഷിയിൽ മികവ് കാട്ടിയവർ, വനിതാ ദിനത്തോടനുബന്ധിച്ചു നടത്തിയ പാചക മത്സരത്തിൽ പങ്കെടുത്തവർ, വർഷങ്ങളായി സി.ഒ.ഡി. സംഘത്തിൽ പ്രവർത്തിച്ചു വരുന്നവർ, നേതൃനിരയിൽ ഇരുന്ന് ഉന്നതസ്ഥാനം അലങ്കരിക്കുന്നവർ, സി.ഒ.ഡി .യുടെ പഴയ കാല പ്രവർത്തകർ, സ്വയം തൊഴിൽ പദ്ധതിയിൽ വിജയം കണ്ടെത്തിയവർ തുടങ്ങി നാനാ തുറകളിൽ മികവു കിട്ടിയവരെ ആദരിക്കുകയും സമ്മാനം നല്കുകയും ചെയ്തു. തുടർന്നു വിവിധ സംഘങ്ങളിലെ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ നടന്നു. സി.ഒ.ഡി പ്രൊജെക്ട് കോ-ഓർഡിനേറ്റർ സിദ്ധാർഥ്. എസ്. നാഥ്, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ്, ജി.വി.എസ്. ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ ജനറൽ ബോഡി യോഗം നടത്തി. ഈ പരിപാടിയോടനുബന്ധിച്ചു നിർധനരായ സ്കൂൾ കുട്ടികൾക്ക് പഠന ഉപകരണങ്ങൾ വിതരണം നടത്തി. ഉദ്ഘാടനം സി.ഒ.ഡി പ്രൊജെക്ട് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ്.നാഥ് നിർവഹിച്ചു. സി.ഒ.ഡി പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ്. കെ. സി. മുഖ്യപ്രഭാഷണം നടത്തി. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി, ജി.വി.എസ്. ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി. സംഘങ്ങൾക്ക് ഗ്രാമ വികസന സമിതി നിക്ഷേപത്തിന്റെ പലിശയും വിതരണം ചെയ്തു.

തിരുവമ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ആനക്കാംപൊയിലിൽ വച്ച് വാർഷിക ജനറൽ ബോഡി യോഗം നടത്തി. പരിപാടിയടനുബന്ധിച്ചു S.S.L.C. പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കുകയും ക്യാഷ് അവാർഡ് നല്കുകയും ചെയ്തു. നിർധനരായ കുട്ടികൾക്ക് (പ്രതേകിച്ചു കാൻസർ ബാധിതരുടെ) സ്കൂൾ കിറ്റ് വിതരണവും നടത്തി. സി.ഒ.ഡി പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ്. കെ.സി, പ്രൊജെക്ട് കോ-ഓർഡിനേറ്റർ സിദ്ധാർഥ്. എസ്. നാഥ്, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ റെനി സാബു എന്നിവർ പ്രസംഗിച്ചു.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ പാവപ്പെട്ടവർക്കും, ക്യാൻസർ രോഗികളുടെ മക്കൾക്കും പഠന ഉപകരണ സഹായം നല്കി. കിറ്റ്, കുട, നോട്ടുബുക്ക്, പേന എന്നിവ അടങ്ങിയ കിറ്റ് ആണ് നൽകിയത് ജന പങ്കാളിത്തത്തോടെ നടത്തിയ ഈ പരിപാടിക്ക് സംഘാംഗങ്ങൾ പൂർണ്ണ പിന്തുണ നല്കി. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ് നേതൃത്വം നല്കി.

### M.C.C വാർഷികം ആഘോഷിച്ചു

പാറമല MCC യുടെ വാർഷിക ആഘോഷം കണ്ണോത്തു വായന ശാലയിൽ വച്ച് 10.05.2023 ന് നടത്തി. സംഘം അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ സോളിബെന്നി നേതൃത്വം നല്കി.

### സജീവം പദ്ധതി പരിശീലന പരിപാടി

COD താമരശ്ശേരിയുടെ നേതൃത്വത്തിൽ സജീവം ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി SHG ഗ്രൂപ്പുകളിലേക്ക് ട്രെയിനിങ് നൽകാനായി പുതിയ പരിശീലകരെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ training for trainers എന്ന പരിശീലന പരിപാടി നടത്തി. ഈ പരിശീലന പരിപാടി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് മയക്കുമരുന്നുകളുടെ ഉപയോ ഗത്തെക്കുറിച്ചും മയക്കുമരുന്നിനെ പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ചുമുള്ള അവബോധം സാധാരണ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിലായിരുന്നു. സജീവം പ്രോജക്ട് കോർഡിനേറ്റർ ശ്രീ.സിദ്ധാർത്ഥ് എസ്. നാഥ് സ്വാഗതം പറഞ്ഞ പരിപാടിയിൽ സി.ഒ.ഡി. താമരശ്ശേരിഡയറക്ടർ ഫാ. ജോർജ്ജ് ചെമ്പരത്തിങ്കൽ അധ്യക്ഷത വഹിക്കുകയും താമരശ്ശേരി കത്തീഡ്രൽ പള്ളി വികാരി ഫാ. മാത്യു പുളിമൂട്ടിൽ പരിപാടി ഉദ്ഘാടനവും ടാസ്ക് ഫോഴ്സിന്റെ ഉദ്ഘാടനവും ചെയ്തു . കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് പ്രോഗ്രാം അസോസിയേറ്റായ ശ്രീ. അബീഷ് ആന്റണി, സജീവം സംസ്ഥാന കോ-ഓർഡിനേറ്റർ ശ്രീ. ആൽബിൻ ജോസ് എന്നിവർ ആശംസ അറിയിച്ചു. ആദ്യ ഭാഗം കൈകാര്യം ചെയ്തത് ഡ്രീമിന്റെ കൗൺസിലറായ ശ്രീമതി സിയോണ സിസ് വിൽസൺ ആയിരുന്നു. തുടർന്ന് ശ്രീ. അബീഷ് ആന്റണി സജീവം പദ്ധതിയുടെ വരാനിരിക്കുന്ന പരിശീലകർക്കുള്ള ഫലപ്രദമായ പരിശീലനം എങ്ങനെയൊക്കെ ആയിരിക്കണം എന്നതിനെക്കുറിച്ചുള്ള ഒരു സെഷൻ നൽകി. മൂന്നാമത്തെ സെഷൻ ശ്രീ. സിദ്ധാർത്ഥ് എസ്. നാഥ് മയക്കുമരുന്ന്, സിന്തറ്റിക് മരുന്നുകൾ, രോഗബാധിത പ്രദേശങ്ങൾ എന്നിവയുടെ സമീപകാല പ്രവണതകളെകുറിച്ച് സംസാരിച്ചു. സി.ഒ.ഡി.യുടെ ഏരിയാ കോ-ഓർഡിനേറ്റർ ശ്രീമതി ഷീന റോബിൻ നന്ദി പറഞ്ഞു.

### സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനത്തിന്റെ ഭാഗമായി വടകര എം.ഇ .എസ് കോളേജ്, മാർ എലിയാസ് കോളേജ് കോട്ടപ്പള്ളി, ഹോളി ക്രോസ്സ് കോളേജ് കോഴിക്കോട്, ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിൽ നിന്ന് എം.എസ്.ഡബ്ല്യൂ/ ബി. എസ്. ഡബ്ല്യൂ കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നേടി. പരിശീലനത്തിന്റെ ഭാഗമായി ജല ജീവൻ പദ്ധതി, സജീവം ലഹരി വിരുദ്ധ പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട വർക്കുകൾ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാരുമായി സഹകരിച്ചു ഓഫിസിലും ഫീൽഡിലുമായി പരിശീലനം നേടി. ഗ്രാമ വികസന സമിതികൾ, എം.സി.സി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർ

ശിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ പരിപാടികളിൽ പങ്കെടുത്തു. ആവശ്യമായ വിഷയങ്ങളെക്കുറിച്ചു ക്ലാസ്സുകൾ നല്കുകയും ചെയ്തു.

### ജല ജീവൻ പദ്ധതി ചുവരെഴുത്തുകൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തു ജല ജീവൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ സഹായ സംഘടനയായ സി.ഒ.ഡി യുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിങ്ങനെയുള്ള വിവിധ സ്ഥലങ്ങളിൽ ചുവരെഴുത്തുകൾ പൂർത്തീകരിച്ചു. ജല ജീവൻ പദ്ധതിയുടെ ആശയങ്ങൾ ലളിതമായി ദ്രുതഗതിയിൽ വ്യക്തികളിലേക്ക് എത്തുവാൻ സഹായമാവും വിധമാണ് ജനതിരക്കുള്ള സ്ഥലങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇടങ്ങളിലുമാണ് ചുവരെഴുത്തുകൾ പൂർത്തീകരിച്ചത്. പഞ്ചായത്തു നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലാണ് ചുവരെഴുത്തുകൾ ചെയ്തത്. അംഗൻവാടികൾ, സാംസ്കാരിക നിലയങ്ങൾ ബസ് വെയ്റ്റിംഗ് ഷെഡ്ഡുകൾ സ്കൂൾ ചുറ്റുമതിലുകൾ പൊതു ലൈബ്രറി എന്നിവിടങ്ങൾ പഞ്ചായത്തിലെ 10 അംഗൻവാടികളിൽ 3500 ചതുരശ്ര അടിയും, 2500 ചതുരശ്ര അടി വീതംപൊതുസ്ഥലങ്ങളിലും, ടാപ് വാട്ടർ പ്രൊമോഷന്റെ ഭാഗമായുള്ള 900 ചതുരശ്ര അടി 12 സ്ഥലങ്ങളിൽ ആയും പൂർത്തീകരിച്ചു.

### ജല ഗുണനിലവാര പരിശോധന ക്യാമ്പ്

താമരശ്ശേരി പഞ്ചായത്ത് ജല ജീവൻ പദ്ധതിയുടെ ഭാഗമായി ജല ഗുണനിലവാര പരിശോധന ക്യാമ്പ് GMUP സ്കൂൾ പരപ്പൻപൊയിൽ വച്ച് നടത്തപ്പെട്ടു. പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാൻ നിർവഹിച്ചു വാട്ടർ അതോറിറ്റി ജീവനക്കാരൻ വിനോദ് പരിശീലനത്തിന് നേതൃത്വം നല്കി. വെള്ളം കൊണ്ടുവരുന്നവർ പരിശീലനത്തിനു പങ്കെടുക്കണം. ജല ജീവൻ ടീം ലീഡർ അഷികതസ്നീം, ഷാദിയ, ജ്യോതിസ്. ക്രിസ്റ്റീന എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2023 മെയ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യ ങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Chakkittappara | 8,000.00 |
| 2 | Chamal | 15,000.00 |
| 3 | Kakkayam | 8,000.00 |
| 4 | Kakkayam | 15,000.00 |
| 5 | Kariyathumpara | 8,000.00 |
| 6 | Kattullamala | 10,000.00 |
| 7 | Koorachundu | 10,000.00 |
| 8 | Koorachundu | 8,000.00 |
| 9 | Koorachundu | 8,000.00 |
| 10 | Padathukadave | 15,000.00 |
| 11 | Panamplave | 15,000.00 |
| 12 | Perambra | 8,000.00 |
| 13 | Thekkumkutty | 10,000.00 |
| 14 | Thekkumkutty | 8,000.00 |
| 15 | Venappara | 8,000.00 |
| **Home** | | |
| 16 | Anackampoil | 10,000.00 |
| 17 | Kakkayam | 10,000.00 |
| 18 | Kakkayam | 10,000.00 |
| 19 | Koodathai | 10,000.00 |
| 20 | Koorachundu | 10,000.00 |
| 21 | Kuliramutty | 10,000.00 |
| 22 | Manjakadave | 10,000.00 |
| 23 | Nooramthode | 10,000.00 |
| 24 | Payyanad | 10,000.00 |
| 25 | Thekkumkutty | 8,000.00 |
| 26 | Thiruvambady | 10,000.00 |
| 27 | Valillapuzha | 10,000.00 |
| 28 | Venappara | 10,000.00 |
| 29 | Vilakkamthode | 12,000.00 |
| **Marriage** | | |
| 30 | Anackampoil | 15,000.00 |
| 31 | Koorachundu | 15,000.00 |
| 32 | Manjuvayal | 15,000.00 |
| 33 | Pathippara | 15,000.00 |
| 34 | Pathirikode | 15,000.00 |
| 35 | Valillapuzha | 15,000.00 |
| **Medical** | | |
| 36 | Ashokapuram | 10,000.00 |
| 37 | Balussery | 10,000.00 |
| 38 | Chakkittappara | 15,000.00 |
| 39 | Chembukadave | 10,000.00 |
| 40 | Chempanoda | 10,000.00 |
| 41 | Chempanoda | 10,000.00 |
| 42 | Engapuzha | 10,000.00 |
| 43 | Koomully | 15,000.00 |
| 44 | Koorachundu | 10,000.00 |
| 45 | Koorachundu | 10,000.00 |
| 46 | Kundayithode | 15,000.00 |
| 47 | Manjuvayal | 5,000.00 |
| 48 | Manjuvayal | 10,000.00 |
| 49 | Manjuvayal | 8,000.00 |
| 50 | Muthappanpuzha | 15,000.00 |
| 51 | Narinada | 15,000.00 |
| 52 | Nooramthode | 15,000.00 |
| 53 | Payyanad | 10,000.00 |
| 54 | Perinthalmanna | 8,000.00 |
| 55 | Thamarassery | 15,000.00 |
| 56 | Thazhekode | 10,000.00 |
| 57 | Thiruvambady | 10,000.00 |
| 58 | Thiruvambady | 15,000.00 |
| 59 | Thottumukkam | 15,000.00 |
| 60 | Thottumukkam | 15,000.00 |
| | **Total** | **675,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## മെയ്

29 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ഞുവയൽ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

30 ഓസ്ട്രേലിയായിലെ മെൽബണിലേക്ക്, മാർ ജോൺ പനന്തോട്ടത്തിലിന്റെ സ്ഥാനാരോഹണ കർമ്മങ്ങളിൽ പങ്കെടുക്കുന്നതിനായി യാത്ര തിരിച്ചു.

31 ഓസ്ട്രേലിയായിലെ മെൽബൺ സീറോ മലബാർ രൂപതയുടെ ബിഷപ്പ് മാർ ജോൺ പനന്തോട്ടത്തിലിന്റെ സ്ഥാനാരോഹണ കർമ്മങ്ങളിൽ, സീറോ മലബാർ സഭയുടെ കർദ്ദിനാൾ അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷകളിൽ സഹകാർമ്മികനായി.

## ജൂൺ

01 – 16 ഓസ്ട്രേലിയായിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപതയിലെ വൈദികരെ സന്ദർശിച്ചു.

17 രാവിലെ, താമരശ്ശേരി രൂപതാ മൈനർ സെമിനാരിയിൽ പുതിയ അധ്യായന വർഷത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി രൂപതാ മൈനർ സെമിനാരിയിൽ പുതിയ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി അൽഫോൻസ സ്കൂളിൽ പഠിച്ച, നീറ്റ് പരീക്ഷയിൽ കേരളത്തിൽ നിന്നും ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആര്യ ആർ.എസ്. നെ ആദരിക്കുന്ന ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

താമരശ്ശേരി വിമലമാതാ പ്രവിശ്യാഭവനത്തിൽ പരി. അമ്മയുടെ വിമലഹൃദയ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന താമരശ്ശേരി രൂപതയിലെ മതാദ്ധ്യാപക സംഗമം 'എമ്മാവൂസ് മീറ്റി'ൽ ആദ്ധ്യക്ഷം വഹിച്ചു.

18 കക്കയം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

21 രാവിലെ, രൂപതാഭവനിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

വൈകുന്നേരം, രൂപതാഭവനിൽ വെച്ച് പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ചുള്ള '26.4.2023 സുപ്രീം കോടതി ബഫർ സോൺ വിധിയും കേരള പശ്ചിമഘട്ടത്തിലെ ജനങ്ങളും' എന്ന പുസ്തകം പ്രകാശനം ചെയ്തു.

രൂപതാഭവനിൽ നടന്ന രൂപത സാമ്പത്തികകാര്യ സമിതി കമ്മറ്റിയിൽ സംബന്ധിച്ചു.

22 രാവിലെ, കോടഞ്ചേരി മിണ്ടാമഠത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രൂപത ഭവനിൽ നടന്ന രൂപത ഉപദേശക സമിതി യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, രൂപതാഭവനിലെ വൈദികരോടും മറ്റ് അംഗങ്ങളോടുമൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.

23 രാവിലെ, കുന്ദമംഗലം ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന വൈദികമന്ദിരത്തിനും ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിനും തറക്കല്ലിട്ടു.

നെല്ലിപ്പൊയിൽ സെന്റ് ജോൺസ് ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് ആധ്യക്ഷം വഹിക്കുകയും ചെയ്തു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

24 രാവിലെ, താമരശ്ശേരി സി.എം.സി. ചാവറ ഹോസ്പിറ്റൽ സന്യാസ സമൂഹ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രാവിലെ, രൂപതാഭവനിൽ നടന്ന താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

പി.എം.ഒ.സി.യിൽ നടന്ന താമരശ്ശേരി രൂപത കുടുംബകൂട്ടായ്മ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

പി.എം.ഒ.സി. യിൽ വെച്ച് താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയുടെ ഓൺലൈൻ ന്യൂസ് പോർട്ടൽ 'മലബാർ വിഷൻ ന്യൂസ്' പ്രകാശനം ചെയ്തു. തുടർന്ന് രൂപത കമ്മ്യൂണിക്കേഷൻ മീഡിയ ടീമുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചക്ക് കോഴിക്കോട്, ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെന്ന് ബഹു. മാത്യു പ്ലാത്തോട്ടത്തിൽ അച്ചന് രോഗിലേപനം നൽകി.

ഉച്ചകഴിഞ്ഞ്, ചെമ്പുകടവ് ഇടവകയിൽ അജപാലന സന്ദർശനത്തിന്റെ ഭാഗമായി രോഗി സന്ദർശനം നടത്തി.

25 രാവിലെ, ചെമ്പുകടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

26 രാവിലെ, ചേവായൂർ പ്രസന്റേഷൻ സ്കൂളിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

തിരുവമ്പാടി സേക്രഡ് ഹാർട്ട് സ്കൂളിൽ നടന്ന താമരശ്ശേരി രൂപത ലഹരിവിരുദ്ധ സംഘടനയുടെ പ്രവർത്തന വർഷ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പുതുപ്പാടി സെന്റ് ഫിലിപ്പ് നേരി സന്യാസിനീ സമൂഹത്തിന്റെ ജനറലേറ്റിൽ സന്യാസിനികൾക്കായി ക്ലാസെടുത്തു.

27 രാവിലെ, താമരശ്ശേരി രൂപതാ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

വൈകുന്നേരം, കോടഞ്ചേരിയിൽ നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ 'പവർസെൽ' പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ക്ലാസെടുക്കുകയും ചെയ്തു.





# THE PASSION FOR EVANGELIZATION/ THE APOSTOLIC ZEAL OF THE BELIEVER



Dear brothers and sisters,

In this series of catechesis that we are undertaking, we place ourselves in the school of some of the saints who, as exemplary witnesses, teach us apostolic zeal. Let's recall that we are talking about apostolic zeal, which is what we must have in order to proclaim the Gospel.

Indeed, being a disciple of the Lord means following Him, following His path. And the Christian is by nature one who preaches and bears witness to Jesus. Every Christian community receives this identity from the Holy Spirit, and so does the whole Church, since the day of Pentecost (cf. Conc. Vat. II, Decr. Ad gentes, 2). It is from this Spirit that we receive the passion, the passion for evangelization, this great apostolic zeal; it is a gift of the Spirit Who gives. And even if the surrounding context is not favorable it does not change; on the contrary, it becomes even more valuable. Witnessing to the Gospel in times of persecution can bear much fruit for the faith.

No matter how difficult the situation may be and indeed, at times it may seem to leave no room for the Gospel message we must not give up and we must not forsake pursuing what is essential in our Christian life: namely, evangelization.

This is the path. And each of us can think to themselves: "But what about me, how can I evangelize?" But you look at these great ones and you consider your smallness, we consider our littleness: evangelizing the family, evangelizing friends, talking about Jesus but talking about Jesus and evangelizing with a heart full of joy, full of strength. And this is given by the Holy Spirit. Let us prepare to receive the Holy Spirit this coming Pentecost, and ask Him for that grace, the grace of apostolic courage, the grace to evangelize, to always carry the message of Jesus forward. Thank you.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-06-2023 |




വി. അൽഫോൻസാമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 07, July 2023, Pages 88.